# കേരള സർക്കാർ

പുതുക്കിയ ബജറ്റ് 2006–2007

# ബജറ്റ് പ്രസംഗം

ഡോ.തോമസ് ഐസക്

ധനകാര്യ മന്ത്രി

23 ജൂൺ 2006

# ഉള്ളടക്കം


| | |
|---|---|
| ഭാഗം - 1 | പേജ് നമ്പർ |
| സാമ്പത്തിക പ്രതിസന്ധിയും ട്രഷറി മിച്ചവും | 4 |
| വെട്ടിക്കുറച്ച വായ്പാ പരിധി | 11 |
| കർശനമായ സാമ്പത്തിക അച്ചടക്കം | 13 |
| റവന്യൂ വരുമാനം ഗണ്യമായി ഉയർത്തുക | 15 |
| ഭാഗം-2 | |
| കാർഷികമേഖല | 20 |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 27 |
| മത്സ്യമേഖല | 27 |
| പരമ്പരാഗത വ്യവസായങ്ങൾ | 28 |
| പുതിയ വളർച്ചാ മേഖലകൾ | 31 |
| പൊതുമേഖല | 33 |
| വൈദ്യുതി | 36 |
| ഗതാഗതം | 37 |
| നഗരവികസനം | 39 |
| ജലസേചനവും കുടിവെള്ളവും | 41 |
| ഭക്ഷ്യം | 41 |
| ഭവനനിർമ്മാണം | 42 |
| ക്ഷേമനിധികൾ | 43 |
| ആരോഗ്യ മേഖല | 44 |
| വിദ്യാഭ്യാസം | 46 |
| സാംസ്കാരികം | 48 |
| സ്പോർട്ട്സ് | 49 |
| തദ്ദേശ സ്വയംഭരണം | 50 |
| പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 55 |
| വനിതാക്ഷേമം | 57 |
| വനം - പരിസ്ഥിതി | 59 |
| റവന്യൂ | 60 |
| പിന്നോക്കപ്രദേശം - പ്രത്യേക പദ്ധതികൾ | 61 |
| സഹകരണം | 62 |
| പ്രവാസികൾ | 63 |
| പോലീസ്, ജയിൽ, ഫയർ ഫോഴ്സ് | 63 |
| ഭരണപരിഷ്ക്കാരം | 64 |
| ഭാഗം - 3 | |
| നികുതിദായകരുടെ പങ്കാളിത്തം | 67 |
| പഴുതുകൾ അടയ്ക്കൽ | 72 |
| കരുതൽ നടപടികൾ | 73 |
| വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ | 76 |
| നികുതി നിരക്കിൽ വ്യതിയാനം | 78 |
| ആഡംബര നികുതികൾ | 81 |
| നികുതിയേതര വരുമാനം | 84 |
| ലളിതമായ നടപടിക്രമങ്ങൾ | 85 |
| പ്രോത്സാഹനങ്ങളും ഇളവുകളും | 87 |
| ഭാഗം - 4 | |
| സംഗ്രഹം | 90 |
| ഉപസംഹാരം | 91 |

സർ,

2006-07 ലെ പുതുക്കിയ ബജറ്റ് ഞാൻ അവതരിപ്പിക്കുകയാണ്.

2. എന്റെ കന്നി ബജറ്റ് നമ്മുടെ സംസ്ഥാന സർക്കാരിന്റെ പരിതാപകരമായ സാമ്പത്തിക നിലയെക്കുറിച്ചുള്ള വിവരണത്തോടെ ആരംഭിക്കേണ്ടി വന്നതിൽ ഖേദമുണ്ട്. പക്ഷെ സത്യം തുറന്നു പറയാതിരിക്കാനാവില്ലല്ലോ. സാമ്പത്തിക പ്രതിസന്ധി യു.ഡി.എഫ് ഭരണത്തോടെ ഗുരുതരമായിരിക്കുകയാണ്.

3. ധനകാര്യ വർഷത്തിന്റെ 3 മാസം പിന്നിട്ടപ്പോൾ തന്നെ 2006-07 ലെ ബജറ്റ് എത്തിച്ചേർന്നിരിക്കുന്ന പതനം ഇതിന്റെ പ്രത്യക്ഷ തെളിവാണ്. അന്ന് ഈ നിയമസഭയിൽ, ബജറ്റ് അവതരണ വേളയിലും വോട്ട് ഓൺ അക്കൗണ്ട് ചർച്ചയിലും പ്രതിപക്ഷം ഉയർത്തിയ ആശങ്കകൾ യാഥാർത്ഥ്യമാണെന്ന് തെളിഞ്ഞിരിക്കുകയാണ്. കടമെടുക്കാൻ അനുവദനീയമായ തുകയും മറ്റും പെരുപ്പിച്ചു കാട്ടിയും ചെലവുകൾ തമസ്ക്കരിച്ചുമാണ് ബജറ്റു സമവാക്യം കണ്ടെത്താനായത്. പരിഷ്ക്കരിച്ച ശമ്പളവും മറ്റും കൊടുക്കാൻ തുടങ്ങി ഒരു മാസമായപ്പോൾ തന്നെ ട്രഷറി കടുത്ത സമ്മർദ്ദത്തിലായിരിക്കുകയാണ്. ഇനി മുൻ കുടിശ്ശികകൾക്കും പ്രഖ്യാപിത വികസന പ്രവർത്തനങ്ങൾക്കും പണം ചെലവഴിച്ചു തുടങ്ങുന്നതോടെ കൊട്ടി ഘോഷിച്ച ട്രഷറി മിച്ചം കമ്മിയായി മാറും. മൂന്നു മാസം മുമ്പ് യു.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബജറ്റ് സമവാക്യങ്ങളിലെ അപാകതകൾ നീക്കിയില്ലെങ്കിൽ സമ്പൂർണ്ണമായ ധനകാര്യ സ്തംഭനത്തിലേക്കായിരിക്കും സംസ്ഥാനം എത്തിച്ചേരുക. അതുകൊണ്ട് സർ, ചില തിരുത്തലുകൾ കൂടിയേ തീരൂ.

4. ബജറ്റിൽ ചെറിയ തിരുത്തലുകളല്ല സമൂലമായ ഒരഴിച്ചു പണിയാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് എന്നെനിക്കറിയാം. അതാണ് നിയമസഭാ തെരഞ്ഞെടുപ്പിലെ ജനവിധിയിൽ തെളിയുന്നത്. എന്നാൽ അത്തരമൊരഴിച്ചുപണി ഈ സന്ദർഭത്തിൽ പല കാരണങ്ങൾ കൊണ്ടും കഴിയുകയില്ല.

5. ഇപ്പോൾതന്നെ ധനകാര്യ വർഷത്തിന്റെ മൂന്നു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ബജറ്റ് പ്രക്രിയ പൂർത്തിയാകണമെങ്കിൽ ഇനിയും രണ്ടു മാസം വേണ്ടി വരും. പൂർണ്ണമായ രീതിയിൽ സർക്കാർ ചെലവുകൾ നടത്തുവാൻ ബജറ്റ് പ്രക്രിയ പൂർത്തിയാകണം. അതുവരെ വോട്ട് ഓൺ അക്കൗണ്ട് അടിസ്ഥാനത്തിലാവും സർക്കാർ ചെലവുകൾ നിർവ്വഹിക്കുക. ഈ സന്ദർഭത്തിൽ സമൂലമായ പൊളിച്ചെഴുത്ത് കൂടുതൽ കാലതാമസവും നിർവ്വഹണ തടസ്സവും സൃഷ്ടിക്കും എന്നു ഞാൻ ഭയപ്പെടുകയാണ്.

6. സംസ്ഥാന സർക്കാർ നേരിടുന്ന രൂക്ഷമായ ധനകാര്യ പ്രതിസന്ധിയാണ് നിലവിലുള്ള ബജറ്റ് സമഗ്രമായി പൊളിച്ചെഴുതുന്നതിന് മറ്റൊരു സുപ്രധാന പ്രതിബന്ധം. അനിവാര്യമായതും എന്നാൽ കഴിഞ്ഞ ബജറ്റിൽ വക കൊള്ളിയ്ക്കാത്തതുമായ അധിക ചെലവ് ഇപ്പോൾ തന്നെ 2000 കോടി രൂപയോളം വരും. ഇത് പദ്ധതിയെ വളരെ സമ്മർദ്ദത്തിൽ ആക്കിയിരിക്കുകയാണ്. 6450 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ, കേന്ദ്ര ആസൂത്രണ കമ്മീഷൻ 6210 കോടി രൂപയുടെ വാർഷിക പദ്ധതിക്കേ അംഗീകാരം നൽകിയിട്ടുള്ളു. അങ്ങനെ ഇപ്പോൾ തന്നെ കേന്ദ്ര ആസൂത്രണ കമ്മീഷൻ പറഞ്ഞ പരിധിയെക്കാൾ വീർത്തിട്ടുള്ള വാർഷിക പദ്ധതിയുടെ അടങ്കൽ കാര്യമായി ഇനിയും വർദ്ധിപ്പിക്കാനാകില്ല. ഇത് പുതിയ വികസന പ്രോജക്ടുകൾ പ്രഖ്യാപിക്കുന്നത് വളരെ പ്രയാസമാക്കി യിരിക്കുകയാണ്. ഇതിനെല്ലാറ്റിനുമുപരി സംസ്ഥാനത്തിനുള്ള വായ്പകൾ വെട്ടിച്ചുരുക്കുന്നതിന് കേന്ദ്ര ധനമന്ത്രാലയം എടുത്തിട്ടുള്ള തീരുമാനം വലിയ അനിശ്ചിതാവസ്ഥ പദ്ധതി നടത്തിപ്പിൽ സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു.

7. മൂന്നു മാസം മുൻപ് സഭയിലവതരിപ്പിച്ച ബജറ്റിനെ പ്രതിപക്ഷത്തായിരുന്ന ഞങ്ങൾ നഖശിഖാന്തം എതിർത്തിരുന്നു എന്നു പറഞ്ഞുവല്ലോ. കാർഷിക പരമ്പരാഗത മേഖലകളെ അവഗണിക്കുന്ന

സമീപനമാണ് ബജറ്റിൻേറതെന്ന് ഞങ്ങൾ വിമർശിച്ചു. എന്നാൽ ആ ബജറ്റ് ആകെ പൊളിച്ചെഴുതുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ കഴിയില്ല എന്നു പറഞ്ഞുവല്ലോ. അതുകൊണ്ടാണ് ഇപ്പോൾ ഒരു പുതുക്കിയ ബജറ്റു കൊണ്ട് തൃപ്തി അടയേണ്ടി വരുന്നത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയ സമീപനത്തിൻെറ വ്യക്തമായ ദിശാബോധം ഈ തിരുത്തലിലൂടെ നൽകുവാൻ ശ്രമിച്ചിട്ടുണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സംസ്ഥാനത്തിൻെറ ധനകാര്യ നയത്തിലും വികസന തന്ത്രത്തിലും വരുത്തുവാൻ പോകുന്ന സമഗ്രമായ അഴിച്ചു പണി പൂർണ്ണമായും വ്യക്തമാകുന്നതിന് അടുത്ത വർഷത്തെ സമ്പൂർണ്ണ ബജറ്റു വരെയും പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ കരടു രേഖ തയ്യാറാകുന്നതു വരെയും സാവകാശം കൂടിയേ തീരൂ. അപ്പോഴേക്കും ഇന്നത്തെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥ ഒരു പരിധി വരെ പരിഹരിക്കുന്നതിനും കഴിയും.

8. സർ, വ്യക്തമായ ഒരു ദിശാബോധം സർക്കാരിൻെറ ധനനയത്തിന് നൽകുന്നതിന് ഈ പുതുക്കിയ ബജറ്റിലൂടെ ഞാൻ ശ്രമിക്കുകയാണ്. നിത്യനിദാന ചെലവുകൾക്കുപോലും വായ്പയെ ആശ്രയിക്കേണ്ടിവരുന്ന ഇന്നത്തെ സ്ഥിതിയിൽ ഒരു മാറ്റം വരുത്തിയേ തീരൂ. അഥവാ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനോ കർശനമായി ചുരുക്കിക്കൊണ്ടു വരുന്നതിനോ നമുക്കു കഴിയണം. പക്ഷെ ഇതിനുള്ള മാർഗ്ഗം യു.ഡി.എഫ് സർക്കാർ ചെയ്യാൻ ശ്രമിച്ച് പരാജയപ്പെട്ടതുപോലെ ജീവനക്കാരുടെ ആനുകൂല്യങ്ങളും പാവപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങളും ഇല്ലാതാവും വിധം ചെലവുകളെ മൊത്തത്തിൽ ഞെരുക്കുകയല്ല. അതുകൊണ്ടാണ് ശമ്പളപരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് എന്തു സാമ്പത്തിക പ്രയാസമുണ്ടെങ്കിലും പൂർണ്ണമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രകടനപത്രികയിൽ പറഞ്ഞതു പോലെ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിദ്യാഭ്യാസ–ആരോഗ്യാദി ക്ഷേമ മേഖലകളുടെ സംരക്ഷണത്തിന് ആവശ്യമായ കൂടുതൽ പണം കണ്ടെത്തുക തന്നെ ചെയ്യും. അതുകൊണ്ട് ഞങ്ങൾ ലക്ഷ്യമിടുന്നത് ചെലവുകൾ

വെട്ടിച്ചുരുക്കാനല്ല. മറിച്ച്, കഴിഞ്ഞ പത്തു വർഷക്കാലമുണ്ടായ ശരാശരി വളർച്ചാ നിരക്കിൽ അതിനെ പരിമിതപ്പെടുത്തുന്നതിനു മാത്രമായിരിക്കും. കഴിഞ്ഞ പത്തു വർഷക്കാലത്തെ ശരാശരി എടുത്താൽ സംസ്ഥാനത്തിന്റെ പദ്ധതിയേതര റവന്യൂ ചെലവ് മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 16.9 ശതമാനം വരും. നടപ്പുവർഷത്തിലത് 19.5 ശതമാനമായി കുത്തനെ ഉയരും എന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ രണ്ടോ മൂന്നോ വർഷം കൊണ്ട് ശമ്പള ചെലവിനും കുടിശ്ശികകൾ തീർക്കുന്നതിനുമുള്ള അധികച്ചെലവിന്റെ പ്രത്യാഘാതം സാധാരണ നിലയിലേയ്ക്ക് മടങ്ങുമ്പോൾ സംസ്ഥാന റവന്യൂ ചെലവും - മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനവുമായുള്ള തോത് 2010 ആകുമ്പോഴേക്കും വീണ്ടും 17 ശതമാനത്തിൽ താഴെയാകും എന്നു പ്രതീക്ഷിക്കുകയാണ്.

## സാമ്പത്തിക പ്രതിസന്ധിയും ട്രഷറി മിച്ചവും

9. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുള്ള പ്രസ്താവനകളെ രണ്ടു തരത്തിലാണ് വിമർശകർ സമീപിച്ചിട്ടുള്ളത്. ഒന്നാമത്തേത് ബഹു. പ്രതിപക്ഷ നേതാവ് സ്വീകരിച്ച സമീപനമാണ്. വലിയൊരു ട്രഷറി മിച്ചത്തോടെ കേരളത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കിയെന്നും, ഭരണത്തിലേറി ഏതാനും ദിവസങ്ങൾ കൊണ്ട് ഞങ്ങൾ അതു തകർത്തു എന്നും ആരോപിക്കുന്നത് പരിഹാസ്യമായിരിക്കുമല്ലോ? അതുകൊണ്ട് അദ്ദേഹത്തിന്റെ ആരോപണം ശമ്പളകുടിശ്ശിക നൽകാതിരിക്കാനുള്ള ഉപായമാണ്, പ്രതിസന്ധി സംബന്ധിച്ചുള്ള പ്രസ്താവനകളെന്നാണ്. ചുരുക്കത്തിൽ ഗൗരവമായ യാതൊരു സാമ്പത്തിക പ്രതിസന്ധിയും കേരളത്തിലില്ല എന്നാണ് മുൻ ധനകാര്യ മന്ത്രിയടക്കമുള്ള പ്രതിപക്ഷത്തിന്റെ നിലപാട്.

10. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയുടെ സൂചികയായി ദൈനം ദിന ട്രഷറി ബാലൻസിനെ ആശ്രയിക്കേണ്ടുന്ന ഗതികേടിലാണ് മേൽപ്പറഞ്ഞവർ എത്തിച്ചേർന്നിരിക്കുന്നത്. ട്രഷറി ബാലൻസ് മിച്ചമാകുന്നതാണ് മികച്ച ധനകാര്യ മാനേജ്മെന്റ് എന്നത് പൊള്ളയായ ഒരു വാദമാണ്. ഭീമമായ തോതിൽ കടം വാങ്ങിച്ച് കൊണ്ടിരിക്കുന്ന

സംസ്ഥാനം ഉയർന്ന പലിശയ്ക്കു വാങ്ങുന്ന വായ്പയിൽ ഒരു ഭാഗം ചെലവാക്കാതെ സ്ഥിരമായി ട്രഷറിയിൽ സൂക്ഷിച്ചാണ് മിച്ചമുണ്ടാക്കുന്നത്. ഇതിൽ പരം അബദ്ധം വേറെയുണ്ടോ. അതിലുപരി. പദ്ധതിയടങ്കൽ വെട്ടിക്കുറച്ചും ക്ഷേമചെലവുകളിൽ കുടിശ്ശിക വരുത്തിയും മറ്റുമാണ് ട്രഷറിയിൽ പണം മിച്ചം വരുത്തുന്നത്. ഇത്തരമൊരു ജനവിരുദ്ധ നയമാണ് യു.ഡി.എഫ് പിൻതുടർന്നത്. ഈ സമീപനം സംസ്ഥാനങ്ങളെക്കൊണ്ട് സ്വീകരിപ്പിക്കുവാൻ ആണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

11. സമീപകാലത്തായി ട്രഷറിയിൽ മിച്ചം എന്ന പ്രതിഭാസം ഇന്ത്യയിലെ ഒട്ടുമിക്കവാറും സംസ്ഥാനങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളെല്ലാം തൃപ്തിപ്പെടുത്തു കൊണ്ട് പണം ചെലവഴിക്കാനാകാതെ ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾ വിഷമിക്കുകയാണെന്ന് ആരും പറയുകയില്ലല്ലോ. എല്ലാ സംസ്ഥാന സർക്കാരുകളും ഇന്ന് 8–9 ശതമാനത്തിന് വായ്പ എടുത്തുകൊണ്ടിരിക്കുകയാണെന്നതും പ്രസ്താവ്യമാണ്. എന്നാൽ റിസർവ്വ് ബാങ്കിന്റെ കണക്കു പ്രകാരം കഴിഞ്ഞ ധനകാര്യ വർഷാവസാനം (31 മാർച്ച് 2006) 31,744 കോടി രൂപയാണ് ഇത്തരത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം മിച്ചം. ഈ പണം കേന്ദ്രസർക്കാരിന്റെ ട്രഷറി ബില്ലുകളിലാണ് സംസ്ഥാന സർക്കാർ നിക്ഷേപിക്കുക. 5.0 ശതമാനമാണ് അതിനു പലിശ. അങ്ങനെ കേന്ദ്രത്തിന് ചുരുങ്ങിയ പലിശയ്ക്ക് ഇത്രയും ഭീമമായ തുക കൈവശത്താക്കാൻ കഴിയുമ്പോൾ എല്ലാ സംസ്ഥാനങ്ങളുടെമേലും കഴിഞ്ഞവർഷം 9.5 % പലിശയ്ക്കാണ് ദേശീയസമ്പാദ്യ പദ്ധതിയിൽനിന്നും ഏതാണ്ട് 90,000 കോടി രൂപ കേന്ദ്രം അടിച്ചേൽപ്പിച്ചത്. അടിച്ചേൽപ്പിച്ചത് എന്ന പ്രയോഗം മന:പൂർവ്വം ഉപയോഗിച്ചതാണ്. പല സംസ്ഥാനങ്ങളും (കേരളമല്ല) ഇത്ര ഉയർന്ന പലിശനിരക്കുള്ള ദേശീയ സമ്പാദ്യപദ്ധതിവായ്പ തൽക്കാലം വേണ്ടെന്നും പലിശ കുറഞ്ഞ പൊതുകടമെടുപ്പിന് അനുവദിക്കുകയാണ് വേണ്ടതെന്നുമുള്ള നിലപാടിലാണ്. എന്നാൽ ഉയർന്ന പലിശനിരക്കുള്ള ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകൾതന്നെ സംസ്ഥാനങ്ങൾ

എടുത്തുകൊള്ളണം എന്നാണ് കേന്ദ്രത്തിന്റെ പക്ഷം. അങ്ങനെ 9.5 ശതമാനം പലിശയ്ക്ക് സംസ്ഥാനങ്ങൾക്ക് നൽകുന്ന വായ്പ ട്രഷറി ബില്ലിലെ നിക്ഷേപങ്ങളായി 5 ശതമാനം പലിശയ്ക്ക് കേന്ദ്രത്തിൽ തിരിച്ചെത്തുകയാണ്. ഈ പുതിയ ഏർപ്പാടിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നില സംസ്ഥാനങ്ങളുടെ ചെലവിൽ കൂടുതൽ മെച്ചപ്പെടുത്താനായി എന്നതാണ് യാഥാർത്ഥ്യം. സംസ്ഥാന ധനസ്ഥിതിയെക്കുറിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തയ്യാറാക്കിയ വിശദമായ സമീപകാല പഠനത്തിൽ ഇത് എടുത്തു പറഞ്ഞിട്ടുണ്ട്: "14 ദിവസത്തെ ട്രഷറി ബില്ലുകളിൽ സംസ്ഥാനങ്ങൾ അവരുടെ ക്യാഷ് ബാലൻസ് മിച്ചം നിക്ഷേപിച്ചിരുന്നില്ല എങ്കിൽ കേന്ദ്ര സർക്കാർ നിത്യനിദാന ചെലവിന്റെ കാര്യത്തിൽ കമ്മിയിലായേനെ" ( പേജ് 52- *സംസ്ഥാന ധനകാര്യം 2005-06 ബജറ്റുകളെക്കുറിച്ചൊരു പഠനം, ആർ.ബി.ഐ.*) കൂടുതൽ ധനസഹായം കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾ ആവശ്യപ്പെടുമ്പോൾ, സംസ്ഥാനങ്ങളുടെ 'വീർത്ത മടിശ്ശീല' ചൂണ്ടിക്കാണിക്കുന്നതും ഒരു പതിവാക്കിയിട്ടുണ്ട്. ദൗർഭാഗ്യം എന്നു പറയട്ടെ, കേരളത്തിലെ യു.ഡി.എഫ് കാരും അതേ പല്ലവി ആവർത്തിക്കുകയാണ്. ഈ ജനവിരുദ്ധ രാഷ്ട്രീയത്തെക്കുറിച്ച് ഒരു പുനർ വിചിന്തനം നടത്തി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരുമിച്ചു നിൽക്കണമെന്ന് ഞാൻ യു.ഡി.എഫിലെ സുഹൃത്തുക്കളോട് അഭ്യർത്ഥിക്കുകയാണ്.

12. ട്രഷറി മിച്ചം എന്ന പ്രതിഭാസം എങ്ങനെ രൂപം കൊള്ളുന്നു എന്നതിന് ഒരു പൂർണ്ണ വിശദീകരണം ഇവിടെ നൽകുവാൻ ഒരുമ്പെടുന്നില്ല. നേരത്തെ സൂചിപ്പിച്ചതു പോലെ ജനങ്ങളുടെ പ്രാഥമിക സൗകര്യങ്ങൾ നിഷേധിച്ചു കൊണ്ടും വികസന പ്രവർത്തനങ്ങൾ വെട്ടിക്കുറച്ചു കൊണ്ടുമാണ് ട്രഷറി മിച്ചം സൃഷ്ടിക്കുന്നത് എന്നു വ്യക്തം. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾ എങ്ങനെ ഇത്രമാത്രം പ്രകടമായ ജനവിരുദ്ധ നിലപാട് സ്വീകരിക്കുന്നു എന്നത് ആലോചിക്കുമ്പോഴാണ് ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്ന 'ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിന്റെ'

പക്ക് വെളിവാകുന്നത് തെരഞ്ഞെടുത്ത ജനങ്ങളോടല്ല ഏതോ വിദഗ്ധ കേന്ദ്രങ്ങൾ തീരുമാനിച്ച് സംസ്ഥാന നിയമസഭകൾ മനസ്സിലാക്കിയോ മനസ്സിലാക്കാതെയോ പാസ്സാക്കുന്ന ധന ഉത്തരവാദിത്ത നിയമങ്ങളുടെ ലക്ഷ്യങ്ങളോടാണ് പ്രതിബദ്ധത എന്നത് ജനാധിപത്യ വിരുദ്ധമായ ഒരു സ്ഥിതിയാണ് ഭാവിയിൽ വരുന്ന സർക്കാരുകൾക്കു പോലും ബാധക മാകുന്ന വരവ് - ചെലവും, റവന്യൂ- ധനക്കമ്മിയും സംബന്ധിച്ച ലക്ഷ്യങ്ങൾ കേന്ദ്രം അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനുള്ള ഒരുപകരണമാക്കി ധനകാര്യ കമ്മീഷനുകളെ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ജനങ്ങളുടെ മുന്നിൽ വലിയ വാഗ്ദാനങ്ങൾ വച്ച് അധികാരത്തിൽ വരുന്ന സർക്കാരുകൾ പിന്നീട് ഈ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ച് നൽകിയ വാഗ്ദാനങ്ങളെല്ലാം വിഴുങ്ങാൻ നിർബ ന്ധിതരാവുകയാണ്. ഞങ്ങൾ ഈ പാത സ്വീകരിക്കുകയില്ല എന്ന് ഞാൻ വ്യക്തമാക്കുകയാണ്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കും.

13. റിസർവ്വ് ബാങ്കിൻെറ മുമ്പു സൂചിപ്പിച്ച റിപ്പോർട്ട് ഇക്കാര്യം ഭംഗ്യന്തരേണ അംഗീകരിക്കുന്നുണ്ട്. ട്രഷറി മിച്ച പ്രതിഭാസത്തിന് ഒരു മുഖ്യ കാരണം "സംസ്ഥാന സർക്കാരുകൾ ചെലവുകൾ, പ്രത്യേകിച്ച് പലിശയേതര റവന്യൂ ചെലവുകളും മൂലധന ചെലവുകളും, കർശനമായി പരിമിതപ്പെടുത്തിയതാണ്." (അതേ റിപ്പോർട്ട് പേജ് 50,51). തുടർന്ന് 52-ാം പേജിൽ 12-ാം ധനകാര്യ കമ്മീഷൻെറ തീർപ്പിൽ നിന്ന് പൂർണ്ണമായും ലഭിക്കേണ്ട ധനസഹായം ഉറപ്പു വരുത്തുന്നതിന് ഇപ്രകാരം ഒരു സമീപനം സ്വീകരിക്കുവാൻ സംസ്ഥാനങ്ങൾ നിർബ ന്ധിതരാണ് എന്നും കൂടി പറയുന്നുണ്ട്. ഈ ജനവിരുദ്ധ നയത്തിൻെറ ദുർഭഗ സന്തതിയാണ്, അതി രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങളിൽ പോലും പ്രത്യക്ഷപ്പെട്ടിരിക്കുന്ന ട്രഷറി മിച്ചമെന്ന പ്രതിഭാസം.

14. പക്ഷേ സർ, കേരളത്തിന് ട്രഷറി മിച്ചമെന്ന പദവി പോലും അവകാശപ്പെടാനായില്ല. ഒരു വേനൽക്കാലചാറ്റൽ മഴ കാലവർഷമാകുന്നില്ല. നമ്മെ സംബന്ധിച്ച് ഇന്നും ട്രഷറി മിച്ചമെന്നുള്ളത് ഒരു അപൂർവ്വദിന പ്രതിഭാസം മാത്രമാണെന്നുള്ളത് കണക്കുകൾ

വ്യക്തമാക്കും . യു.ഡി.എഫ് ഭരണകാലത്ത് ഓരോ വർഷവും എത്ര പ്രാവശ്യം ട്രഷറിയിലെ നിത്യ നിദാന ചെലവുകൾ കമ്മിയിലായി എന്നതിന്റെ കണക്കുകൾ ഞാൻ പറയട്ടെ. 2001-02 ൽ ഇത് 136 ദിവസവും, 2002-03 ൽ 161 ദിവസവും, 2003-04 ൽ 328 ദിവസവും, 2004-05 ൽ 338 ദിവസവും 2005-06 ൽ 195 ദിവസവും ആയിരുന്നു. ഈ കാലയളവിൽ 2002-03 ൽ ഒഴിച്ച് എല്ലാ വർഷവും പദ്ധതി വെട്ടിക്കുറച്ചു. നിയമസഭ അംഗീകരിച്ച പദ്ധതിയടങ്കലിന്റെ ഏതാണ്ട് 75 ശതമാനം മാത്രമേ ചെലവാക്കിയിട്ടുള്ളൂ. ട്രഷറി 147 കോടി രൂപ മാർച്ച് 31 ന് മിച്ചമുണ്ടാക്കി എന്നു പറയുന്ന 2005-06 ൽ 1400 കോടി രൂപയോളമാണ് പദ്ധതി പണം ചെലവാക്കാതിരുന്നത്. കരാറുകാർക്ക് കുടിശ്ശിക വരുത്തിയത് 1200 കോടി രൂപയാണ്. ക്ഷേമപദ്ധതികളുടെ കുടിശ്ശിക 200 കോടിയിലേറെ വരും. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പിരിച്ചുവിടലിനു വേണ്ടിയല്ലാതെ മറ്റു ധനസഹായങ്ങളൊന്നും തന്നെ നൽകിയിട്ടില്ല. പരമ്പരാഗത മേഖലകളിലെ സഹകരണ പ്രസ്ഥാനങ്ങളെക്കുറിച്ചു പറയുകയേ വേണ്ട.

15. ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക നൽകാതിരിക്കുന്നതിനുള്ള ഉപായമായിട്ടാണ് സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചു പറയുന്നത് എന്ന വാദം എത്ര ബാലിശമാണ്! ഇതുന്നയിക്കുന്നവരോട് ഒന്നു ചോദിക്കട്ടെ: കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ യു.ഡി.എഫ് സർക്കാർ അവതരിപ്പിച്ച 2006-07 ലെ ബജറ്റിൽ ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള പണം വകയിരുത്തിയിരുന്നോ? 01.04.2005 മുതലുള്ള കുടിശ്ശികയടക്കം 2006-07 ൽ ശമ്പളവും പെൻഷനും നൽകുന്നതിന് കുടിശ്ശികയേതാണ്ട് പൂർണ്ണമായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചു കഴിഞ്ഞാൽ പോലും, വേണ്ടി വരുന്ന തുകയെക്കുറിച്ച് ധനകാര്യ വകുപ്പ് അന്ന് മന്ത്രിസഭയ്ക്കു നൽകിയ കുറിപ്പ് എന്റെ കൈവശം ഉണ്ട്. ബഹു. പ്രതിപക്ഷ നേതാവിനെ ഓർമ്മപ്പെടുത്താൻ വേണമെങ്കിൽ ഞാനതു തരാം. ഇതറിഞ്ഞിട്ടും ഏതാണ്ട് 3000 കോടി രൂപ വേണ്ടിടത്ത് വെറും 1600 കോടി രൂപയേ ശമ്പള പരിഷ്ക്കരണത്തിനായി 2006-07 ലെ ബജറ്റിൽ അധികമായി വകയിരുത്തിയിരുന്നുള്ളൂ എന്ന സത്യം നിഷേധിക്കാനാവുമോ? ശമ്പളപരിഷ്ക്കരണത്തിനുള്ള പണം

പൂർണ്ണമായി വകയിരുത്തിയിരുന്നെങ്കിൽ റവന്യു കമ്മിയ്ക്ക് എന്തു സംഭവിക്കുമായിരുന്നു? ബജറ്റു കണക്കുകൾ എങ്ങനെ തകിടം മറിയുമായിരുന്നു? സർ, ഈ ചോദ്യങ്ങൾക്ക് ഞാനിന്ന് ഉത്തരം കണ്ടേ തീരൂ.

16. ഉത്തരം കണ്ടെത്തേണ്ട മറ്റുപല പ്രശ്നങ്ങളുമുണ്ട്. തെരഞ്ഞെടുപ്പിന് മുൻപ് ലോഭമേതുമില്ലാതെ നടത്തിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിനുള്ള പണം 2006-07 ലെ ബജറ്റിൽ വകയിരുത്തിയിരുന്നുവോ? അന്നത്തെ ധനകാര്യ വകുപ്പിന്റെയോ മന്ത്രി സഭയുടെയോ അംഗീകാരം പോലുമില്ലാതെ വൈദ്യുതി ചാർജ്ജ് ഇളവു ചെയ്തതായി പ്രഖ്യാപിച്ചു. എന്നിട്ട് വൈദ്യുതി ബോർഡിനുള്ള നഷ്ടം കേരള സർക്കാർ നികത്തിക്കൊള്ളുമെന്ന് ഉറപ്പും കൊടുത്തു. ഈ ഇനത്തിൽ ഒരു പേരിനായെങ്കിലും എന്തെങ്കിലും ബജറ്റിൽ വകയിരുത്തി യിട്ടുണ്ടോ? കിലോയ്ക്ക് 3 രൂപ പ്രകാരം റേഷൻ നൽകുന്നതിനുള്ള പദ്ധതിയ്ക്ക് ഒരു പൈസ വകയിരുത്തിയിട്ടുണ്ടോ ? മാസം തോറും പെൻഷൻ നൽകും എന്നു പ്രഖ്യാപിച്ചവർ കുടിശ്ശികയ്ക്കു പണം വകയിരുത്തിയിട്ടുണ്ടോ ? ക്ഷേമനിധികൾക്കുള്ള പെൻഷൻ പണം വകയിരുത്തിയിരുന്നുവോ ? കരാറുകാർക്കുള്ള കുടിശ്ശിക മാത്രമല്ല കെ.എസ്.റ്റി പി. പോലുള്ള പദ്ധതികൾക്കു വേണ്ടിവരുന്ന അതിഭീമമായ അധിക ചെലവിന് എന്തെങ്കിലും പണം വകയിരുത്തിയിട്ടുണ്ടോ ? സഹകരണ സ്ഥാപനങ്ങൾക്കും മറ്റും ധനസഹായം നൽകുന്നതിനുള്ള കുടിശ്ശിക തീർക്കുവാൻ വേണ്ട തുക വകയിരുത്തിയിരുന്നുവോ ? തെരഞ്ഞെടുപ്പിൽ കൊട്ടിഘോഷിച്ച ആരോഗ്യ ഇൻഷ്വറൻസിനു പണം എവിടെ ? അനിവാര്യമായ ഈ ചെലവുകൾ തമസ്ക്കരിച്ചുകൊണ്ടാണ് എന്റെ മുൻഗാമി ബജറ്റു തയ്യാറാക്കിയത്.

17. ധന പ്രതിസന്ധി സംബന്ധിച്ച എന്റെ പ്രസ്താവനകളോട് ഉണ്ടായ മറ്റൊരു പ്രതികരണത്തെക്കുറിച്ചും സൂചിപ്പിച്ചുവല്ലോ. അത് ഏതാണ്ടിപ്രകാരമാണ് ; " യു.ഡി.എഫും എൽ.ഡി.എഫും കണക്കാണ്. പുതിയ ധനമന്ത്രിയുടെ സ്വരവും അഞ്ചു വർഷം മുമ്പ് അധികാരമേറ്റ യു.ഡി.എഫ് ധനമന്ത്രിയുടെ സ്വരവും ഒന്നു തന്നെയാണ്. "പക്ഷെ

പ്രതിപക്ഷത്തിരിക്കുമ്പോൾ അപ്രത്യക്ഷമാവുകയും ഭരണത്തിലേറുമ്പോൾ വെളിച്ചപ്പെടുകയും ചെയ്യുന്ന ഒരു പ്രതിഭാസമല്ല ഇടതുപക്ഷത്തിന് ധനകാര്യ പ്രതിസന്ധി എന്നത്. സർക്കാർ ഇടപെടലിൽ ഊന്നിക്കൊണ്ടുള്ള മുതലാളിത്ത വികസന പാതയുടെ അനിവാര്യമായ ഒരു സ്വഭാവമാണത്. ഈ പ്രതിസന്ധിയുടെ പരിഹാരമെന്ന നിലയിൽ സർക്കാർ നടത്തുന്ന നിയോലിബറൽ പരിഷ്ക്കാരങ്ങൾ ധനകാര്യ പ്രതിസന്ധിയെ പതിന്മടങ്ങു രൂക്ഷമാക്കുകയാണ്. മുന്നണി ഭരണം മാറുന്നതനുസരിച്ച് ഇതിൽ മാറ്റം വരാൻ പോകുന്നില്ല. എന്നാൽ രണ്ടു കൂട്ടരും ഒരുപോലെയാണ് എന്ന വിമർശനം വിസ്മരിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്.

18. അധികാരത്തിലേറിയ കഴിഞ്ഞ യു.ഡി.എഫ് സർക്കാർ, പ്രതിസന്ധിയുടെ പേര് പറഞ്ഞ് ജീവനക്കാർ, പൊതുമേഖലാ തൊഴിലാളികൾ, സഹകരണസംഘങ്ങളിൽ പണിയെടുക്കുന്നവർ, ക്ഷേമ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന പാവപ്പെട്ടവർ എന്നുവേണ്ട സമസ്ത ജനവിഭാഗങ്ങളോടും യുദ്ധം പ്രഖ്യാപിക്കുകയായിരുന്നു. യു.ഡി.എഫ് ഇറക്കിയ ധവള പത്രം, എ.ഡി.ബി. കരാറിൽ അംഗീകരിച്ചു കൊടുത്ത വ്യവസ്ഥകൾ, എന്തിന് ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിന്റെ വ്യവസ്ഥകളെപ്പോലും അടിച്ചേൽപ്പിക്കുന്നതിനുള്ള പുകമറയായിരുന്നു. ഇതിനുള്ള തിരിച്ചടിയാണ് വിവിധങ്ങളായ ഉപതെരഞ്ഞെടുപ്പുകളിലും ലോകസഭ തെരഞ്ഞെടുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും ഏറ്റവും അവസാനം നിയമസഭ തെരഞ്ഞെടുപ്പിലും യു.ഡി.എഫ് നേരിട്ടത്. ജനരോഷത്തിൽ നിന്നും രക്ഷപ്പെടുന്നതിന് അവസാന വർഷത്തിൽ മുൻപ്രഖ്യാപനങ്ങളെല്ലാം വിഴുങ്ങി തങ്ങൾക്കു ശേഷം പ്രളയം എന്ന മട്ടിൽ ഒട്ടേറെ ജനപ്രിയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടും നിങ്ങളുടെ ചെയ്തികളുടെ അനുഭവമുള്ളതുകൊണ്ട് ജനങ്ങൾ അവയെ മുഖവിലയ്ക്കെടുത്തില്ല.

19. യു.ഡി.എഫും എൽ.ഡി.എഫും തമ്മിലുള്ള വ്യത്യാസം ധനപ്രതിസന്ധി ഉണ്ടോ ഇല്ലയോ എന്ന കാര്യത്തിലല്ല. ധനപ്രതിസന്ധി

പരിഹരിക്കുന്നതിന് ജനങ്ങളെ ഞെരുക്കണമെന്നതാണ് യു.ഡി.എഫിൻെറ നയം. അതു നടപ്പാക്കിയതിൻെറ ഫലമാണ് അവർ ഇന്നനുഭവിക്കുന്നത്. ഇതിൽ നിന്നും വ്യത്യസ്ഥമായി എന്തു പ്രതിസന്ധിയുണ്ടെങ്കിലും ജനങ്ങൾക്കു പരമാവധി സമാശ്വാസം നൽകിക്കൊണ്ടു വേണം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ വേഗത വർദ്ധിപ്പിക്കുന്നതിനും പരിശ്രമിക്കാൻ എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമീപനം. സാമ്പത്തിക നീതിയും സാമ്പത്തിക വളർച്ചയുമാണ് ഞങ്ങളുടെ വികസന സൂത്രവാക്യത്തിൻെറ ആണിക്കല്ലുകൾ. ഭൂതകാല സാമൂഹ്യ ക്ഷേമ നേട്ടങ്ങളുടെ പൈതൃകം നിലനിർത്തിക്കൊണ്ട് സാമ്പത്തിക ഭദ്രതയും വളർച്ചയും ഉറപ്പു വരുത്തുന്നതിന് ഞങ്ങൾ പരിശ്രമിക്കും.

വെട്ടിക്കുറച്ച വായ്പാ പരിധി

20. സർ, കഴിഞ്ഞ ഫെബ്രുവരി മാസം 2006-07 ലെ ബഡ്ജറ്റു സഭയിൽ അവതരിപ്പിച്ച ശേഷം ഉണ്ടായിട്ടുള്ള ഗുരുതരമായ ഒരു സംഭവവികാസം ഈ സഭയിൽ പങ്കു വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ആസൂത്രണ കമ്മീഷനുമായി കേരള സർക്കാർ നടത്തിയ ചർച്ചയിൽ 7246 കോടി രൂപയുടെ വായ്പ സംസ്ഥാനത്തിന് എടുക്കുവാൻ അനുവാദമുണ്ടാകുമെന്ന് സമ്മതിച്ചിരുന്നു. ഈ അനുമാനത്തിനടിസ്ഥാനത്തിലാണ് കേരളത്തിൻെറ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയത്. ഇതുവരെയുള്ള ധനകാര്യ ചരിത്രത്തിൽ ആസൂത്രണ കമ്മീഷൻ പദ്ധതിയുടെ വിഭവ സ്രോതസ്സുകളെ അംഗീകരിച്ചു കഴിഞ്ഞാൽ അവ തിരുത്തപ്പെടാറില്ല. എന്നാൽ കേന്ദ്ര ധനമന്ത്രാലയം നടാടെ ഏകപക്ഷീയമായ ഒരു വെട്ടിക്കുറച്ചിൽ ആസൂത്രണ കമ്മീഷൻ അനുവദിച്ച വായ്പ തുകയിൽ വരുത്തിയിരിക്കുകയാണ്. കേരളത്തിൻെറ വായ്പ പരിധി 2006-07 'ൽ 4672 കോടി രൂപയായ വരൂ എന്നവർ തിട്ടപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര ആസൂത്രണ കമ്മീഷനോട് കൂടിയാലോചിക്കാതെയാണ് ധനമന്ത്രാലയം ഈ ഭേദഗതി വരുത്തിയിരിക്കുന്നത്. കേരളത്തിലെ പോലെ മറ്റ് പല സംസ്ഥാനങ്ങളുടെയും കാര്യത്തിലും ഈ ഭേദഗതി വരുത്തിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര ആസൂത്രണ

കമ്മീഷനുമായി ചർച്ച ചെയ്ത് ധാരണ വരുത്തി ബജറ്റ് അവതരിപ്പിച്ച് വോട്ട് ഓൺ അക്കൗണ്ടും പാസ്സാക്കിക്കഴിഞ്ഞാൽ കേന്ദ്ര ധനമന്ത്രാലയം ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത് അത്യന്തം പ്രതിഷേധാർഹമാണ്.

21. സർ, കേന്ദ്ര സർക്കാരിന്റെ ഈ സമീപനം ഫെഡറൽ വ്യവസ്ഥയുടെ മേലുള്ള ഏറ്റവും നീചമായ ഒരു കടന്നാക്രമണമാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനെ ചൊല്ലി ആണയിടുന്ന കേന്ദ്ര സർക്കാർ ആ ധനകാര്യ കമ്മീഷൻ തന്നെ നിർദ്ദേശിച്ചിട്ടുള്ള അന്തർ സംസ്ഥാന ലോൺ കൗൺസിൽ രൂപീകരിക്കുകയോ അവിടെ ഈ പ്രശ്നം ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. എന്തിന്, സംസ്ഥാന കടഭാരത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ദേശീയ വികസന കൗൺസിൽ രൂപീകരിച്ച മുഖ്യ മന്ത്രിമാരുടെ ഉപസമിതിയിൽ പുതിയ സമീപനം ചർച്ച ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ഈ ഏകപക്ഷീയമായ നിലപാട് തിരുത്തിയേ തീരൂ.

22. കേന്ദ്ര ധനമന്ത്രാലയം പിന്നെയെങ്ങനെ കേരളത്തിന്റെ വായ്പ പരിധി 4672 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു എന്ന് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞ കാര്യം വളരെ വിചിത്രമാണ്. കേരള സർക്കാർ എങ്കിലും 12-ാം ധനകാര്യ കമ്മീഷനു നൽകിയ മെമ്മോറാണ്ടത്തിൽ ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ പ്രഖ്യാപിച്ച ലക്ഷ്യങ്ങൾ അപ്രായോഗികമാണെന്നും അവ നടപ്പാക്കാനാവില്ലെന്നും വ്യക്തമാക്കുകയുണ്ടായി. 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും സംസ്ഥാനം പാസ്സാക്കിയ ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിന്റെ അടിസ്ഥാനത്തിലും പുതുക്കിയ ഫിസ്ക്കൽ അഡ്ജസ്റ്റുമെന്റ് പ്രോഗ്രാം അയച്ചു തരാൻ കേന്ദ്ര ധനമന്ത്രാലയം ആവശ്യപ്പെട്ടു. അങ്ങനെ കേരള സർക്കാർ തന്നെ സ്വയം എടുത്തു വച്ച വിനയാണത്രെ 2006-07 ലെ 4672 കോടി രൂപയുടെ വായ്പ പരിധി. കൊണ്ടിട്ടും പഠിക്കുകയില്ലെന്ന നിശ്ചയ ദാർഢ്യമാണ് യു.ഡി.എഫ് സർക്കാർ ഇക്കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുള്ളത് എന്നു പറയാതെ വയ്യാ.

23. ഏതായാലും ഒരു കാര്യം അസന്നിഗ്ധമായി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ധനമന്ത്രാലയം ഏകപക്ഷീയമായി നൽകിയിരിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിഗണനയിലിരിക്കുന്ന ബജറ്റിലെ വായ്പ പരിധി തിരുത്തുന്നതിനു തയ്യാറല്ല. കേരളത്തിന്റെ അവകാശം സംരക്ഷിക്കുന്നതിന് മുഴുവൻ പേരും കക്ഷി രാഷ്ട്രീയത്തിനുപരിയായി നിലപാടെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനവുമായി ഒരേറ്റുമുട്ടലിന്റെ പാതയിൽ നിന്നും യു.പി.എ. സർക്കാർ പിൻമാറുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്.

**കർശനമായ സാമ്പത്തിക അച്ചടക്കം.**

24. ഈ ബജറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചേ തീരൂ. ബഹു. മുഖ്യമന്ത്രി ഇതിനകം തന്നെ യാത്രാ ചെലവുകൾ സംബന്ധിച്ചും മറ്റും ചില നടപടികൾ നിർദ്ദേശിച്ചു കഴിഞ്ഞു. സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതായിരിക്കും. അതുപോലെ തന്നെ പ്രധാനമാണ് പുതിയ തസ്തികകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയെന്നത്. നിലവിലുള്ള ഒഴിവുകൾ പി.എസ്. സി. യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ വഴി നികത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതല്ല. എന്നാൽ, സർക്കാർ പ്രഖ്യാപിക്കുന്ന പുതിയ സ്കീമുകളും സ്ഥാപനങ്ങളും നടത്തുന്നതിന് പുതിയ ജീവനക്കാർ ആവശ്യമാണ്. അവ നിലവിലുള്ള തസ്തികകൾ പുനർ വിന്യാസം ചെയ്തു കൊണ്ട് കണ്ടെത്തേണ്ടിയിരിക്കുന്നു. ഭരണപരിഷ്ക്കാര കമ്മീഷൻ ഇത്തരം പുനർ വിന്യാസ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഭരണപരിഷ്ക്കാര കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഗവർണറുടെ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുള്ളത് ഓർക്കുമല്ലോ.

25. സർ, കർശനമായ സാമ്പത്തിക അച്ചടക്കം എന്നു പറയുമ്പോൾ അത് ഒട്ടും പാലിക്കാത്ത പാരമ്പര്യമുള്ള ചില മേഖലകൾ ഉണ്ട്. നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന വകുപ്പുകളിൽ ധനപരമായ

അരാജകത്വത്തിന്റെ ഒരു സ്ഥിതിയാണ് കഴിഞ്ഞ കുറെ കാലമായി നില നിൽക്കുന്നത്. കോൺട്രാക്ടർമാരും അഴിമതിക്കാരായ ചില ഉദ്യോഗസ്ഥരും, ചില രാഷ്ട്രീയ നേതാക്കളും കൂടിചേർന്നുള്ള ഒരു കൂട്ടുകെട്ട് സംസ്ഥാനത്തെ എങ്ങനെ കൊള്ളയടിക്കുന്നു എന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ സാക്ഷ്യം വഹിക്കുന്നു. പബ്ളിക് അക്കൗണ്ട്സ് കമ്മറ്റി ഈ റിപ്പോർട്ടുകൾ പരിശോധിച്ച് തീർപ്പു കൽപ്പിക്കുമ്പോഴേക്കും ഉണ്ടാകുന്ന കാലതാമസം മൂലം (മറുപടി നൽകുന്നതിലും മറ്റുമുള്ള കുറ്റകരമായ അനാസ്ഥ കാരണം പലപ്പോഴും മനഃപൂർവ്വം സൃഷ്ടിക്കപ്പെടുന്നതാണ് ഈ കാലതാമസം) ഈ അഴിമതി കേസ്സുകൾ ദുർബ്ബലപ്പെട്ടു പോകുന്നതിന് പി.എ.സി. ചെയർമാൻ എന്ന നിലയിൽ ഞാൻ സാക്ഷിയായിട്ടുണ്ട്. സർക്കാർ ചെലവുകൾ നിയമപ്രകാരം നടത്തുന്നതിനുള്ള വ്യവസ്ഥാപിത സമ്പ്രദായത്തിന്റെ സമൂലമായ തകർച്ചയെയാണ് നാം ഇവിടെ നേരിടുന്നത്. സാമ്പത്തിക അച്ചടക്കം പാലിക്കും എന്നു പറയുമ്പോൾ അതിലൊരു മുഖ്യ ചുമതലയായി ഞാൻ കരുതുന്നത് നിർമ്മാണ പ്രവൃത്തി മേഖലയിലെ ഈ അരാജകത്വം അവസാനിപ്പിക്കുകയാണ്.

26. സർ, യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഏറ്റവും അധികം കോലാഹലം സൃഷ്ടിച്ച ഒരു ആരോപണം 873 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്നു എന്നതായിരുന്നു. അതു കൊടുത്തു തീർത്തു എന്നുള്ളതാണ് യു.ഡി.എഫ് സുഹൃത്തുക്കളുടെ ഒരു പ്രധാന അവകാശവാദം. എന്നിട്ടും എങ്ങനെ യു.ഡി.എഫ് ഭരണം ഒഴിയുമ്പോൾ 1200 കോടി രൂപ കോൺട്രാക്ടർമാരുടെ കുടിശ്ശികയായി അവശേഷിക്കുന്നു ?

27. സർ, കഴിഞ്ഞ 5 വർഷവും നിയമസഭ പാസ്സാക്കിയ ബഡ്ജറ്റിൽ നിർമ്മാണ പ്രവർത്തികൾക്ക് വകയിരുത്തിയിരുന്ന പണം പൂർണ്ണമായി തന്നെ ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും ഏതാണ്ടിത്രയും തന്നെ വരുന്ന തുക ഉപധനാഭ്യർത്ഥനവഴിയും നൽകിയിട്ടുണ്ട്. എന്നിട്ടും എങ്ങനെ ബഡ്ജറ്റിൽ വകയിരുത്തിയതിന്റെ ഏതാണ്ട് അത്രയും തന്നെ തുക കുടിശ്ശികയായി വരുന്നു ? ഇതാണ് പ്രസക്തമായ ചോദ്യം. ഈ

സ്ഥിതി വിശേഷം അനിവാര്യമാക്കുന്ന ഒട്ടേറെ കീഴ്‌വഴക്കങ്ങൾ ഇന്നു നിലവിലുണ്ട്. ബഡ്ജറ്റിൽ വകയിരുത്തുന്നതിന്റെ 150 ശതമാനത്തിന് ഓരോ വർഷവും ഭരണാനുമതി നൽകുക, ഭരണാനുമതി നൽകിയ തുകയെക്കാൾ ഉയർന്ന തുകയ്ക്ക് ടെണ്ടർ വിളിയ്ക്കുക, കാൽ നൂറ്റാണ്ടിനു മുൻപ് നൽകിയിട്ടുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടു മെന്റുകൾ തന്നെ പുതിയ പ്രവൃത്തികൾക്ക് അംഗീകാരം നൽകുക, ഏതാണ്ട് എല്ലാ പ്രവൃത്തികൾക്കും അനുവദനീയമായ പരിധിയുടെ തൊട്ടു താഴെ ടെണ്ടർ എക്സസ് നൽകുക, സർക്കാർ അനുമതിയില്ലാതെ 35 % വരെ ടെണ്ടർ അധികത്തുക നൽകുക, ടെണ്ടർ വിളിക്കാതെ തന്നെ കോൺട്രാക്ടർമാർക്ക് പ്രവർത്തികൾ ഏൽപ്പിച്ചു നൽകുക ഇങ്ങനെ പലതും കീഴ്‌വഴക്കമായിരിക്കുകയാണ്. പദ്ധതിയേതര ചെലവുകളുടെ കാര്യത്തിലാണെങ്കിൽ ഭരണാനുമതി നല്കുന്നതിനും മറ്റും താഴേക്കു നൽകിയിട്ടുള്ള അധികാരം ദുർവിനിയോഗം ചെയ്യപ്പെടുന്നു എന്ന ആക്ഷേപവുമുണ്ട്.

28. സർ, ധനപരമായ അച്ചടക്കം ഉറപ്പു വരുത്തുന്നതിന് നിർമ്മാണ പ്രവൃത്തി മേഖലയിലെ നടപടിക്രമങ്ങൾ ഒരു പുനരാലോചനയ്ക്ക് വിധേയമാക്കിയേ തീരൂ. ഇതിനു സഹായകരമായ രീതിയിൽ സമഗ്രമായ ഒരു റിവ്യൂ റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇത്തരം ദുർവിനിയോഗങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനും സി. ആൻറ് എ.ജി. യോട് അഭ്യർത്ഥിക്കുവാൻ ഉദ്ദേശിക്കുന്നു. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് കഴിഞ്ഞ വർഷങ്ങളിലെ പദ്ധതിയേതര ചെലവുകളെക്കുറിച്ച് സമഗ്രമായ ഒരു പരിശോധനയും നടത്തുന്നതാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ മേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ചും തീരുമാനമെടുക്കുന്നതാണ്.

## റവന്യൂ വരുമാനം ഗണ്യമായി ഉയർത്തുക.

29. സാമ്പത്തിക അച്ചടക്കത്തിലൂടെ എങ്ങനെയാണ് റവന്യൂ ചെലവ് - മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദന അനുപാതം സ്ഥിരപ്പെടുത്തുക എന്നതിനെക്കുറിച്ചാണ് ഞാൻ ഇതുവരെ

പ്രതിപാദിച്ചത്. ഈ അനുപാതം കഴിഞ്ഞ പത്തുവർഷത്തെ ശരാശരിയിൽ തന്നെ സ്ഥിരപ്പെടുത്തുന്നതേയുള്ളൂ എന്നതു കൊണ്ട്, റവന്യൂ കമ്മി കർശനമായി കുറയ്ക്കുന്നതിന് ഒറ്റ മാർഗ്ഗമേയുള്ളൂ. റവന്യൂ വരുമാനം ഗണ്യമായി ഉയർത്തുക എന്നുള്ളതാണത്. കേരളത്തിന്റെ റവന്യൂ വരുമാനം - സംസ്ഥാന ആഭ്യന്തര ഉൽപാദന തോത് കഴിഞ്ഞ പത്തു വർഷക്കാലത്തെ ശരാശരി 13.2 % ആയിരുന്നു. ഇത് 2010 ആകുമ്പോഴേക്കും 16 ശതമാനത്തിലെറെ ആയി ഉയർത്തണം. ഇതിന് കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറു വിഹിതത്തിൽ ഗണ്യമായ വർദ്ധനവുണ്ടായേ തീരൂ. കേന്ദ്ര സർക്കാരിൽ നിന്നും നമുക്ക് ലഭിക്കുന്ന ഗ്രാൻറുകൾ ഉൾപ്പെടെയുള്ള തുക നമ്മുടെ ആകെ റവന്യൂ വരുമാനത്തിന്റെ 29% വരും. കേന്ദ്രസർക്കാരിൽ നിന്നുള്ള റവന്യൂ വിഹിതത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായാലേ റവന്യൂ കമ്മി പൂർണ്ണമായി ഇല്ലാതാക്കാനാവൂ. എന്നാൽ കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറുകളുടെ വർദ്ധന കഴിഞ്ഞ കാലം പോലെ ഉണ്ടാകും എന്ന് അനുമാനിക്കുകയേ നിർവ്വാഹമുള്ളൂ. അപ്പോൾ അതിനർത്ഥം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും ഒരു കുതിച്ചു ചാട്ടം സൃഷ്ടിച്ചു കൊണ്ടേ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്താനാകൂ എന്നാണ്. ഇതിനുള്ള ആദ്യ വർഷ നിർദ്ദേശങ്ങൾ ഈ ബജറ്റ് പ്രസംഗത്തിന്റെ മൂന്നാം ഭാഗത്തിൽ പറയുന്നതാണ്.

30. യു.ഡി.എഫിന്റെ ഫിസ്ക്കൽ അഡ്ജസ്റ്റുമെൻറ് പ്രോഗ്രാമും എൽ.ഡി.എഫിന്റെ പ്രോഗ്രാമും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം ഇതാണ്. യു.ഡി.എഫിന്റെ നയം ചെലവിന്റെ വശത്ത് ഏകപക്ഷീയമായി ഊന്നിക്കൊണ്ടുള്ളതാണ്. ചെലവു ചുരുക്കിക്കൊണ്ട് കമ്മി നികത്തണമെന്നാണ് കേന്ദ്രവും ആവശ്യപ്പെടുന്നത്. ഞങ്ങൾ ഇതിനു തയ്യാറല്ല. റവന്യൂ വരുമാനം ഗണ്യമായി ഉയർത്തിക്കൊണ്ട് സാമ്പത്തിക പ്രതിസന്ധിയ്ക്ക് പരിഹാരം കാണണമെന്നതാണ് ഞങ്ങളുടെ സമീപനം. ഇങ്ങനെ ചെയ്യുമ്പോൾ പാവപ്പെട്ടവരുടെ മേൽ വിഭവ സമാഹരണത്തിന്റെ ആഘാതം വീഴാതിരിക്കുന്നതിനുള്ള ശ്രദ്ധയുമുണ്ടാകണം. ഇതാണ് ധനകാര്യ മന്ത്രി എന്ന നിലയിൽ ഞാൻ

ഏറ്റെടുക്കുന്ന വെല്ലുവിളി എന്നു പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

31. നിയോ ലിബറൽ സിദ്ധാന്തക്കാരുടെ ഫിസ്ക്കൽ അഡ്ജസ്റ്റുമെൻറ് പരിപാടിയിൽ നിന്ന് വ്യത്യസ്തമാക്കുന്ന മറ്റൊരു ഘടകവും കൂടിയുണ്ട്. അതാണ് വായ്പയോടുളള സമീപനം. റവന്യു കമ്മി ഇല്ലാതാക്കാനായാൽ പിന്നെ ധനകമ്മിയ്ക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്ന വാദത്തിന് കഴമ്പില്ല. നിത്യനിദാന ചെലവിന് വായ്പയെടുക്കുന്നത് കുത്തുപാളയെടുപ്പിക്കും എന്ന വാദം ശരി. വികസന ചെലവുകൾക്ക്, അതും മൂലധന ചെലവിന് സംസ്ഥാനം വായ്പയെടുക്കുന്നത് ഏതടിസ്ഥാനത്തിലാണ് എതിർക്കപ്പെടേണ്ടതെന്ന് എനിയ്ക്കു മനസ്സിലായിട്ടില്ല. അതുകൊണ്ട് സംസ്ഥാനത്തിന്റെ വികസനത്തിന് ആവശ്യമായിട്ടുളള പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കൂടുതൽ വായ്പയെടുക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇത്തരം വായ്പകളുടെ സാദ്ധ്യതകൾ പൂർണ്ണമായും കേന്ദ്രത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിനുളള ഇടപെടലുകൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഫെഡറൽ സംവിധാനത്തെ ദുർബ്ബലപ്പെടുത്തുകയാണ്. ഫെഡറൽ സംവിധാനത്തിന്റെ ചട്ടക്കൂടുകളിൽ നിന്നു കൊണ്ട് സ്വന്തം മുൻഗണനകൾ നിശ്ചയിക്കുന്നതിനുളള സംസ്ഥാനങ്ങളുടെ അധികാരത്തെ ഇതില്ലാതാക്കുന്നു.

32. ഇപ്പോൾ സൂചിപ്പിച്ച ഈ നയ സമീപനങ്ങളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും 12-ാം ധനകാര്യ കമ്മീഷന്റെ തീർപ്പുകൾ പരിഗണിച്ചുകൊണ്ടും നിലവിലുളള ധന സംബന്ധമായ ഉത്തരവാദിത്ത നിയമത്തെയും ഗ്യാരൻറി പരിധി നിയമത്തെയും ഭേദഗതി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

ഭാഗം-2

33. ബജറ്റ് എന്നാൽ സർക്കാരിന്റെ കേവലം വരവ്-ചെലവ് കണക്കുകളല്ല. ഈ വരവ്-ചെലവുകൾ സംസ്ഥാന സമ്പദ്ഘടനയെ ഗാഢമായി സ്വാധീനിക്കും. അതുകൊണ്ട് സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ച് മാത്രമല്ല സംസ്ഥാന സമ്പദ് ഘടനയുടെ സ്ഥിതിയെക്കുറിച്ചുകൂടി ഹ്രസ്വമായി പരാമർശിക്കേണ്ടതുണ്ട്. ഈ നിയമസഭയിലെ കഴിഞ്ഞ ബജറ്റ് ചർച്ച വ്യക്തമാക്കിയതുപോലെ നമ്മുടെ സംസ്ഥാന വരുമാന കണക്കുകളിൽ, പ്രത്യേകിച്ച് സമീപകാലത്തെ താൽക്കാലിക കണക്കുകളിൽ, പൊരുത്തക്കേടുകൾ ദൃശ്യമാകുന്നുണ്ട്. സംസ്ഥാനത്തിന്റെ സ്ഥിതി വിവര കണക്കുകളുടെ അടിത്തറയെ സമഗ്രമായി വിലയിരുത്തി പരിഹാരം കണ്ടെത്തുന്നതിന് ആസൂത്രണ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്. സ്ഥിതിവിവര കണക്കുകളുടെ ചില പരിമിതികളുണ്ടെങ്കിൽ പോലും മുഖ്യ പ്രവണതകൾ ഖണ്ഡിതമായി പ്രസ്താവിക്കാൻ കഴിയും.

34. എൺപതുകളുടെ അവസാനം മുതൽ സംസ്ഥാനവരുമാന വളർച്ചയുടെ ഗതിവേഗം ഗണ്യമായി ഉയരുകയും ദേശീയ ശരാശരിയെക്കാൾ ഉയർന്നതോതിൽ വളരുകയും ചെയ്തു. സമീപകാലത്തും ഈ പ്രവണത തുടരുകയാണ്. എന്നാൽ ഈ വളർച്ചയുടെ ഒരു സ്വഭാവം പരിശോധിച്ചാൽ ചില പരിമിതികൾ വ്യക്തമായി കാണാം. ഇതിലേറ്റവും പ്രധാനം 90-കളുടെ അവസാനത്തോടെ ഉണ്ടായ കാർഷിക തകർച്ചയാണ്. അടുത്ത കാലത്ത് റബ്ബറിന്റെ വിലയിൽ അഭിവൃദ്ധി ദൃശ്യമാണെങ്കിലും രൂക്ഷമായ കാർഷിക തകർച്ചയിൽ നിന്ന് കരകയറുന്നതിന് കേരളത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. 1999-2000 ത്തിൽ കേരളത്തിന്റെ കാർഷികവരുമാനം 7017 കോടി രൂപ ആയിരുന്നത് 2004-05 ൽ 5586 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. (1993-94 സ്ഥിരവിലയിൽ). മറ്റു പരമ്പരാഗത മേഖലകളും രൂക്ഷമായ മാന്ദ്യത്തെ അഭിമുഖീകരിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും ഉപജീവനം നടത്തുന്ന ഈ

മേഖലകളിലെ പ്രതിശീർഷ വരുമാനം പൊതുവിൽ മെച്ചപ്പെട്ട സാമ്പത്തിക അഭിവൃദ്ധിയുടെ കാലത്ത് തകരുന്നുവെന്നത് വലിയൊരു വിരോധാഭാസമാണ്. ആഗോളവത്ക്കരണ നയങ്ങളുടെ ദുരന്തഫലമാണ് ഈ സ്ഥിതിവിശേഷം. ഉൽപാദന തുറകളിൽ രൂക്ഷമായ മാന്ദ്യമുണ്ടായിട്ടും സാമ്പത്തിക വളർച്ചയുടെ ഗതിവേഗം വർദ്ധിച്ചതിന്റെ അടിസ്ഥാനം വിദേശ കുടിയേറ്റ തൊഴിലാളികളുടെ പണവരുമാനം കാരണമാണ്. ഈ ഗൾഫ് പണം നമ്മുടെ ശരാശരി ഉപഭോഗ നിലവാരത്തെയും സമ്പാദ്യ നിലവാരത്തെയും ഗണ്യമായി ഉയർത്തുന്നതിന് സഹായിച്ചു. എന്നാൽ ഉത്പാദനമേഖലകളിൽ വികസിക്കുന്ന ആഭ്യന്തര കമ്പോളവും സമ്പാദ്യവും അനുരണനങ്ങൾ സൃഷ്ടിക്കുന്നില്ല. ഇത് മറികടക്കുക എന്നുള്ളതാണ് കേരളത്തിന്റെ വികസന തന്ത്രത്തിന്റെ കാതലായ ഒരു വശം. സേവന മേഖലകളിൽ ഏകപക്ഷീയമായി ഊന്നിക്കൊണ്ടുള്ള സാമ്പത്തിക വളർച്ച വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ല. ഈ തൊഴിൽരഹിത വളർച്ച കേരളത്തിലെ തൊഴിലില്ലായ്മയെ കൂടുതൽ സങ്കീർണ്ണവും രൂക്ഷവുമാക്കുകയാണ്.

35. ഈ പറഞ്ഞ സ്ഥിതി വിശേഷത്തിൽ സർക്കാർ ഇടപെടലിന്റെ ലക്ഷ്യം വളരെ വ്യക്തമാണ്. സാമ്പത്തിക വളർച്ചയിൽ കൂടുതൽ വേഗത കൈവരിക്കാനുതകുംവിധം നിക്ഷേപത്തെ ഉയർത്താനാവണം. സുസ്ഥിരമായി 10 ശതമാനം വളർച്ച കൈവരിക്കണമെങ്കിൽ സംസ്ഥാനത്തെ നിക്ഷേപ നിരക്ക് ഇന്നത്തെ 22 ശതമാനത്തിൽ നിന്ന് 35 ശതമാനത്തിലേറെയായി ഉയരണം എന്നു വച്ചാൽ ഇന്നു സംസ്ഥാനത്തുള്ള മൂലധന സ്വരൂപണത്തിന്റെ 50–75 ശതമാനമെങ്കിലും കൂടുതൽ മൂലധനമുതൽ മുടക്ക് ഉണ്ടായേ തീരൂ. ഇപ്രകാരം വീക്ഷിക്കുമ്പോൾ സ്വകാര്യ നിക്ഷേപത്തിൽ ഗണ്യമായ ഒരു കുതിച്ചുചാട്ടം വേണ്ടതിന്റെ അനിവാര്യത വ്യക്തമാണ്. വിദേശ മലയാളികളുടെ സമ്പാദ്യങ്ങളെയും കേരളത്തിലെ തന്നെ സമ്പാദ്യങ്ങളെയും വലിയ തോതിൽ ഉത്പാദന തുറകളിലേക്ക് ആകർഷിക്കാൻ കഴിയണം. ഇതിനു സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതും പുതിയ സാങ്കേതിക വിദ്യയും തൊഴിലും സൃഷ്ടിക്കാൻ സഹായിക്കുന്ന വിദേശ നിക്ഷേപത്തെ സ്വാഗതം ചെയ്യുന്നതുമാണ്.

36. ഇതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിന് സാമൂഹ്യ-ഭൗതിക പശ്ചാത്തല മേഖലകളിൽ കൂടുതൽ പൊതുമുതൽ മുടക്ക് കൂടിയേ തീരൂ. പൊതു മേഖലയേയും പുനരുദ്ധരിക്കേണ്ടതുണ്ട്. ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങൾ ഉറപ്പുവരുത്തുകയും സർക്കാരിന്റെ സുതാര്യതയും കാര്യക്ഷമതയും ഉയർത്തുകയും വേണം.

37. എന്നാൽ ഈ നടപടികളുടെ നേട്ടം ചില പുതിയ വികസന തുറകളിലേയ്ക്ക് മാത്രം ചുരുക്കുവാൻ പാടുള്ളതല്ല. ബഹുഭൂരിപക്ഷം ജനങ്ങളുടെ ജീവിത മാർഗ്ഗങ്ങളായ കൃഷിയിലും പരമ്പരാഗത മേഖലകളിലും വളർച്ച ഉറപ്പുവരുത്താനാകണം. ഇതാണ് 5 വർഷക്കാലത്തെ .വികസന തന്ത്രത്തിൽ നഷ്ടപ്പെട്ടുപോയ നിർണ്ണായക കണ്ണി. ഇവിടെയാണ് ഈ ബജറ്റിൽ ഏറ്റവും പ്രധാനപ്പെട്ട തിരുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ള ചില പദ്ധതികൾ ഭേദഗതി ചെയ്തുകൊണ്ടും പദ്ധതിക്ക് പുറത്ത് കൂടുതൽ പണം വകയിരുത്തിക്കൊണ്ടുമാണ് കൃഷിക്കും പരമ്പരാഗത മേഖലകൾക്കും കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്.

## കാർഷികമേഖല

38. കേരളത്തിലെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര ഇറക്കുമതി നയത്തിലും കാർഷിക സംഭരണ-വില നയങ്ങളിലും സമൂലമായ മാറ്റം വരേണ്ടതുണ്ട്. ഇവയ്ക്കു വേണ്ടി ശ്രമിക്കുമ്പോൾ തന്നെ കാർഷിക മേഖലയിൽ അടിസ്ഥാനപരമായ 3 കടമകളാണ് നമുക്കുള്ളത്.

ഒന്ന്: കടക്കെണിയിൽ മുങ്ങുന്ന കൃഷിക്കാർക്ക് ചില അടിയന്തിര സഹായങ്ങൾ നൽകുക. രണ്ട്: കാർഷിക തകർച്ചയുടെ മുഖ്യകാരണം വിലയിടിവാണ്. അതുകൊണ്ട് വിലസ്ഥിരത ഉറപ്പുവരുത്തുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചേ തീരൂ. മൂന്നാമത്തേത് വിളകളുടെ ഉൽപാദന ക്ഷമതയും ഉൽപാദനവും ഉയർത്തുന്നതിനും അനുബന്ധ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളാണ്.

39. ആദ്യത്തെ രണ്ടുകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി കാർഷിക കടാശ്വാസ കമ്മിഷനെന്നും, കാർഷിക കമ്മിഷനെന്നുമുള്ള രണ്ടു പ്രത്യേക കമ്മിഷനുകൾക്ക് രൂപം നൽകും. ഇവയുടെ പ്രവർത്തനത്തിനായി പദ്ധതിയിൽ വകകൊള്ളിച്ചിരിക്കുന്ന 56 കോടി രൂപയ്ക്ക് പുറമെ 100 കോടി രൂപ വകയിരുത്തുകയാണ്.

40. കടാശ്വാസ കമ്മിഷന് ഏതെങ്കിലും പ്രദേശത്തെയോ വിളയെയോ കാർഷിക ദുരന്ത മേഖലയായി പ്രഖ്യാപിക്കുന്നതിനും, അത്തരം മേഖലകളിലോ, പൊതുവായോ, കാർഷിക കടങ്ങൾ സംബന്ധിച്ച് സർക്കാരിനും ധനകാര്യ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും അധികാരമുണ്ടായിരിക്കും. വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ, റീ-ഷെഡ്യൂൾ ചെയ്യൽ, പലിശക്കുറവ് ചെയ്യൽ, പ്രത്യേക സാഹചര്യത്തിൽ മുതലിന്റെ തിരിച്ചടവിൽ തന്നെ കുറവുവരുത്തൽ, മോറട്ടോറിയം, തുടങ്ങിയവയെല്ലാം വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ കമ്മിഷന് നിർദ്ദേശിക്കാവുന്നതാണ്. സ്വകാര്യ പണമിടപാടുകാരുടെ വായ്പകളുടെ മേൽ കൊള്ളപ്പലിശ ഒഴിവാക്കുന്നതിന് വേണ്ടി ഒറ്റത്തവണ തീർപ്പാക്കുന്നതിനും കമ്മിഷന് അധികാരം നൽകിക്കൊണ്ടുള്ള നിയമം നിർമ്മിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. അങ്ങനെ ഈ കമ്മിഷൻ ഒരു അർദ്ധ ജ്യുഡീഷ്യൽ ബോഡി കൂടിയായിരിക്കും.

41. ഇന്ത്യയിലൊരു സംസ്ഥാനത്തും ഇത്തരത്തിലൊരു സംവിധാനം ഇന്നു നിലവിലില്ല. അതുകൊണ്ടാണ് കടാശ്വാസ വാഗ്ദാനങ്ങളുമായി സർക്കാരുകൾ നിലവിൽ വന്നിട്ടും മിക്ക സംസ്ഥാനങ്ങളിലും കർഷകരുടെ ആത്മഹത്യകൾ തുടരുന്നത്. പഞ്ചാബിലെ സർക്കാരിന് ഇത്തരത്തിലൊരു കടാശ്വാസ കമ്മിഷൻ സ്ഥാപിക്കാൻ പരിപാടിയുണ്ടായിരുന്നു. പക്ഷേ പണമിടപാടുകാരുടെ താൽപര്യ സംരക്ഷകരുടെ സമ്മർദ്ദ ഫലമായി ആ നിയമ നിർമ്മാണം തകിടം മറിക്കപ്പെട്ടു. അങ്ങനെ ഇത്തരമൊരു നിയമം നിർമ്മിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. എൽ.ഡി.എഫിന്റെ ഈ തെരഞ്ഞെടുപ്പ്

വാഗ്ദാനം നടപ്പിലാക്കുന്നതിലൂടെ രാജ്യത്തിനാകെയും കേരളം വഴികാട്ടുകയാണ്.

42. രണ്ടാമത്തെ കമ്മീഷനായ കർഷക കമ്മീഷന്റെ മുഖ്യ ചുമതല കാർഷിക വില സ്ഥിരത ഉറപ്പുവരുത്തുന്നതിനും കാർഷിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയാണ്. ഇതുപോലെ തന്നെ തറവില നിശ്ചയിക്കൽ, വിളസംഭരണം, വിള ഇൻഷ്വറൻസ് തുടങ്ങിയവ സംബന്ധിച്ച നിർദ്ദേശങ്ങളും കമ്മീഷനാകും നൽകുക. കേന്ദ്ര സർക്കാരിന്റെ വിലസ്ഥിരത ഫണ്ടുമായി സംയോജിപ്പിച്ചുകൊണ്ട് ഒരു വിലസ്ഥിരത ഫണ്ടിന് രൂപം നൽകുന്നതിനും കമ്മീഷൻ പരിപാടി തയ്യാറാക്കുന്നതാണ്. അതുപോലെ തന്നെ തേയില, കാപ്പി, എന്നീ വിളകൾക്ക് ഇപ്പോൾ നികുതിയിളവ് നിലവിലുണ്ട്. വില മെച്ചപ്പെടുമ്പോൾ ഈ നികുതി പുന:സ്ഥാപിക്കപ്പെടുമെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം മാറ്റങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളിൽ കർഷക കമ്മീഷന് ശുപാർശ നൽകാനാവും. പദ്ധതിയിൽ 56 കോടി രൂപ കർഷക കമ്മീഷന്റെ നിർദ്ദേശ പ്രകാരമുള്ള സ്കീമുകൾക്കായി നീക്കിവച്ചിരിക്കുന്നു.

43. വിലയിടിവിന്റെ ഫലമായിട്ട് കേരകൃഷിക്കാർ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. തേങ്ങയുടെ വില ആയിരത്തിന് 6500 രൂപയിൽ നിന്നും 4250 രൂപ ആയി താഴ്ന്നിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കേരകൃഷിക്കാർക്ക് ഒരു പാക്കേജ് പ്രഖ്യാപിക്കുകയാണ്. ഒരു വർഷക്കാലത്തേയ്ക്ക് തേങ്ങയെ നികുതിയിൽ നിന്നും ഒഴിവാക്കും. കേരകൃഷിക്കാർ നേരിടുന്ന ഗൗരവമായ പ്രതിസന്ധി കണക്കിലെടുത്ത് ഒരു വർഷത്തേയ്ക്കുള്ള ഈ നികുതിയിളവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരത്തുക കണക്കുകൂട്ടുമ്പോൾ അനുവദിച്ചുതരുമെന്ന് പ്രതീക്ഷിക്കുന്നു.

44. തെങ്ങു കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളുടെ കേന്ദ്ര സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം തന്നെ സംയോജിത ബഹുവിള

കൃഷിയും പ്രോത്സാഹിപ്പിക്കുന്നതാണ്. കൃഷിവകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ട മറ്റു കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ പദ്ധതികൾ പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കാൻ ശ്രമിക്കും. സഹകരണാടിസ്ഥാനത്തിലും സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ഉത്പന്ന വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കും. ക്ലസ്റ്ററടിസ്ഥാനത്തിൽ ഉൽപന്ന വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതാണ്. വിലസ്ഥിരത ഉറപ്പുവരുത്താൻ കർഷക കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കുകയും ചെയ്യും. നാളികേര വികസനത്തിന് കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ നിന്ന് 36.25 കോടി രൂപ വകയിരുത്തിയിരിക്കുന്നു. നാളികേര പാക്കേജിന് കൂടുതൽ പണം അനുവദിക്കുന്നതിന് അധിക പദ്ധതി സഹായത്തിനായി കേന്ദ്ര ആസൂത്രണ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡും കൂടുതൽ സഹായം ഉറപ്പു തൽകിയിട്ടുണ്ട്.

45. ജലപരിപാലനം, രോഗപ്രതിരോധ ശേഷിയും ഉത്പാദനക്ഷമതയും കൂടിയ നെൽവിത്തിനങ്ങളുടെ ഉപയോഗം, കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പ്രാദേശികാടിസ്ഥാനത്തിലുള്ള സാങ്കേതിക വിദ്യകളുടെ വികസനം, മണ്ണിന്റെ ഘടനയനുസരിച്ച് മേഖലാടിസ്ഥാനത്തിലുള്ള രാസവള നിർദ്ദേശങ്ങൾ എന്നീ സാങ്കേതിക വിദ്യകളിലൂന്നിയ നെൽകൃഷി വികസനത്തോടൊപ്പം സുഗന്ധ നെൽകൃഷി, മെഡിസിനൽ നെല്ല് എന്നിവയും പ്രോത്സാഹിപ്പിക്കുന്നതാണ്. കൃഷി വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ, പാടശേഖര സമിതികൾ എന്നിവ വഴി നടപ്പിലാക്കുന്ന നെൽകൃഷി പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതാണ്. പദ്ധതിയിൽ 16 കോടി രൂപയാണ് നെൽകൃഷിക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമെ മാക്രോ മാനേജ്മെന്റ് പ്രോഗ്രാമിൽ നിന്ന് 12.14 കോടി രൂപയും അർ.ഐ.ഡി.എഫിൽ നിന്ന് അടിസ്ഥാന സൗകര്യ വികസനത്തിന് 25 കോടി വരെയും നെൽകൃഷി വികസനത്തിന് ലഭ്യമാക്കുന്നതാണ്. നെല്ല് സംഭരണത്തിനുവേണ്ടി ചെലവഴിച്ച 7.69 കോടി രൂപയും ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. തകഴി, വെച്ചൂർ, ആലത്തൂർ

എന്നിവിടങ്ങളിലെ റൈസ് മില്ലുകൾ പുനരുദ്ധരിക്കുന്നതിന് 2.5 കോടി രൂപ അനുവദിക്കുന്നു

46. വാണിജ്യമന്ത്രാലയം കൂടുതൽ സജീവമായ താത്പര്യം വാണിജ്യ വിളകളുടെ കാര്യത്തിൽ പ്രകടിപ്പിച്ചിട്ടുണ്ട്. തേയില, കാപ്പി, കുരുമുളക് തുടങ്ങിയ വിളകളുടെ റീ-പ്ളാന്റിംഗിനും ഉൽപാദന ക്ഷമത ഉയർത്തുന്നതിനും വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുമുള്ള പുതിയ പാക്കേജുകൾക്ക് കേന്ദ്രസഹായത്തോടെ രൂപം നൽകുന്നതാണ്.

47. നമ്മുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ഓരോ സ്ഥലത്തെയും സ്ഥലജല പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ പരിപാടികൾ ആവിഷ്കരിക്കും. ഇതിനുള്ള ഒരടിത്തറ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി രൂപം കൊള്ളും. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അവസാന വർഷത്തിൽ കേരളത്തിലെ ഓരോ നീർത്തടത്തെയും ഭൂപടത്തിൽ രേഖപ്പെടുത്തി ചെറുവിവരണത്തോടെ അച്ചടിച്ച് നീർത്തട ഗ്രാമസഭകൾ വിളിച്ചുചേർത്ത് ചർച്ചയ്ക്ക് വിധേയമാക്കിയിരുന്നു. വിസ്മൃതിയിലാണ്ടുപോയ ഈ നീർത്തടാധിഷ്ഠിത ആസൂത്രണം പുന:രുജ്ജീവിപ്പിക്കുകയാണ്. വിപുലമായ തോതിൽ കൃഷിക്കാരുടെ സംഘടനകളെയും കർഷക തൊഴിലാളികളുടെ യൂണിയനുകളെയും അതുപോലെതന്നെ മറ്റു ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഈ ക്യാമ്പെയിനിലൂടെയായിരിക്കും 11-ാം പഞ്ചവത്സര പദ്ധതിയുടെ ജനകീയ അടിത്തറ രൂപം കൊള്ളുന്നത്. ഇതിലേക്കുള്ള പരിശീലനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ വകുപ്പിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 11-ാം പഞ്ചവത്സര പദ്ധതി കേരളത്തിന്റെ കാർഷിക പുനരുദ്ധാരണത്തിന് ഒരു വഴിത്തിരിവാകും.

48. നീർത്തട അടിസ്ഥാനത്തിലുള്ള ഈ പ്രവർത്തന പരിപാടിക്ക് കർമ്മരൂപം നൽകുന്നതിന് ഒരു മുഖ്യ ചാലക ശക്തിയായി ദേശീയ തൊഴിലുറപ്പുപദ്ധതിയെ പ്രയോജനപ്പെടുത്തുന്നതിനാണ്

ലക്ഷ്യമിടുന്നത്. വയനാട്, പാലക്കാട് ജില്ലകളെയാണ് ഇപ്പോൾ കേന്ദ്രസർക്കാർ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നീർത്തട അടിസ്ഥാനത്തിലുള്ള ഭൂവികസന പരിപാടികളാകുമ്പോൾ സ്വകാര്യ ഭൂമിയിലടക്കമുള്ള ആസ്തി നിർമ്മാണ പ്രവർത്തികൾക്ക് ഈ പദ്ധതിയെ പ്രയോജനപ്പെടുത്താനാകും. ഒരു കുടുംബത്തിന് 125 രൂപ പ്രകാരമുള്ള 100 പ്രവർത്തിദിനങ്ങൾ എന്ന തോതിൽ പണിയെടുക്കാൻ തയ്യാറുള്ള എത്ര കുടുംബങ്ങൾക്ക് വേണമെങ്കിലും ഇതുവഴി തൊഴിൽ നൽകാം. ഈ പദ്ധതികളുടെ പ്രവൃത്തികളുടെ സാധന സാമഗ്രി ചെലവുകൾക്കായി 20 കോടി രൂപ പുതുതായി വകയിരുത്തുന്നു. പുതുതായി 2 ജില്ലകളിൽ കൂടി ഈ പരിപാടി കേരളത്തിലനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. 3 വർഷത്തിനുള്ളിൽ കേരളം മുഴുവൻ ഈ പദ്ധതിക്ക് കീഴിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

49. ഇതുമായി ബന്ധപ്പെട്ട ഒരു സുപ്രധാന പാക്കേജാണ് ആസൂത്രണ കമ്മീഷൻ പഠനസംഘത്തിന് ഈ സർക്കാർ സമർപ്പിച്ച വയനാട് പാക്കേജ്. കടാശ്വാസവും കാർഷിക വില നയങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് പുറമെ 501 കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചിരിക്കുന്നത്. ഓരോ കുടുംബത്തിനും അനിവാര്യമായ കടാശ്വാസ നടപടികൾ സ്വീകരിച്ചശേഷം പുനരുദ്ധാരണത്തിന് ആവശ്യമായ പണം ഗ്രാന്റായും വായ്പയായും നൽകും. പിന്നോക്ക ജില്ലാ വികസന ഫണ്ടിൽ നിന്ന് ഒരു കുടുംബത്തിന് 5000 രൂപ ഗ്രാന്റായും 10000 വരെ രൂപ വിവിധ കേന്ദ്രാവിഷ്കൃത സ്കീമുകളിൽ നിന്നുള്ള വിഹിതമായും ബാക്കി പണം പുതു വായ്പയായും നൽകുന്നതിനുള്ള ബൃഹത്തായ ഒരു സ്കീമാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രോജക്ട് പ്ലാനിംഗ് കമ്മീഷൻ അംഗീകരിക്കുന്ന മുറയ്ക്ക് ആവശ്യമായ സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതാണ്. കേന്ദ്രാസൂത്രണ കമ്മീഷന്റെ തീരുമാനത്തിന് കാത്തുനിൽക്കാതെ തന്നെ തൊഴിലുറപ്പു പദ്ധതികളും ഇപ്പോൾ ലഭ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് വയനാട് പാക്കേജ് നടപ്പാക്കിത്തുടങ്ങും.

50. ഇത്തരം പാക്കേജുകൾ ഇടുക്കി, പാലക്കാട്, കാസർകോട് ജില്ലകളിലും കാർഷിക തകർച്ച നേരിടുന്ന പ്രദേശങ്ങളിലും നടപ്പിലാക്കണമെന്ന് കേന്ദ്ര പഠനസംഘത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വയനാടിനും പാലക്കാടിനും പുറമെ ഇടുക്കി, കാസർകോട് ജില്ലകളെയും പിന്നാക്ക പ്രദേശ ഗ്രാന്റ് ഫണ്ടിന് കീഴിലും കൊണ്ടുവരണമെന്ന് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ ജില്ലകളിലും നീർത്തട അടിസ്ഥാനത്തിലുള്ള കർമ്മപരിപാടി തയ്യാറാക്കേണ്ടതുണ്ട്.

51. അവസാനമായി കാർഷിക വിപണനത്തിന്റെയും സംസ്കരണത്തിന്റെയും കാര്യം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ആസൂത്രണത്തിൽ അവഗണിക്കപ്പെട്ട മേഖലകളാണ് ഇവ രണ്ടും. അതിന്റെ തിരിച്ചടികൾ നാം ഇന്ന് അനുഭവിക്കുന്നു. രാഷ്ട്രപതിയുടെ പ്രത്യേക ദൗത്യ സ്കീമിലുള്ള 6 കോടി രൂപയും സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷന്റെ പരിപാടികളിൽ നിന്ന് മൂല്യവർദ്ധന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പണം കണ്ടെത്താവുന്നതാണ്. ഇതിനുപരി ആർ.ഐ.ഡി.എഫിൽ നിന്നും 5 കോടി രൂപ അടിസ്ഥാന വികസനത്തിന് വകയിരുത്തിയിട്ടുണ്ട്.

52. കാർഷിക ഗ്രാമീണ വികസനത്തിനുള്ള മുഖ്യ വായ്പാ സ്രോതസ്സിലൊന്ന് നബാർഡാണ്. 2006-07ലെ നബാർഡിന്റെ 253 കോടി രൂപ ഏതാണ്ട് പൂർണ്ണമായും അനുവദിച്ചുകഴിഞ്ഞു. ഇനിയും 100 കോടി രൂപ കൂടുതലായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നുണ്ട്. എന്നാൽ നബാർഡ് വായ്പകൾ വിനിയോഗിക്കുന്നതിന്റെ കുറ്റകരമായ അനാസ്ഥ കൂടുതൽ വായ്പയെടുക്കുന്നതിന് തടസ്സമായി തീർന്നിരിക്കുകയാണ്. കഴിഞ്ഞ 7 വർഷത്തിനിടയിൽ അനുവദിച്ച 1365 കോടി രൂപയിൽ 625 കോടി രൂപ മാത്രമേ ഇതുവരെ ചെലവഴിച്ചിട്ടുള്ളൂ. ആർ.ഐ.ഡി.എഫ് വായ്പകൾ മോണിറ്റർ ചെയ്യുന്നതിന് ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.

**മൃഗസംരക്ഷണവും ക്ഷീരവികസനവും**

53. മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ കന്നുകുട്ടി പരിപാലനം, തീറ്റപ്പുൽക്കൃഷി, വീട്ടുവളപ്പിലെ കോഴിവളർത്തൽ എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള പരിപാടികൾക്കാണ് ലക്ഷ്യമിടുന്നത്. കന്നുകുട്ടി പരിപാലന പരിപാടിക്ക് 3 കോടി രൂപ വകയിരുത്തുന്നു. കേരളം ഒരു കാലിരോഗ വിമുക്ത മേഖലയാക്കുന്നതിനുള്ള പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കും. മൃഗസംരക്ഷണ മേഖലയിലെ ഫാമുകളുടെ വികസനത്തിനും പൂക്കോട് വെറ്ററിനറി കോളേജിന്റെ വികസനത്തിനും ആർ.ഐ.ഡി.എഫിൽ നിന്ന് 20 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

54. എറണാകുളത്തെ ലൈവ്സ്റ്റോക്ക് ആന്റ് മറൈൻ പ്രോഡക്ട്സ് ടെസ്റ്റിംഗ് ലബോറട്ടറി അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തും. പാലോടുള്ള ബയോളജിക്കൽ പ്രോഡക്ഷൻ കോംപ്ലക്സ് ജി.എം.പി നിലവാരങ്ങൾക്കനുസൃതമാക്കും. മാട്ടുപ്പെട്ടി ഫാമിനെ ഫാം ടൂറിസവുമായിട്ടു കൂടി ബന്ധപ്പെടുത്തും

**മത്സ്യമേഖല**

55. മത്സ്യമേഖലയാണ് അവഗണിക്കപ്പെട്ടുവന്ന മറ്റൊരു മേഖല. നടപ്പു വർഷത്തിൽ സുനാമി പുനരധിവാസ പ്രോജക്ടിന്റെ ഭാഗമായി 184 കോടി രൂപയാണ് തീരദേശമേഖലയിൽ ചെലവഴിക്കുന്നത്. ഈ പ്രോജക്ടിന്റെ ഭാഗമായി 3 വർഷത്തേയ്ക്ക് ലഭിക്കുന്ന ധനസഹായവും, അടുത്ത 4 വർഷക്കാലത്ത് കടൽഭിത്തി നിർമ്മാണത്തിന് 12–ാം ധനകാര്യ കമ്മീഷൻ അനുവദിച്ചിരിക്കുന്ന തുകയും (175 കോടി രൂപ), വിവിധ ഡിപ്പാർട്ടുമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഏജൻസികളിൽ നിന്ന് തീരദേശമേഖലയ്ക്ക് നീക്കിവയ്ക്കാൻ കഴിയുന്ന പണം ഇവയെല്ലാം സംയോജിപ്പിച്ച് 3000 കോടി രൂപയുടെ ഒരു സമഗ്ര തീരദേശ വികസന പരിപാടി തയ്യാറാക്കുന്നതാണ്. എല്ലാ കുടുംബ ങ്ങൾക്കും വീട്, എല്ലാ വീട്ടിലും വെള്ളവും വെളിച്ചവും കക്കൂസും ലഭ്യമാകുക എന്നിവ ഈ പരിപാടിയുടെ ഒരു മുഖ്യ ലക്ഷ്യമാണ്. അതുപോലെ തന്നെ തീരദേശ റോഡുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ,

ഹാർബറുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും തീരസംരക്ഷണ പ്രവർത്തനങ്ങളും സാമൂഹ്യവനവത്കരണവും ഈ സമഗ്ര പരിപാടിയിൽ ഉൾപ്പെടുന്നു. തീരദേശ തൊഴിലുകളെ വൈവിധ്യവൽകരിക്കുന്നതിനും മൂല്യവർദ്ധിത ഉത്പാദനത്തിലേയ്ക്ക് മാറുന്നതിനും പദ്ധതികൾ തയ്യാറാക്കുന്നതാണ്. ഇത്തരം ഒരു സമഗ്ര പരിപാടി തയ്യാറാക്കുന്നതിന് ആസൂത്രണ ബോർഡിന് 50 ലക്ഷം രൂപ നൽകുന്നു.

56. മുതലപ്പൊഴി, പൊന്നാനി, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണിയാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിനുപുറമെ തോട്ടപ്പള്ളി, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖങ്ങൾക്ക് കേന്ദ്രസർക്കാർ യഥാക്രമം 14.58 കോടി രൂപയും 35.45 കോടി രൂപയും അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാന വിഹിതമായി 1 കോടി രൂപ വീതം നീക്കിവയ്ക്കുന്നു. ആവശ്യാനുസരണം കൂടുതൽ സംസ്ഥാനവിഹിതം ലഭ്യമാക്കുന്നതാണ്. ഇതുപോലെ കേന്ദ്രസർക്കാർ ധനസഹായം പ്രതീക്ഷിക്കുന്ന കാസർകോട് മത്സ്യബന്ധന തുറമുഖത്തിന് 5 ലക്ഷം രൂപയും മറ്റു മത്സ്യബന്ധന തുറമുഖ നിർദ്ദേശങ്ങളുടെ സാധ്യതാ പഠനങ്ങൾക്ക് വേണ്ടി 10 ലക്ഷം രൂപയും നീക്കിവയ്ക്കുന്നു.

57. മത്സ്യത്തൊഴിലാളികൾക്ക് 15000 കി.ലി. മണ്ണെണ്ണ വേണ്ടതിൽ 2500 കി.ലി. മാത്രമെ കുറഞ്ഞ വിലയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്നുള്ളൂ. ഇത് കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഏറ്റവും നീറുന്ന പ്രശ്നമാണ്. എസ്.ടി.സി. വഴി മത്സ്യഫെഡ് നേരിട്ട് മണ്ണെണ്ണ ഇറക്കുമതി ചെയ്ത് വില കുറച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നതാണ്. കുറഞ്ഞനിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.

## പരമ്പരാഗത വ്യവസായങ്ങൾ

58. സമ്പൂർണ്ണ തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കും എന്നതായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തിയ ഒരു

പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനം. കേരളത്തിലെ പരമദരിദ്രരായ ജനവിഭാഗങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിന് ചില പുതിയ നടപടികൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നു.

59. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കയർ. ഈ മേഖലയിൽ 60–കളുടെ അവസാനത്തോടെ നടത്തിയ കയർ വ്യവസായ പുന:സംഘടനയുടെ ഒരു പുത്തൻ പതിപ്പ് ഇന്ന് അത്യന്താപേക്ഷിതമായിരിക്കുകയാണ്. 11–ാം പഞ്ചവത്സര പദ്ധതിയിൽ ഈ വ്യവസായ പുനസംഘടന പദ്ധതി നടപ്പിലാക്കും. ഇതിന് മുന്നോടിയായി പ്രകടന പത്രികയിലെ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്കീമുകൾ പുതുതായി നടപ്പിലാക്കുന്നതാണ്. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 14 കോടി രൂപ നീക്കി വയ്ക്കും. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളായോജന ഈ സഹകരണ സംഘങ്ങളോട് ബന്ധപ്പെടുത്തിയായിരിക്കും നടപ്പാക്കുന്നത്. കയർ മാറ്റ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2 കോടി രൂപ വകയിരുത്തുന്നു. ഡിപ്പോക്കാരെ ഒഴിവാക്കി കയർ ഉത്പന്ന മേഖലയെ അടിയന്തിരമായി പുന:സംഘടിപ്പിക്കും. ഇതിനുവേണ്ടി കയർ ക്രയവില നടപ്പാക്കൽ സ്കീമിന് വേണ്ടി 2 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഡിപ്പോയ്ക്ക് ബദലായി കയർ ചെറുകിട ഉത്പാദക സഹകരണ സംഘങ്ങളെയും പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിലുള്ള കയർ കോമൺ ഫെസിലിറ്റി സെന്ററുകളെയും ശക്തിപ്പെടുത്താനും ഈ പണം വിനിയോഗിക്കാവുന്നതാണ്. ചകിരിയുടെ ദൗർലഭ്യവും വിലക്കയറ്റവുമാണ് വ്യവസായം നേരിടുന്ന ഒരു മുഖ്യ പ്രശ്നം. കേരളത്തിലെ തൊണ്ടിന്റെ 50 ശതമാനം സംസ്കരിച്ച് ചകിരിയാക്കി വ്യവസായത്തിന് ലഭ്യമാക്കാൻ നടപടിയെടുക്കുമെന്ന വാഗ്ദാനം പാലിക്കാനുള്ള നടപടിക്ക് ഈ ബജറ്റിൽ തുടക്കം കുറിക്കും. പരമ്പരാഗത കയർ മേഖലയ്ക്ക് പുറത്ത് പച്ചത്തൊണ്ട് മില്ലുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകാൻ 5 കോടി രൂപ വകയിരുത്തുകയാണ്. ഈ മില്ലുകൾക്കാവശ്യമായ തൊണ്ട് സംഭരിച്ച് നൽകുന്നതിനും കുടുംബശ്രീക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് 5

കോടി രൂപ ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു പഞ്ചായത്തുകളുമായി സഹകരിച്ച് മാച്ചിംഗ് ഗ്രാന്റായിട്ടാണ് ഈ തുക ഉപയോഗപ്പെടുത്തേണ്ടത്.

60. കയർ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായം കശുവണ്ടി സംസ്കരണമാണ്. യു.ഡി.എഫ് സർക്കാരിന്റെ അനുഗ്രഹാശിസ്സുകളോടെ അംഗീകൃത വേതന കൂലി വ്യവസ്ഥകൾ ഇല്ലാത്ത വലിയൊരു അസംഘടിത മേഖല വളർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൂർണ്ണമായ കൂലിയും ആനുകൂല്യങ്ങളും നൽകുന്ന പൊതുമേഖലയുടെ സംരക്ഷണം തൊഴിലാളി ക്ഷേമത്തിന് പരമ പ്രധാനമാണ്. ഇതു മനസ്സിലാക്കിക്കൊണ്ട് നിലവിലുള്ള പദ്ധതി വിഹിതം രണ്ടു കോടി രൂപയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ച് കശുവണ്ടി കോർപ്പറേഷനും കാപ്പെക്സിനും വേണ്ടി മാറ്റി വയ്ക്കുകയാണ്. ഇതിനു പുറമെ ഒറ്റത്തവണ തീർപ്പാക്കലിന്റെ ഭാഗമായി കശുവണ്ടി കോർപ്പറേഷന്റെ കട ബാദ്ധ്യത തീർക്കുന്നതിലേയ്ക്ക് പദ്ധതിയേതര ചെലവായി 20 കോടി രൂപ കൂടി വകയിരുത്തുന്നുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങളെ തടയുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും കാഷ്യു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതാണ്.

61. കണ്ണൂരിലെ ബീഡി തൊഴിലാളികൾക്ക് ഒരു പ്രത്യേക പുനരധിവാസ പാക്കേജ് ഉണ്ടാക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി വാഗ്ദാനം ചെയ്തിരുന്നു. തൊഴിലാളി സഹകരണ പ്രസ്ഥാനത്തിന്റെ അഭിമാന സ്തംഭമായി പരിലസിച്ചിരുന്ന ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ വൈവിധ്യവൽക്കരണ പരിപാടിക്ക് 4 കോടി രൂപ പ്രത്യേക ധന സഹായമായി നൽകുന്നതാണ്.

62. കൈത്തറി മേഖലയിൽ നിലവിലുള്ള സ്കീമുകൾക്കുള്ള 15.6 കോടി രൂപയ്ക്കു പുറമേ 5 കോടി രൂപ കൂടി പദ്ധതി വിഹിതമായി നൽകും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കണ്ണൂരിൽ സ്ഥാപിക്കുന്നതിന് 10 ഏക്കർ സ്ഥലവും ധനസഹായവും ലഭ്യമാക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു. ബാംബൂ കോർപ്പറേഷന് 2

കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു. ഇതു സംബന്ധിച്ച പ്രത്യേക സ്കീം തയ്യാറാക്കി ആസൂത്രണ ബോർഡിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈയിൽ പാർക്ക് പാലക്കാട് സ്ഥാപിക്കുന്നതാണ്.

63. തെരഞ്ഞെടുക്കപ്പെട്ട വെള്ളക്കക്ക സഹകരണ സംഘങ്ങളിൽ കുമ്മായ ചൂളകൾ സ്ഥാപിക്കുന്നതിന് ഞാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു.

64. പരമ്പരാഗത വ്യവസായ മേഖലയിൽ ഈ സ്കീമുകളുടെ എല്ലാം വിശദമായ പരിപാടി തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസികൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരം നേടേണ്ടതാണ്.

## പുതിയ വളർച്ചാ മേഖലകൾ

65. പരമ്പരാഗത മേഖലകളെ പുനരുജ്ജീവിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചാ സാദ്ധ്യതയുള്ള പുതിയ വളർച്ചാ മേഖലകളിൽ ഊന്നുന്നതിന്റെ പ്രാധാന്യം നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. ഈ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വിദേശ മുതലാളികളുടെ നിക്ഷേപത്തെ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനായി സംസ്ഥാന സർക്കാരിനും കെ.എസ്.ഐ.ഡി.സി. യ്ക്കും കിൻഫ്രയ്ക്കും നിർണ്ണായക ഓഹരി പങ്കാളിത്തമുള്ള കമ്പനി കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ മാതൃകയിൽ ആരംഭിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുകയാണ്. തിരുവനന്തപുരം - കൊല്ലം ദേശീയ പാതയിൽ ഒരു ഹൈടെക് കോറിഡോർ തയ്യാറാക്കലായിരിക്കും കമ്പനി ഏറ്റെടുക്കുന്ന പ്രധാന ദൗത്യങ്ങളിൽ ഒന്ന്. എല്ലാ പശ്ചാത്തല സൗകര്യങ്ങളും ആവശ്യമായ പിന്തുണ സർവ്വീസുകളും ഒരുക്കി ചെറുതും വലുതുമായ ഹൈടെക് വ്യവസായ പാർക്കുകൾ ഒരു പാക്കേജായി തത്പരരായ നിക്ഷേപകർക്ക് ലഭ്യമാക്കുന്നതിനാവും കമ്പനി ശ്രമിക്കുന്നത്.

66. തിരുവനന്തപുരത്തെ ടെക്നോപാർക്കും മറ്റ് അനുബന്ധ പാർക്കുകളും ഇപ്പോൾ തന്നെ പൂർണ്ണശേഷി വിനിയോഗത്തിലേയ്ക്ക് നീങ്ങുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ടെക്നോ സിറ്റി പ്രോജക്ടിന് ഭൂമി വാങ്ങുന്നതിനും പ്രാരംഭ പ്രവർത്തനത്തിനും വേണ്ടി 20 കോടി രൂപ വകയിരുത്തുകയാണ്.

67. കേന്ദ്ര ഭക്ഷ്യ സംസ്കരണ വകുപ്പിന്റെ ധനസഹായത്തോടെ വയനാട് ജില്ലയിൽ കിൻഫ്ര ഒരു വൻകിട ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്കിന് ഈ വർഷം തുടക്കം കുറിക്കും. പാലക്കാട് ജില്ലയിൽ 13 പഞ്ചായത്തുകളിലായി കേരള ഇൻഡസ്ട്രിയൽ സിങ്കിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്പ്മെന്റ് ആക്ട് പ്രകാരം വിപുലമായ ഒരു പ്രദേശത്തെ ഉൾക്കൊള്ളിച്ചു കൊണ്ടു വ്യവസായ ടൗൺഷിപ്പ് [illegible] സ്ഥാപിക്കും.

68. ടൂറിസമാണ് മറ്റൊരു സുപ്രധാന വളർച്ചാ മേഖല. ഈ മേഖലയ്ക്ക് വാർഷിക പദ്ധതിയിൽ 77.57 കോടി രൂപയാണ് മൊത്തത്തിൽ വകയിരുത്തിയിരിക്കുന്നത്. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിച്ചു കൊണ്ടുള്ള പ്രത്യേക ടൂറിസം മേഖലകൾ വികസിപ്പിക്കുകയും, ഹെൽത്ത് ടൂറിസം, അഡ്വഞ്ചർ ടൂറിസം, പിൽഗ്രിമേജ് ടൂറിസം, ഇക്കോ ടൂറിസം തുടങ്ങിയ പുതിയ സമ്പ്രദായങ്ങളിൽ ഊന്നൽ കൊടുത്തുമാണ് സ്കീമുകൾ ആവിഷ്കരിച്ചിട്ടുള്ളത്. മലബാർ പ്രദേശത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക ഗ്രാമ ടൂറിസം വികസന പരിപാടി നൽകിയിട്ടുണ്ട്. ടൂറിസത്തിനാവശ്യമായ പരിശീലനം നൽകുന്നതിന് കൂടുതൽ പണം അനുവദിക്കുന്നതാണ്.

69. ഫോർട്ട് കൊച്ചി പോലെ ഹെറിറ്റേജ് പട്ടണ പ്രദേശങ്ങളായി വികസിപ്പിക്കുന്നതിന് സാധ്യതകളുള്ള കേന്ദ്രങ്ങളാണ് ആലപ്പുഴയും, തലശ്ശേരിയും, തിരുവനന്തപുരത്തെ കോട്ടയ്ക്കകവും. ഇതിനാവശ്യമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതാണ്. ആലപ്പുഴയിലെ കനാൽ നവീകരണത്തിന്റെ വാർഷിക ചെലവുകൾക്കായി 10 ലക്ഷം രൂപ

അനുവദിക്കുന്നു. ഇതുപോലെ ആലപ്പുഴയുടെ മുനിസിപ്പല്‍ സ്റ്റേഡിയത്തിന്റെ പൂര്‍ത്തീകരണത്തിനും 1 കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു. പൗരാണിക കാലംമുതലുള്ള പ്രദേശമാണ് കൊടുങ്ങല്ലൂര്‍. ഭഗവതിക്ഷേത്രം, ചേരമാന്‍ മസ്ജിദ്, അഴീക്കോട് പള്ളി, കൊടുങ്ങല്ലൂര്‍ കോവിലകം, കോട്ടപ്പുറം കോട്ട, പട്ടണത്തെ പുരാവസ്തു പ്രദേശം, ചേന്ദമംഗലത്തെ ജൂതപ്പള്ളി ഇവയെല്ലാം ബന്ധപ്പെടുത്തി മുസിരിസ് പൈതൃക പ്രോജക്ടിന് രൂപം നല്‍കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഈ ചരിത്ര പ്രോജക്ടിന് സാങ്കേതിക ഉപദേശം നല്‍കുന്നത് കേരള കൗണ്‍സില്‍ ഫോര്‍ ഹിസ്റ്ററിക്കല്‍ റിസര്‍ച്ചായിരിക്കും.

70. ശബരിമല തീര്‍ത്ഥാടന കേന്ദ്രത്തിനുള്ള സമഗ്രവികസന മാസ്റ്റര്‍ പ്ലാന്‍ എത്രയും പെട്ടെന്ന് പൂര്‍ത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

71. മലബാര്‍ ടൂറിസം പദ്ധതിയുടെ പ്രവര്‍ത്തനത്തിനു 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

72. തിരുവമ്പാടി കേന്ദ്രീകരിച്ച് ടൂറിസം കോറിഡോര്‍ പ്രോജക്ടിന്റെയും എറണാകുളം ജില്ലയിലെ കടമ്പ്രയാര്‍ ടൂറിസം പ്രോജക്ടിന്റെയും പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കുന്നതിനു 10 ലക്ഷം രൂപ വീതം അനുവദിക്കുന്നു. കൂടാതെ പാതിരാമണല്‍ ബയോപാര്‍ക്കായി വികസിപ്പിക്കുന്നതിന് പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കാന്‍ മുഹമ്മ പഞ്ചായത്തിന് 10 ലക്ഷം രൂപ കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗണ്‍സില്‍ അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോര്‍ട്ട് പരിശോധിച്ച ശേഷം തുടര്‍ പ്രവര്‍ത്തനങ്ങളെ കുറിച്ച് സര്‍ക്കാര്‍ പരിഗണിക്കും.

<u>പൊതുമേഖല</u>

73 പൊതുമേഖലയുടെ സംരക്ഷണവും പുനരുദ്ധാരണവുമാണ് വ്യവസായ വികസന നയത്തിന്റെ കാതലായ വശം. പൊതുമേഖലാ

വ്യവസായ സ്ഥാപനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിലനിൽക്കണം. ഓരോ പൊതുമേഖലാ സ്ഥാപനത്തെയും പ്രത്യേകമായി എടുത്ത് പരിശോധിച്ച് ഉറപ്പു വരുത്തിയതിനുശേഷം വേണം ഇന്ന് നമുക്കു നീക്കിവയ്ക്കാൻ കഴിയുന്ന പരിമിതമായ ബജറ്റ് വിഹിതം ചെലവഴിക്കേണ്ടത്

74. ശാസ്ത്രീയമായൊരു സമയബന്ധിത പുനരുദ്ധാരണ പരിപാടി തയ്യാറാക്കി അത് നടപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധതയുണ്ടെങ്കിൽ നമ്മുടെ പല പൊതുമേഖലാ സ്ഥാപനങ്ങളെയും താരതമ്യേന ചെറിയ ഒരു ബജറ്റ് സഹായത്തോടെ രക്ഷപ്പെടുത്താനാകും. ഓരോ വ്യവസായ ശാലയുടെയും സ്ഥിതി വിശകലനം ചെയ്യാൻ ഞാൻ ഒരുമ്പെടുന്നില്ല. എങ്കിലും സാമാജികരുടെ മുന്നിൽ ആലപ്പുഴയിലെ പൊതുമേഖലാ മരുന്നുകമ്പനിയായ കെ.എസ്.ഡി.പി. യുടെ നില വിശദീകരിക്കട്ടെ. കഴിഞ്ഞ അഞ്ചു വർഷമായി കമ്പനിയിൽ ഉത്പാദനം നടക്കുന്നതേയില്ല. തൊഴിലാളികൾക്ക് 2 വർഷത്തോളം ശമ്പളം കുടിശ്ശികയായി. സർക്കാർ ആശുപത്രികളുടെ മരുന്നിന്റെ 15 കോടിയോളം രൂപയുടെ ഓർഡർ നൽകുകയും 5 കോടി രൂപ വായ്പയായി അനുവദിക്കുകയും ചെയ്താൽ ഫാക്ടറി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് തൊഴിലാളി യൂണിയനുകൾ തയ്യാറാക്കിയ പുനരുദ്ധാരണ സ്കീം വ്യക്തമാക്കി. പുനരുദ്ധാരണ സ്കീമിന് വിദഗ്ധ അംഗീകാരവും ലഭിച്ചു. എന്നാൽ വി.ആർ.എസ്സി നല്ലാതെ മറ്റൊന്നിനും പണം ചെലവഴിക്കാൻ മുൻ സർക്കാർ തയ്യാറായില്ല. പൊതുമേഖലാ സ്ഥാപനത്തിന് ഓർഡർ നൽകുന്നതിന് ഉണ്ടായിരുന്ന അംഗീകൃതമായ മുൻഗണനയും ഇല്ലാതാക്കി. അവസാനം തെരഞ്ഞെടുപ്പിന് തൊട്ട് മുമ്പ് മരുന്നിന്റെ ഓർഡറിന്റെ മുൻകൂറായി രണ്ട് കോടി രൂപ കനിഞ്ഞ് അനുവദിച്ചു. പല നൂലാമാലകൾ കൊണ്ട് അതിലൊരു ഭാഗം മാത്രമേ ഇതുവരെ വിനിയോഗിക്കാനും കഴിഞ്ഞുള്ളൂ. ഔഷധമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം യു.പി.എ സർക്കാരിന്റെ പൊതുമിനിമം പരിപാടിയിൽ പോലും സ്ഥാനം പിടിച്ചതു കാലത്താണ് കെ.എസ്.ഡി.പി യുടെ ഈ ദുർഗതി എന്നോർക്കുക.

75 ഈയൊരു പശ്ചാത്തലത്തിൽ പൊതുമേഖലാ പുനരുദ്ധാരണ പരിപാടിയുടെ പ്രഥമ വെല്ലുവിളിയായി കെ.എസ്.ഡി.പി പുനരുദ്ധാരണം ഏറ്റെടുക്കുകയാണ്. ഈ പൊതുമേഖലാ സ്ഥാപനത്തിന് ഡിപ്പാർട്ട്മെന്റൽ മരുന്നു വാങ്ങലിൽ മുൻഗണന നൽകുന്നതിന് ബഹു. ആരോഗ്യമന്ത്രി മുൻകൈയെടുത്തിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ മൊത്തമായി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള പണവും മരുന്നിന്റെ വിലയായി മുൻകൂറായി അനുവദിക്കും. ആന്റി ബയോട്ടിക്കുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടിയും അത്യാവശ്യം മെയിന്റനൻസിനും സ്റ്റാറ്റ്യൂട്ടറി ബാധ്യതയിൽ ഒരു ഭാഗം അടച്ചു തീർക്കുന്നതിനും 3 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു. തങ്ങളുടെ ശമ്പളകുടിശ്ശിക 4 വർഷം കൊണ്ട് തീർത്താൽ മതിയെന്നും പുനരുദ്ധാരണ സ്കീമനുസരിച്ച് പ്രവൃത്തിയിലും പ്രവൃത്തി വിഭജനത്തിലും ഉചിതമായ മാറ്റങ്ങൾക്ക് സമ്മതമാണെന്നും യൂണിയനുകൾ അറിയിച്ചിട്ടുണ്ട് ഇതെല്ലാം സംബന്ധിച്ച ധാരണാ പത്രവും മാനേജ്മെന്റും യൂണിയനുകളും ആരോഗ്യ-വ്യവസായ ഡിപ്പാർട്ട്മെന്റുകളും സംയുക്തമായി ഒപ്പുവയ്ക്കും. നടപ്പുവർഷം തന്നെ കമ്പനി ലാഭത്തിൽ പ്രവർത്തിപ്പിക്കാനാകും എന്നാണ് കരുതുന്നത്

76. ഐശ്വര്യവർഷത്തിൽ അവതരിപ്പിച്ച പദ്ധതിയിൽ 5 കോടി രൂപയാണ് എല്ലാ പൊതുമേഖലാ വ്യവസായ ശാലകൾക്കും വേണ്ടി നീക്കി വച്ചത്. ഇത് 40 കോടി രൂപയായി ഞാൻ ഉയർത്തുകയാണ്. ഈ തുക അപര്യാപ്തമാണെന്നറിയാം. എന്നാൽ ഓരോ പൊതുമേഖലാ സ്ഥാപനത്തെയും കെ.എസ്.ഡി.പി യുടെ കാര്യത്തിലെന്ന പോലെ പ്രത്യേകമായി പരിശോധിച്ച് പുനസംഘടനാ സ്കീം തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം വാണിജ്യാടിസ്ഥാനത്തിൽ ലാഭകരമായി പ്രവർത്തിക്കാൻ കഴിയും എന്നുറപ്പുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സർക്കാർ വായ്പകൾ ഓഹരിയായി മാറ്റുന്നതിനും ബാങ്കുകളിൽ നിന്നുള്ള വായ്പകൾ ഒറ്റത്തവണ തീർപ്പാക്കി രണ്ടോ മൂന്നോ വർഷം കൊണ്ട് അടച്ചു തീർക്കുന്നതിനും ഉള്ള ഏർപ്പാട് ഉണ്ടാകും. ഇതിനാവശ്യമായ

കൂടുതൽ പണം ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നതാണ് ഇതിനുള്ള സാങ്കേതിക ഉപദേശം നൽകാൻ കഴിയും വിധം റിയാബിനെ ശക്തിപ്പെടുത്തുകയും മറ്റ് മാനേജ്മെന്റ് വിദഗ്ദ്ധരുടെ സഹായം തേടുകയും ചെയ്യും.

77. പൊതു മേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യുന്നതിന് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുന്നതാണ്.

78. കേരളത്തിലെ ഇലക്ട്രോണിക് വ്യവസായത്തിന് നേതൃത്വം നൽകുവാൻ കഴിവുള്ളതും പ്രാപ്തിയുള്ള സ്ഥാപനമായി കെൽട്രോണിനെ പുനരുദ്ധരിക്കുന്നതിന് ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകി കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്രവർത്തനരഹിതമായിരിക്കുന്ന യൂണിറ്റുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേക്ക് 10 കോടി രൂപ വകയിരുത്തുന്നു.

## വൈദ്യുതി

79 വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ സംരക്ഷിക്കുകയെന്നതാണ് കേരള സർക്കാരിന്റെ നയം. നടപ്പുവർഷത്തിൽ 5 വൈദ്യുതി പ്രോജക്ടുകളുടെ പൂർത്തീകരണവും 2 എണ്ണത്തിന്റെ അപ്ഗ്രഡേഷനും വഴി 143 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനും, വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതു വഴി 2 ശതമാനം പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 5 ലക്ഷം പേർക്ക് വൈദ്യുതി കണക്ഷൻ ഈ വർഷം നൽകും. ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ളവർക്ക് സൗജന്യമായിട്ടായിരിക്കും കണക്ഷൻ നൽകുക. 50 മെഗാവാട്ട് കാറ്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികളെല്ലാം ത്വരിതപ്പെടുത്തും. മീൻവല്ലം മൈക്രോ ജലവൈദ്യുത പദ്ധതി ആർ.ഐ.ഡി.എഫ്. സഹായത്തോടെ നടപ്പിലാക്കും.

## ഗതാഗതം

80. ഗതാഗതമേഖലയിൽ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസരിച്ച് റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഗതാഗത സംവിധാന ശൃംഖലയിൽ മറ്റു മാർഗ്ഗങ്ങളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിന് ബോധപൂർവ്വം പരിശ്രമിക്കും. ഇതിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയുന്ന മേഖലയാണ് ജലഗതാഗതം. 12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ചുള്ള തുക ഈ മേഖലയിൽ ചെലവഴിക്കേണ്ടതുണ്ട്. കോവളം മുതൽ നീലേശ്വരം വരെ യുള്ള 12 മീറ്റർ വീതിയും 1.5 മീറ്റർ ആഴവുമുള്ള കനാൽ ശൃംഖലയുടെ നിർമ്മാണ പ്രവർത്തികൾക്കാണ് ഈ പണം ഉപയോഗപ്പെടുത്തുക. തീരദേശ ചരക്ക് കടത്തിനും മത്സ്യബന്ധനത്തിനു സഹായകരമായ രീതിയിൽ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കണം. വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾക്കാണ് ഇപ്പോൾ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്

81. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ ലക്ഷദ്വീപിലേയ്ക്കുള്ള യാത്രക്കാരുടെയും ചരക്ക് കടത്തിന്റെയും ആവശ്യങ്ങൾ മുൻനിർത്തി വികസിപ്പിക്കുന്നതാണ്. ബേപ്പൂരിൽ ഒരു പാസഞ്ചർ ടെർമിനൽ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു. തങ്കശ്ശേരി തുറമുഖത്തിന് 20 ലക്ഷം രൂപ അനുവദിക്കുന്നു. വിഴിഞ്ഞം ഡീപ്പ്‌വാട്ടർ ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന് ഇപ്പോൾ തന്നെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ക്ലിയറൻസ് ലഭിച്ച് പണി ആരംഭിച്ചു കഴിഞ്ഞാൽ കൂടുതൽ പണം ലഭ്യമാക്കുന്നതാണ്

82. കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് വിസ്മയകരമായ പശ്ചാത്തല വികസന സംരംഭത്തിന് ദേശീയ തലത്തിൽ തന്നെ ഒരു മാതൃകയായിരിക്കുകയാണ്. കമ്പനിയുടെ വിപുലീകരണത്തിന്റെ ഭാഗമായി അധികം ഓഹരി പുറപ്പെടുവിക്കുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് 26.34 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ

എയർപോർട്ടിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.

83. കേരളത്തിൽ നടപ്പാക്കി വരുന്ന ഏറ്റവും വലിയ റോഡ് വികസന പദ്ധതി, കെ.എസ്.ടി.പി പ്രോജക്ടിന്റെ ഭാഗമായിട്ടാണ് കൂടുതൽ അധികച്ചെലവ് സൃഷ്ടിക്കാതെ ഈ പ്രോജക്ടിന്റെ രണ്ടാം ഘട്ടം എത്രയും വേഗം തീർക്കുന്നതിന് മുൻഗണന നൽകും. തലസ്ഥാന നഗരറോഡ് വികസന പ്രോജക്ടും എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കും. റെയിൽവെ മേൽപ്പാലങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടികൾ എടുക്കുന്നതാണ്. കൊച്ചി മഹാനഗരം വികസനത്തിന്റെ സാധ്യതകൾ ഗതാഗത കുരുക്കിൽ കുടുങ്ങിപ്പോവുകയില്ല എന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടി ഒരു മേഖലാ ഏജൻസിയെ കൊണ്ട് 6 മാസത്തിനുള്ളിൽ സമഗ്രമായ ഒരു മൾട്ടിമോഡ് സ്ട്രാറ്റജിക് ഓപ്ഷൻ പഠനം നടത്തുന്നതാണ്. സംസ്ഥാനതലത്തിൽ തന്നെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി റോഡ് നിർമ്മാണത്തിനും വികസനത്തിനും ഒരു സമയബന്ധിത ദീർഘകാല കർമ്മപരിപാടി തയ്യാറാക്കും. വയനാട് സമാന്തരപാതയുടെ പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും

84. പൊതുമരാമത്ത് വകുപ്പിന് കെ.എസ്.റ്റി.പി. യ്ക്കുള്ള 575 കോടി രൂപയ്ക്ക് പുറമെ 216 കോടി രൂപ പദ്ധതിയിനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് മെയിന്റനൻസിനുള്ള 139 കോടി രൂപയ്ക്കു പുറമെ 467.65 കോടി രൂപ പദ്ധതിയേതര ഇനത്തിലും വകകൊള്ളിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ ഏറ്റെടുത്തിരിക്കുന്ന ജോലികൾ തീർക്കുന്നതിന് വളരെയധികം സാമ്പത്തിക ബാധ്യതയുണ്ടാകുമെങ്കിലും ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക കുടിശ്ശിക തീർക്കുന്നതിനും ഈ വർഷം തന്നെ നൽകുന്നതാണ്.

85 കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ് കോർപ്പറേഷന്റെ

ദൈനംദിന നടത്തിപ്പിന് പോലും എണ്ണ കമ്പനികൾക്ക് തുടർച്ചയായ നികുതി ഡീഫർമെന്റ് അനുവദിക്കേണ്ടുന്ന നിലയിലാണ്. ഇതിന് പരിഹാരം നിർണ്ണയിച്ചു കൊണ്ട് മുന്നോട്ടു പോകുവാനാവുകയുള്ളൂ. തിരുവനന്തപുരത്തെ ആധുനിക ബസ് ടെർമിനൽ കോംപ്ലക്സിന് ഈ വർഷം തുടക്കം കുറിക്കും. ആവശ്യവും ധനലഭ്യതയും കണക്കിലെടുത്തു കൊണ്ട് കൂടുതൽ ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

86. ഏതാനും വർഷങ്ങൾക്കുള്ളിൽ കെ.എസ്.ആർ.ടി.സി. യെ എണ്ണവാതക ഇന്ധനത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ഒരു പരിപാടി തയ്യാറാക്കും. സമഗ്രമായ ഒരു പുനരുദ്ധാരണ പരിപാടിയുടെ അടിസ്ഥാനത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ലാഭകരമാകുമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഒരു പാക്കേജിന് രൂപം നൽകുന്നതാണ്. പുതിയ ആസൂത്രണബോർഡ് ഇതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കും. നടപ്പുവർഷത്തിൽ ധനസ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ ബസ്സുകൾ വാങ്ങുന്നതിന് 10 കോടി രൂപ ബജറ്റിൽ വകയിരുത്തുകയാണ് ഇപ്രകാരം ധനസ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കപ്പെടും എന്നതിന് പ്രത്യേക ഉറപ്പുകളും ഉണ്ടാകേണ്ടതാണ്.

## നഗരവികസനം

87. നഗരപ്രദേശങ്ങൾ കേരളത്തിന്റെ മൊത്തം ഭൂപ്രദേശത്തിന്റെ 8 ശതമാനം മാത്രമാണെങ്കിലും സംസ്ഥാന ജനസംഖ്യയുടെ 17 ശതമാനവും ഇവിടെയാണ്. സംസ്ഥാന വരുമാനത്തിന്റെ പകുതിയോളവും ഇവിടെ നിന്നാണ് ഉണ്ടാകുന്നത്. ഈ കേന്ദ്രീകരണം കൂടുതൽ ശക്തമാകും എന്നുള്ളതാണ് കൊച്ചി മഹാനഗര വികസനം നൽകുന്ന സൂചന.

88 കൊച്ചി അതിവേഗത്തിൽ ഒരു മഹാനഗരമായി മാറുകയാണ് ഇത് കേരളത്തിന്റെ വികസനത്തിൽ ഒരു പുതിയ അദ്ധ്യായമാണ് വല്ലാർപാടം ടെർമിനൽ. എൽ.എൻ.ജി. ടെർമിനൽ. അന്തർദേശീയ ബങ്കറിംഗ് സൗകര്യം. തുറമുഖാധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, സ്വ

റിൽ മറൈൻ ഹബ് ഗവ. പെട്രോകെമിക്കൽ കോംപ്ലക്സ് തുടങ്ങിയവയെല്ലാം ഈ പ്രദേശത്തേയ്ക്ക് വൻ നിക്ഷേപങ്ങളെ ആകർഷിക്കുകയാണ്. ബാംഗ്ലൂർ സിറ്റി ഇന്നു നേരിടുന്ന പശ്ചാത്തല സൗകര്യ പ്രതിസന്ധി നിരീക്ഷിച്ചാൽ കൊച്ചിയിൽ രൂപം കൊള്ളുവാൻ പോകുന്ന പ്രതിസന്ധി എത്ര രൂക്ഷമാകുമെന്ന് ഊഹിക്കാവുന്നതാണ്.

89 കൊച്ചി മെട്രോയ്ക്ക് ആവശ്യമായ പണം മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതാണ്

90 ഇതുപോലെ തന്നെ തലസ്ഥാന നഗരി എന്ന നിലയിൽ തിരുവനന്തപുരത്തിനും പ്രത്യേകം ഊന്നൽ നൽകുന്നതാണ് ഇതിനകം തുടക്കം കുറിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതാണ്. തിരുവനന്തപുരത്ത് കോർട്ട് കോംപ്ലക്സ് പണിയുന്നതിന് ഈ വർഷം തുടക്കം കുറിക്കുകയാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു. തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി സ്ഥലമെടുക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

91. കോഴിക്കോട് നഗരത്തിലെ ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നഗര സൗന്ദര്യവൽക്കരണത്തിനുവേണ്ടി 3 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു നമ്മുടെ നഗരങ്ങളുടെ വികസനത്തിന് ആവശ്യമായ ഭീമമായ മുതൽ മുടക്ക് സംസ്ഥാന ബജറ്റിൽ നിന്ന് മാത്രമായി കണ്ടെത്തുക അസാധ്യമാണ്. സ്വകാര്യ നിക്ഷേപകരും മറ്റു ഏജൻസികളുടെ ധനസഹായവും കൂടിയേ തീരൂ. നാഷണൽ അർബൻ റിന്യൂവൽ മിഷൻ പദ്ധതിയിൽ ഇതുവരെ ഒരു പ്രോജക്ട് പോലും നൽകുന്നതിന് കഴിഞ്ഞിട്ടില്ല. ഇത് അടിയന്തിരമായി തിരുത്താനാകും. ഇതിനായി സംസ്ഥാന തലത്തിൽതന്നെ ഒരു പ്രത്യേക സെല്ലിന് രൂപം നൽകുന്നതാണ്. സുസ്ഥിര നഗര വികസന പ്രോജക്ട് ഈ വർഷം മുതൽ നടപ്പാക്കുകയാണ്. മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനം സമയബന്ധിതമായി തീർക്കുന്നതിനും ചെലവ്

അധികരിക്കാതിരിക്കുന്നതിനും അവയുടെ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടം ഉറപ്പുവരുത്തുന്നതിനും ജാഗ്രത പുലർത്തുന്നതാണ്.

## ജലസേചനവും കുടിവെള്ളവും

92. നിലവിലുള്ള ഇടത്തരം-വൻകിട ജലസേചന പദ്ധതികൾ അനന്തമായി നീണ്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഒരു സാമ്പത്തിക - സാമൂഹ്യ നീതിശാസ്ത്ര പ്രകാരവും അംഗീകരിക്കാൻ കഴിയാത്തവിധം ഇവയുടെ ചെലവ് ഊതിവീർത്തുകൊണ്ടിരിക്കുകയുമാണ് അതുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ നിലവിലുള്ള പ്രോജക്ടുകൾ തീർക്കുകയെന്ന സമീപനം കൈക്കൊള്ളേണ്ടതുണ്ട്. ഇപ്രകാരം മൂവാറ്റുപുഴ, കാരാപ്പുഴ പ്രോജക്ടുകൾ എത്രയും വേഗം തീർക്കുന്നതിന് ശ്രമിക്കും. ഇതിനു ശേഷമേ പുതിയ പ്രോജക്ടുകൾക്കും എക്സ്റ്റൻഷനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാനാവൂ. കേന്ദ്രാവിഷ്കൃത സ്കീമിൽ പാലക്കാടും പത്തനംതിട്ടയ്ക്കും പുറമെ കൂടുതൽ ജില്ലകൾ അനുവദിപ്പിക്കുന്നതിനു ശ്രമിക്കുന്നതാണ് പ്രാദേശിക ജലസംഭരണികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

93. കേരള വാട്ടർ അതോറിട്ടി ഇതിനകം ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പ്രോജക്ടുകൾ സമയബന്ധിതമായി തീർക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ച് രണ്ടാം ഘട്ടപ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ കുടിവെള്ള സ്കീമുകൾക്കായി വലിയ തോതിൽ പി.വി.സി. പൈപ്പുകൾ വാട്ടർ അതോറിട്ടി പുറമെ നിന്നു വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് സ്വന്തമായി ഉത്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു വ്യവസായശാല [illegible]യിലെ ട്രിയോ പൈപ്പ് കമ്പനി സ്ഥലത്ത് ആരംഭിക്കുന്നതാണ്.

## ഭക്ഷ്യം

94 കേന്ദ്ര സർക്കാർ ഭക്ഷ്യവിതരണ സംരംഭത്തിൽ നിന്നും പിൻമാറുന്നതിന്റെ ഫലമായി സംസ്ഥാനത്തെ പൊതുവിതരണ

സമ്പ്രദായമാകെ താറുമാറായിരിക്കുകയാണ്. സബ്സിഡി നൽകി മുഴുവൻ പാവങ്ങൾക്കും മിതമായ വിലയ്ക്ക് റേഷൻ നൽകുന്നതിനു സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പ് പ്രഖ്യാപിച്ച '3 രൂപയ്ക്ക് ഒരു കിലോ അരി' സ്കീം സെപ്റ്റംബർ വരെ തുടരുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തുകയാണ്. 60 കോടി രൂപ ഇതിനായി നീക്കിവയ്ക്കുകയാണ്. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഈ സ്കീം പുനരാവിഷ്കരിക്കും. ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി മാവേലി സ്റ്റോറുകൾ. ലാഭം മാർക്കറ്റുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയവയുടെ ശൃംഖല ശക്തിപ്പെടുത്തും. സിവിൽ സപ്ലൈസ് കോർപ്പറേഷന് 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതാണ് ഇതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്

## ഭവനനിർമ്മാണം

95. ജനസംഖ്യാ വളർച്ചാ നിരക്ക് അതിവേഗത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന കേരളത്തിൽ എല്ലാവർക്കും വീട് എന്നത് ഇന്നൊരു വിദൂരസ്വപ്നമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു വകുപ്പ് പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പ് എന്നീ പല ഏജൻസികളും ഈ മേഖലയിൽ വളരെ സജീവമാണ്. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഏജൻസി ഹൗസിംഗ് ബോർഡ് തന്നെ. എന്നാൽ കൂടുതൽ സബ്സിഡി നൽകുന്നതിന് ഒരു മത്സര വേദിയായി പാർപ്പിട നിർമ്മാണ രംഗം മാറിക്കൊണ്ടിരിക്കുകയാണ്. അടിയന്തിരമായി തിരുത്തപ്പെടേണ്ട ഒരു പ്രവണതയാണ് ഇത്. എല്ലാ ഏജൻസികളുടെ പ്രവർത്തനങ്ങളെയും വിലയിരുത്തി ഏകോപിപ്പിച്ച് ഒരു സമ്പൂർണ്ണ പാർപ്പിട പരിപാടി തയ്യാറാക്കുന്നതാണ്. ലക്ഷം വീട് പദ്ധതി പ്രകാരമുള്ള വീടുകളുടെ പുനരുദ്ധാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു തിരഞ്ഞെടുപ്പു വാഗ്ദാനമാണ്

ഇതിലേയ്ക്ക് ഹൗസിംഗ് ബോർഡിന് 2.88 കോടി രൂപ അധികമായി വകയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ ഇവയുമായി സംയോജിപ്പിച്ചുകൊണ്ടായിരിക്കും ഈ സ്കീം നടപ്പിലാക്കുക. മൂന്ന് പതിറ്റാണ്ടു മുൻപു കേരളത്തിൽ നടപ്പിലാക്കിയ ഈ പ്രഥമ ഭവന നിർമ്മാണ പദ്ധതിയുടെ ഒരു സാമൂഹ്യ സാമ്പത്തിക പഠനവും ഇതിന്റെ ഭാഗമായി നടത്തുന്നതാണ്. കേന്ദ്രസഹായത്തോടുകൂടിയുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പത്ത് കേന്ദ്രങ്ങളിൽ ഇക്കൊല്ലം നടപ്പിലാക്കും. ഭവന നിർമ്മാണബോർഡ് അതിരൂക്ഷമായ പ്രതിസന്ധിയിലാണ്. സമഗ്രമായിട്ടുള്ള ഒരഴിച്ചു പണി അനിവാര്യമായിരിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ ഈ സ്ഥാപനം സ്വയം പര്യാപ്തമായി പ്രവർത്തിച്ചേ തീരൂ. ഭവന നിർമ്മാണ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനു വിറ്റഴിയാതെ കിടക്കുന്ന വീടുകൾ, ഫ്ളാറ്റുകൾ, കൊമേഴ്സ്യൽ കോംപ്ലക്സിലെ മുറികൾ എന്നിവ അടിയന്തിരമായി വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിനു തീവ്രയത്നം നടത്തും. അതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടുതൽ ആകർഷകമാക്കും.

**ക്ഷേമനിധികൾ**

96. നടപ്പുവർഷത്തിൽ സ്വകാര്യ ആശുപത്രി ജീവനക്കാർ, പീടിക തൊഴിലാളികൾ, സ്വർണ്ണപ്പണിക്കാർ, പാഴ്സൽ സർവ്വീസ് തൊഴിലാളികൾ, ചെറുകിട പ്ലാന്റേഷൻ തൊഴിലാളികൾ, കക്കവാരൽ തൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധി ആരംഭിക്കും. ക്ഷേമനിധികളിൽ നിന്നുള്ള ഒരു വർഷത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുകയുണ്ടായി. കർഷക തൊഴിലാളി പെൻഷൻ മുടക്കമില്ലാതെ എല്ലാ മാസവും നൽകുന്നതിന് 36.17 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. മറ്റു ക്ഷേമനിധികളിൽ നിന്നുള്ള പെൻഷനുകൾ മുടക്കമില്ലാതെ നൽകുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാർ ഉറപ്പുവരുത്തുന്നതാണ്. ഓരോ ബോർഡിന്റെയും സാമ്പത്തിക നില വിശദമായി പഠിച്ചതിനു ശേഷം മാത്രമേ അധിക ധനസഹായം നൽകുകയുള്ളൂ. ഇപ്പോൾ വിതരണം ചെയ്ത ഒരു വർഷത്തെ കുടിശ്ശിക

കൂടി കണക്കിലെടുത്താൽ കഴിഞ്ഞ വർഷം ലഭിച്ചതിന്റെ ഇരട്ടിയിലേറെ പെൻഷൻ തുക 10 ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് ലഭിച്ചതായിട്ടാണ് കണക്കാക്കപ്പെടുന്നത്. അടുത്ത വർഷത്തോടെ കുടിശ്ശിക പൂർണ്ണമായി നൽകി തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിനു ശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞതുപോലെയുള്ള പെൻഷൻ വർദ്ധന നടപ്പിലാക്കുന്നതാണ്

**ആരോഗ്യ മേഖല**

97. ആരോഗ്യ മേഖലയിൽ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് പൊതു ആരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് രണ്ട് കാര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത് ഒന്നാമതായി ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യത. രണ്ടാമത്തേത് ആവശ്യമായ ഡോക്ടർമാരും നേഴ്സുമാരും ഉണ്ടെന്ന് ഉറപ്പു വരുത്തുക. ആശുപത്രികളിൽ മരുന്നു ലഭ്യമാക്കുന്നതിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന മെയിന്റനൻസ് ഗ്രാന്റിന്റെ ഒരു നിശ്ചിത ശതമാനം ഉപയോഗപ്പെടുത്തുന്നതിന് അനുവാദം നൽകും. ഇതിനു പ്രോത്സാഹനമായി സർക്കാരിൽ നിന്നും പ്രത്യേക മാച്ചിംഗ് ഗ്രാന്റ് ബന്ധപ്പെട്ട ആശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനു പ്രത്യേകം നൽകും. ഇതിനു 15 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു. ഡോക്ടർമാരുടെയും നേഴ്സുമാരുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് അടിയന്തിരമായി നികത്തുന്നതിനു നടപടി സ്വീകരിക്കുവാൻ പി.എസ്.സി യോട് അഭ്യർത്ഥിക്കും. കേന്ദ്രാവിഷ്കൃത സ്കീമുകളിൽ നിന്ന് കൂടുതൽ പണം പ്രതീക്ഷിച്ച് ഗ്രാമീണ ആരോഗ്യ മിഷനിൽ നിന്നും കൂടുതൽ പണം ലഭ്യമാക്കുന്നതിന് പരിശ്രമിക്കും. പതിനൊന്നാം പദ്ധതിയുടെ ഭാഗമായി കുടിവെള്ളം, ശുചിത്വം, പോഷകാഹാരം, രോഗ പ്രതിരോധം തുടങ്ങി ബന്ധപ്പെട്ട സ്കീമുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി ഒരു വിപുലമായ ജനകീയ ആരോഗ്യ പ്രസ്ഥാനത്തിന് രൂപം നൽകും. ഇതിനുള്ള സമീപന രേഖ നടപ്പു വർഷത്തിൽ തയ്യാറാക്കും.

98. കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനു തടസ്സം നേരിട്ടു കൊണ്ടിരിക്കുകയാണ്. ഈ മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങളുടെ വിപുലീകരണത്തിനായി 17.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം വണ്ടാനത്തെ പുതിയ കെട്ടിട സമുച്ചയത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതാണ്. ഇതിനായി 4 കോടി രൂപ ഉൾക്കൊള്ളിക്കുന്നു. വടക്കൻ കേരളത്തിലെ ജനങ്ങളാകെ ആശ്രയിക്കുന്ന സ്ഥാപനമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. ഇവിടുത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 4 കോടി രൂപ വകയിരുത്തുന്നു. നഴ്സിംഗ് വിദ്യാഭ്യാസത്തിന് പദ്ധതിയിൽ 1.6 കോടി രൂപ ആയിരുന്നത് ഇപ്പോൾ 8 കോടി ആയി ഉയർത്തുന്നു. മലബാർ ക്യാൻസർ സെന്ററിന് കേന്ദ്രത്തിൽ നിന്നും ലഭിച്ച 5 കോടി രൂപ അനുവദിക്കുന്നു.

99. തിരുവനന്തപുരം ആയുർവേദ കോളേജിന്റെ ഭാഗമായ പൂജപ്പുരയിലെ പഞ്ചകർമ്മ ഗവേഷണ കേന്ദ്ര വികസനത്തിന് 2 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പരിയാരത്ത് ഔഷധിയുടെ കീഴിൽ ഒരു ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള ഹോളിസ്റ്റിക് മെഡിസിൻ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

100. ഹോമിയോ ഔഷധ നിർമ്മാണ രംഗത്തെ പ്രമുഖ സഹകരണ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ വികസനത്തിനായി 1 കോടി രൂപ വകയിരുത്തുന്നു.

101. ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്പൈനൽ സർജ്ജിക്കൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് 1.5 കോടി രൂപയും മെഡിക്കൽ കോളേജുകളിലെ ഹോസ്റ്റൽ സൗകര്യം വിപുലീകരിക്കുന്നതിന് 5 കോടി

രൂപയും അനുവദിക്കുന്നു. കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ സി.റ്റി. സ്കാനർ സ്ഥാപിക്കുന്നതിന് ഈ വർഷം 2 കോടി രൂപ അനുവദിക്കുന്നു.

## വിദ്യാഭ്യാസം

102. വിദ്യാഭ്യാസ-ആരോഗ്യ-ക്ഷേമാദി മേഖലകളിൽ സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്നതാണ് മുഖ്യ വെല്ലുവിളി. സേവന തുറകളിൽ പൊതു സംവിധാനങ്ങൾ പിന്തള്ളപ്പെടുന്നതു വലിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. പാഠ്യ പദ്ധതി പരിഷ്കരണത്തിന്റെ അനിവാര്യ തുടർച്ചയായി നടക്കേണ്ടുന്ന അദ്ധ്യാപക പരിശീലനത്തിനും സ്കൂളുകളിലെ പഠനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും വേണ്ടിയുള്ള സ്കീമുകൾ ശക്തിപ്പെടുത്തും. എല്ലാ സ്കൂളുകളിലും കുറഞ്ഞപക്ഷം വേണ്ടുന്ന പഠനസൗകര്യങ്ങളുടെ നിലവാരം നിശ്ചയിച്ച് അവയില്ലാത്ത ഇടങ്ങളിൽ അവ ലഭ്യമാക്കുന്നതിന് ഒരു സമയ ബന്ധിത പരിപാടി തയ്യാറാക്കും. ഈ മിനിമം നിലവാരം ഉറപ്പുവരുത്തൽ സ്കീമിലേക്ക് 5 കോടി രൂപ വകയിരുത്തുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റു സ്കീമുകളുടെ ധനസ്രോതസ്സുകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കും ഈ പണം ചെലവാക്കുക

103. എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേഡിംഗ് സമ്പ്രദായമാണ് നിലവിലുള്ളത് എങ്കിലും പഠനനിലവാരവും വിജയ ശതമാനവും കുറഞ്ഞ (33 ശതമാനത്തിനു താഴെ) ഉള്ള 104 സ്കൂളുകളെ ഡിപ്പാർട്ട്മെന്റ് പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുവാൻ കഴിയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 5 വർഷം കൊണ്ട് ഉയർത്തി ശരാശരി നിലവാരമാക്കുന്നതിന് ഒരു പ്രത്യേക പരിപാടി ആവിഷ്കരിക്കുന്നുണ്ട്. സ്കൂൾ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപക - രക്ഷാകർത്താക്കളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും ഒരു സമിതി ഉണ്ടാക്കി മോണിറ്റർ ചെയ്യുവാൻ പറ്റുന്ന ലക്ഷ്യങ്ങളോടെ ഒരു സമയബന്ധിത പരിപാടി തയ്യാറാക്കും. ഒരു വിദഗ്ദ്ധ സമിതി ഇവ പരിശോധിച്ച്

അംഗീകാരം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന് പണം നൽകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ നിലവിലുള്ള ഡിപ്പാർട്ട്മെന്റൽ സ്കീമുകൾ, ആർ.ഐ.ഡി.എഫ്. തുടങ്ങിയവയെല്ലാം ഇതിനായി ഉപയോഗപ്പെടുത്തുന്നതാണ്. വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക സ്കൂൾ പരിപാടിയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നു. സ്കൂൾ ലൈബ്രറികളുടെ നവീകരണത്തിന് ഞാൻ 2 കോടി രൂപ വകയിരുത്തുന്നു.

104 ഹയർ സെക്കണ്ടറി സ്കൂൾ തലത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് ഇതിനകം വകയിരുത്തിയിട്ടുള്ള 25 കോടി രൂപയിൽ ഇപ്പോൾ മാറ്റം വരുത്തുന്നില്ല. എന്നാൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള 5 കോടി രൂപ 10 കോടി രൂപയായി ഉയർത്തുകയാണ്.

105 ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട സംഭവവികാസങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എ.ഐ.ഐ.എം.എസ് പദവിയിലേക്ക് ഉയർത്തുന്നതായിരിക്കും. ഇതിനു പുറമെ ഐ.ഐ.ടി കൂടി സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി ഭൂമി വാങ്ങുന്നതിനു 1 കോടി രൂപ ഇപ്പോൾ വകയിരുത്തുന്നു. കൂടുതൽ പണം ആവശ്യാനുസരണം ലഭ്യമാക്കും. സംസ്ഥാനത്തെ പോളിടെക്നിക്കുകൾക്ക് എ.ഐ.സി.ടി.ഇ യുടെ അംഗീകാരം ഉറപ്പുവരുത്തുവാൻ ഉതകും വിധം പഠനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് കേന്ദ്ര ധനസഹായം പ്രയോജനപ്പെടുത്തുന്നതാണ്.

106 അഫിലിയേറ്റഡ് കോളേജുകളുടെ വിഷയ വൈവിധ്യവൽക്കരണത്തിനും നിലവാരമുയർത്തുന്നതിനും വേണ്ടി ഒരു സമയബന്ധിത പരിപാടി തയ്യാറാക്കും. 200 കോളേജുകളെ യു.ജി.സി യുടെ ഇൻഫ്ലിബ്നെറ്റ് എന്ന സ്കീമിലൂടെ നെറ്റ്‌വർക്ക് ചെയ്യുന്നതാണ്. എഡ്യൂസാറ്റ് പരിപാടി സാങ്കേതിക വിദ്യാലയ-വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതാണ്. സർവ്വകലാശാല കേന്ദ്ര ലൈബ്രറികളുടെ വിപുലീകരണാർത്ഥം 3 കോടി രൂപ പ്രത്യേകമായി

വകയിരുത്തുന്നു. തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അവയുടെ ലക്ഷ്യങ്ങളെ പുനർ നിർണ്ണയിച്ചുകൊണ്ട് കേന്ദ്ര സഹായത്തിന് അനുബന്ധമായി സംസ്ഥാന ബജറ്റിൽ നിന്നും സഹായം നൽകുന്നതാണ്. തിരുവനന്തപുരത്തെ സ്റ്റുഡന്റ്സ് സെന്ററിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

107. തളിപ്പറമ്പിൽ ആരംഭിക്കുന്ന പുതിയ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. കന്നട ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്ന മഞ്ചേശ്വരം ഗോവിന്ദപൈ കോളേജിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

108. കൊച്ചിൻ സർവ്വകലാശാലയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നു.

## സാംസ്കാരികം

109. ആർക്കിയോളജി വകുപ്പ്, ആർക്കൈവ്സ്, കേരള ചരിത്ര ഗവേഷണ കൗൺസിൽ എന്നിവയുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കും. കേരള ചരിത്ര ഗവേഷണ കൗൺസിലിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. ചരിത്രപരവും പുരാവസ്തു പ്രാധാന്യവുമായ കെട്ടിടങ്ങളും പ്രദേശങ്ങളും കണ്ടെത്തി സംരക്ഷിക്കുന്നതിനും പ്രാദേശിക ചരിത്ര രചനയ്ക്കും ചരിത്ര ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ പദ്ധതി ആരംഭിക്കും.

110. കേരളകലാമണ്ഡലത്തിൽ ഒരു കല്പിത സർവ്വകലാശാലയ്ക്കുള്ള സൗകര്യങ്ങളൊരുക്കും. കിള്ളിക്കുറിശ്ശിമംഗലം, കുഞ്ചൻ നമ്പ്യാർ സ്മാരകത്തെ ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള തുള്ളൽ പഠന കേന്ദ്രമാക്കി വികസിപ്പിക്കും. ഇതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു. രാജാരവിവർമ്മയുടെ ചരമ ശതാബ്ദിയുമായി ബന്ധപ്പെടുത്തി ശ്രീ. ചിത്ര ആർട്ട് ഗ്യാലറി പുതുക്കുകയും തൃപ്പൂണിത്തുറ ഹിൽ പാലസും തൃശ്ശൂർ മ്യൂസിയവും വിപുലീകരിക്കുകയും ചെയ്യുന്നതാണ്. 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായമാണ് ഇതിനു

വിനിയോഗിക്കുന്നത്. തിരുവനന്തപുരം ശ്രീപാദം കൊട്ടാരം ഈ വര്‍ഷം ഏറ്റെടുക്കും. കോവളത്തെ ഹാല്‍സിയന്‍ കൊട്ടാരം മ്യൂസിയമായി പരിവര്‍ത്തനം ചെയ്യുന്നതിനു 10 ലക്ഷം രൂപ വകയിരുത്തുന്നു. കെ. ആര്‍ നാരായണന്‍ ഇന്റര്‍നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് എയ്സ്തറ്റിക്സിന്റെ പ്രാരംഭ പ്രവര്‍ത്തനങ്ങള്‍ക്ക് തുടക്കം കുറിക്കും. ആലപ്പുഴയില്‍ പുന്നപ്ര വയലാര്‍ സ്മാരക മ്യൂസിയത്തിനു വേണ്ടി 10 ലക്ഷം രൂപ വകയിരുത്തുന്നു. ശക്തന്‍ തമ്പുരാന്‍ കൊട്ടാരം വാങ്ങുന്നതിലേയ്ക്കായി 11.78 കോടി രൂപ വകയിരുത്തുന്നു.

111. തോന്നയ്ക്കല്‍ കുമാരനാശാന്‍ നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് കള്‍ച്ചറിനും ചെമ്പഴന്തി ശ്രീനാരായണ ഇന്റര്‍നാഷണല്‍ സ്റ്റഡിസെന്ററിനും 25 ലക്ഷം രൂപ വീതം വകയിരുത്തുന്നു.

112. കേരള പത്രപ്രവര്‍ത്തക ആരോഗ്യ പരിരക്ഷാ പദ്ധതിക്ക് സര്‍ക്കാര്‍ വിഹിതമായി 10 ലക്ഷം രൂപ അനുവദിക്കുന്നു. ഇതൊരു തുടര്‍ പദ്ധതിയായി പരിഗണിക്കുന്നതാണ്.

113. ഇപ്പോള്‍ 1600 അവശകലാകാരന്‍മാര്‍ക്കാണ് സംസ്ഥാന സര്‍ക്കാര്‍ പെന്‍ഷന്‍ നല്‍കുന്നത് 400 പേര്‍ക്കുകൂടി പെന്‍ഷന്‍ അനുവദിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

## സ്പോര്‍ട്സ്.

114. ദേശീയ സ്പോര്‍ട്സ് രംഗത്ത് കേരളം അംഗീകാരം നേടിയിട്ടുണ്ടെങ്കിലും അന്തര്‍ദേശീയ നിലവാരത്തില്‍നിന്ന് നാം വളരെ പിന്നണിയിലാണ്. സ്പോര്‍ട്സ് വികസന പ്രവര്‍ത്തനത്തിലൂടെ വ്യക്തിഗതമായ മികവ് മാത്രമല്ല ജനതയുടെ ആരോഗ്യപരമായ കായിക സംസ്കാരത്തെയുമാണ് ലക്ഷ്യമിടുന്നത്. ഇതുസംബന്ധിച്ച ജനങ്ങളുടെ അവബോധവും താത്പര്യവും വളര്‍ത്തുന്നതിന് 2010 ല്‍ വിപുലമായ ഒരു ദേശീയ സ്പോര്‍ട്സ് ഇവന്റ് കേരളത്തിന് അനുവദിക്കുന്നതിന് ഇന്ത്യന്‍ സ്പോര്‍ട്സ് അസോസിയേഷനോട് അഭ്യര്‍ത്ഥിക്കും. ഇതിനാവശ്യമായ

ഫണ്ട് കേരള സ്പോർട്സ് കൗൺസിലിന് നൽകും. എന്നുമാത്രമല്ല ഇപ്പോൾ 20 ലക്ഷം രൂപ ഇതിലേയ്ക്ക് ഉൾക്കൊള്ളിക്കുന്നു.

115. ലോകകപ്പ് ആവേശത്തിലാണ് ബജറ്റ് സമ്മേളനം. നമ്മുടെ പരിതാപകരമായ കളിനിലവാരം നമുക്ക് കൂടുതൽ ബോദ്ധ്യപ്പെടുന്ന സന്ദർഭം കൂടിയുമാണ്. ദേശീയതല ഫുട്ബോൾ ലീഗ് മാച്ച് കേരളത്തിൽ സംഘടിപ്പിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ഫുട്ബോൾ അസോസിയേഷന് അനുവദിക്കുന്നു. ഒന്നാം ഡിവിഷൻ ക്ലബ്ബ് ടീം ആയി അംഗീകാരം നേടുന്ന കേരളത്തിലെ ഫുട്ബോൾ ക്ലബ്ബിന് 25 ലക്ഷം രൂപ സമ്മാനമായിട്ട് പ്രഖ്യാപിക്കുന്നു. സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലെയും കേരളോത്സവത്തിലെയും വിജയികൾക്ക് ക്യാഷ് സമ്മാനം നൽകുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കളിസ്ഥലങ്ങളും സ്പോർട്സ് സൗകര്യങ്ങളും സൃഷ്ടിക്കുന്നതിന് മാച്ചിംഗ് ഗ്രാന്റായി നൽകുന്നതിന് 3 കോടി രൂപ വകയിരുത്തുന്നു.

116. ജി.വി. സ്കൂൾ ഓഫ് അത്‌ലറ്റിക്സിന് 15 ലക്ഷം രൂപ അനുവദിക്കുന്നു.

## തദ്ദേശ സ്വയം ഭരണം

117 അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും നിർണ്ണായകമായ വശം പണം താഴേക്ക് വിന്യസിക്കുകയാണ്. ഇതൊഴിവാക്കി കൊണ്ടുള്ള ഏതു അധികാര വികേന്ദ്രീകരണ പ്രഖ്യാപനങ്ങളും വീൺവാക്കുകൾ മാത്രമെ ആകുന്നുള്ളൂ. പ്രകടന കൊണ്ടു പുകഴ്ത്തപ്പെടുകയും പ്രവർത്തി കൊണ്ട് തൊഴിക്കപ്പെടുകയും ചെയ്യുന്ന വിധി വൈപരീത്യത്തിൽ നിന്നും അധികാര വികേന്ദ്രീകരണത്തെ മോചിപ്പിച്ചത് ജനകീയാസൂത്രണ പ്രസ്ഥാനമായിരുന്നു. അത് അധികാര വികേന്ദ്രീകരണം സംബന്ധിച്ച മാമൂൽ രീതിയെ കീഴ്മേൽ മറിച്ചു. ആവശ്യമായ കഴിവുകളും അനുകൂല സാഹചര്യങ്ങളും ഉറപ്പു വരുത്തിയതിനു ശേഷം പണം താഴേക്കു നൽകുക എന്നതിനു പകരം പണം ആദ്യം നൽകുക . നിർവ്വഹണ വേളയിൽ ഇടകിയ പിന്തുണയോടെ കഴിവുകളും അനുകൂല

സാഹചര്യങ്ങളും സൃഷ്ടിക്കുക എന്നതാണ് ജനകീയാസൂത്രണ സമീപനം. ഇതിന്റെ വലിയ നേട്ടങ്ങളുമുണ്ട്. എന്നാൽ അതിനോടൊപ്പം ഇനിയും പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളും ഉണ്ട്. ധനമേഖലയിൽ ഇന്നത്തെ മുഖ്യ പ്രശ്നം കീഴേക്ക് വിന്യസിച്ച പണം കാര്യക്ഷമമായി അഴിമതി രഹിതമായി ചെലവഴിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക എന്നതാണ് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗത്തെ ഈ ലക്ഷ്യം വച്ച് വ്യവസ്ഥാപിതമാക്കുന്നതാണ്. ഇതിനാവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ അടിയന്തിരമായി വരുത്തേണ്ടതുണ്ട്. ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നിർവ്വഹണ കാര്യങ്ങളിൽ തുടർച്ചയായി പരിശീലനം നൽകേണ്ടതുണ്ട്. ധനവിനിയോഗം സംബന്ധിച്ചിട്ടുള്ള ആഡിറ്റും പരിശോധനയും കൂടുതൽ കർശനമാക്കുന്നതാണ് പ്രായോഗികമായ വഴി. സോഷ്യൽ ഓഡിറ്റിംഗ് തുടങ്ങിയവ നിയമ വ്യവസ്ഥ പ്രകാരം നടക്കുമെന്ന് ഉറപ്പുവരുത്തുന്നതാണ്.

118. മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരമുള്ള ധനസഹായം പൂർണ്ണമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകും. അപ്രകാരം അർഹതപ്പെട്ട പണം പിൻവലിക്കുന്നതിനു ദുർദിനങ്ങളിലൊഴികെ യാതൊരു ട്രഷറി നിയന്ത്രണവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ധനകാര്യ കമ്മീഷൻ തീർപ്പിനു പുറമെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പയടക്കമുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നത് ധനവിനിയോഗത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും കാര്യക്ഷമതയെയും സുതാര്യതയെയും കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും.

119. കഴിഞ്ഞ രണ്ടു മൂന്ന് വർഷമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും അവരുടെ സംഘടനകളും ശക്തമായി ഉന്നയിച്ചിരുന്ന ധന വിന്യാസം സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണുകയാണ് ഒന്നാമത്തേത് മാർച്ച് 31 നകം ചിലവഴിച്ചു തീരാത്ത മുഴുവൻ ഗ്രാന്റുകളും ലാപ്സാകും എന്ന നിബന്ധന സംബന്ധിച്ചുള്ളതാണ് ഇത് വളരെ യാന്ത്രികമായ സമീപനമാണ്. കേന്ദ്രാവിഷ്കൃത സ്കീമുകൾക്ക് പോലും 20 ശതമാനം തുക അടുത്ത

വർഷത്തേക്ക് കൊണ്ടു പോകുന്നതിനു അനുവാദം ഉണ്ട്. ഇതിനു സമാനമായി സമീപനമാണ് ജനകീയാസൂത്രണത്തിൽ സ്വീകരിച്ചിരിക്കുന്നത്. അതു പുനഃസ്ഥാപിക്കുകയാണ്. അനുവദിക്കുന്ന ഗ്രാന്റിന്റെ 20 ശതമാനം വരെ തുക അതാത് വർഷം മാർച്ച് 31 നകം ചിലവഴിച്ചിട്ടില്ലെങ്കിൽ അടുത്ത വർഷം അധികമായി വീണ്ടും നൽകും. അടുത്ത ധനകാര്യ വർഷത്തിന്റെ 3 മാസത്തിനുള്ളിൽ അത് ചിലവഴിക്കുന്നതിനുള്ള സാവകാശം ഉണ്ടാകും. ജനറൽ പർപ്പസ് ഗ്രാന്റ് മുൻകാലത്തെന്നപോലെ സമയപരിധി ഇല്ലാതെ ചിലവഴിക്കുന്നതിനുള്ള അവകാശം തുടരുന്നതാണ്. കൊടുത്ത പണം എങ്ങനെ തിരിച്ചു പിടിക്കണം എന്നതല്ല ഫലപ്രദമായി ചിലവഴിക്കുന്നതിന് എങ്ങനെ സഹായിക്കാം എന്നതായിരിക്കും ധനവകുപ്പ് ലക്ഷ്യമിടുന്നത്

120. ജനകീയാസൂത്രണ കാലത്ത് കേന്ദ്രാവിഷ്കൃത സ്കീമുകളും ആർ.ഐ.ഡി.എഫും പദ്ധതി ഗ്രാന്റിനു പുറമെ അധിക സഹായമായിട്ടാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്. ഇത്തരം സ്കീമുകളുടെ കേന്ദ്രീകൃതമായ നിബന്ധനകൾ മൂലം ഇവയെ പ്രാദേശിക പദ്ധതികളോട് സംയോജിപ്പിക്കുന്നതിലുള്ള പ്രയാസം കണക്കിലെടുത്താണ് ഈ സമീപനം കൈക്കൊണ്ടത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർ ഐ ഡി എഫ് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഗ്രാന്റിന്റെ വിഹിതമായി നൽകുന്ന സമ്പ്രദായം നിലവിൽ വന്നു. ഇത് അവരുടെ ആസൂത്രണത്തെ താറുമാറാക്കി എന്നു മാത്രമല്ല പല ബ്ലോക്ക് പഞ്ചായത്തുകൾക്കും ആർ ഐ ഡി എഫിനു അതിൽ നിന്നും നൽകുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും തനതാസൂത്രണത്തിന് പണമില്ലാത്ത അവസ്ഥയും വന്നു ചേർന്നു. പദ്ധതിക്ക് വേണ്ടി അനുവദിക്കുന്ന ഗ്രാന്റിൽ നിന്ന് ആർ ഐ ഡി. എഫ് എടുത്തു മാറ്റുകയാണ്. മൂന്നാം ധനകാര്യ കമ്മീഷന്റെ അർഹതപ്പെട്ട തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായും ഗ്രാന്റായി തന്നെ നൽകുന്നതാണ്. ഇതു പ്രകാരം ആവശ്യമായ ഭേദഗതികൾ ബഡ്ജറ്റിന്റെ 4 ാം അനുബന്ധത്തിൽ വരുത്തിയിട്ടുണ്ട്. അതനുസൃതമായ മാറ്റങ്ങൾ പദ്ധതി

തലയിൽ വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

121 ആർ.ഐ.ഡി.എഫ് പ്രോജക്ടുകളുടെ നിർവ്വഹണം സമയബന്ധിതമായി നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടി 2006-07 ലെ ഈ ഫണ്ടിൽ നിന്ന് വിവിധ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള വിഹിതത്തിൽ മാറ്റം വരുത്തുന്നില്ല എന്നാൽ അടുത്ത വർഷം മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ സർക്കാരിനു സമർപ്പിക്കുന്ന പ്രോജക്ടുകളിൽ നിന്നു തിരഞ്ഞെടുത്തതായിരിക്കും ആർ ഐ ഡി എഫ് വായ്പകൾ അനുവദിക്കുക. തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ധനവിനിയോഗത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഇതിനുള്ള മുൻഗണന നിശ്ചയിക്കുന്നതിനുള്ള സുപ്രധാന മാനദണ്ഡങ്ങളായിരിക്കും. നല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രോത്സാഹനം കൂടിയായിട്ടായിരിക്കും ആർ.ഐ.ഡി.എഫ് വായ്പകൾ നൽകുക. പി.എം.ജി വൈ. പദ്ധതിയിൽ ഇന്നത്തെതിനേക്കാൾ കൂടുതൽ പണം ലഭ്യമാക്കാനാകും 8 മീറ്റർ വീതിയുള്ള റോഡിന് സ്ഥലം ലഭ്യമല്ല എന്നതാണ് പ്രശ്നം.

122. ജില്ലാ പദ്ധതിയുടെയും നീർത്തട മാസ്റ്റർ പ്ലാനിന്റെയും അടിസ്ഥാനത്തിൽ വേണം ജില്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള 11-ാം പഞ്ചവത്സരപദ്ധതിക്ക് രൂപം നൽകേണ്ടത്. ജില്ലാ പദ്ധതികൾക്കുള്ള കേന്ദ്രകമ്മീഷന്റെ മാനദണ്ഡങ്ങൾ കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്ക്കരിച്ച് എത്രയും പെട്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് കീഴ്ക്ക് നിർദ്ദേശം നൽകേണ്ടതുണ്ട് കേരളത്തെ സംബന്ധിച്ച് 2000-01 ൽ തയ്യാറാക്കിയ ജില്ലാ പദ്ധതിയുടെ തുടർച്ച കൂടിയായിരിക്കും ഈ രേഖ അതോടൊപ്പം തന്നെ ഇതിനു ശേഷം ജില്ലാ ആസൂത്രണം സംബന്ധിച്ച് നടന്ന പരീക്ഷണങ്ങളുടെ അനുഭവങ്ങളും ഉൾക്കൊള്ളേണ്ടതുണ്ട്. നീർത്തട മാസ്റ്റർ പ്ലാനിലേക്കു വേണ്ടിയുള്ള ഇനിയും പ്രസ്ഥാനത്തെ കുറിച്ച്

നേരത്തെ സൂചിപ്പിച്ചതു പോലെ ഇതിനാവശ്യമായ പരിശീലനങ്ങൾക്കും തയ്യാറെടുപ്പുകൾക്കുമായി വേണ്ട തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

123. ദാരിദ്ര്യ ലഘൂകരണവും അതുമായി ബന്ധപ്പെട്ട സ്വയം സഹായ സംഘങ്ങളും ഇന്ത്യയിൽ സാർവത്രികമായിക്കൊണ്ടിരിക്കുകയാണ്. ഔദ്യോഗിക ദാരിദ്ര്യ നിർമാർജ്ജന പരിപാടികൾക്ക് പകരം എന്ന നിലയിൽ സർക്കാരിതര സംഘടനകളുടെ ആഭിമുഖ്യത്തിലാണ് ഇത് ഒട്ടെല്ലാം നല്ല പങ്കും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ചില സംസ്ഥാനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനു വേണ്ടി പോലും ബോധപൂർവ്വം ഈ സംവിധാനത്തെ പ്രയോജനപ്പെടുത്തിയ അനുഭവവും ഉണ്ട്. ഈ പ്രവണതകൾക്ക് വിരുദ്ധമായ കാഴ്ചപ്പാടോടെയാണ് ജനകീയാസൂത്രണ കാലത്ത് കുടുംബശ്രീ ആവിഷ്കരിച്ചത്. അങ്ങനെ സ്വയം സഹായ സംഘ രംഗത്ത് അപൂർവ്വമായി ഒരു മാതൃക കുടുംബശ്രീയിലൂടെ വളർത്തിയെടുത്തിരിക്കുകയാണ്. ഇതുവരെയുള്ള അനുഭവങ്ങൾ പരിശോധിച്ച് കുടുംബശ്രീയുടെ സാമ്പത്തിക പ്രവർത്തനങ്ങൾ മാത്രമല്ല. തദ്ദേശസ്വയംഭരണത്തിലെ പങ്കാളിത്തവും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളും സംയോജിത വികസന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്

124. ഗ്രാമസഭയുടെ ഉപഘടകങ്ങളെന്ന നിലയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റിംഗിനും കുടുംബശ്രീ യൂണിറ്റുകളെ പങ്കാളികളാക്കുന്നതാണ്. ഇതിനാവശ്യമായ ഭേദഗതി ചട്ടങ്ങളിൽ വരുത്തുന്നതാണ്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സൂക്ഷ്മ തൊഴിൽ സംരംഭകരുടെ വിപണനാവശ്യാർത്ഥം തിരഞ്ഞെടുക്കപ്പെട്ട ചില ഉൽപ്പന്നങ്ങൾ പൂർണ്ണമായും നികുതിയിളവു നൽകുന്നതിനുള്ള നിർദ്ദേശം ഞാൻ പിന്നീട് വയ്ക്കുന്നുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യം വച്ചുള്ള സ്ത്രീ പദവി പഠനവും ബോധവൽക്കരണവും കുടുംബശ്രീയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നായി മാറ്റുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

125. തൃശ്ശൂരിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കില) 1 കോടി രൂപ വകയിരുത്തുന്നു.

126. ഗ്രാമവികസന തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും വേണ്ട ഓഫീസ് സൗകര്യങ്ങൾ കണക്കിലെടുത്ത് തിരുവനന്തപുരത്ത് ഒരു സ്വരാജ് ഭവൻ നിർമ്മിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

## പട്ടികജാതി പട്ടിക വർഗ്ഗ വികസനം

127 പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനു പദ്ധതിയിൽ ജനസംഖ്യാനുപാതികമായി തുക നീക്കിവയ്ക്കുന്നതോടൊപ്പം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസാദി പദ്ധതിയേതര കാര്യങ്ങൾക്കായി കൂടുതൽ തുക ഇവിടെ സർക്കാർ വകയിരുത്തുന്നുണ്ട്. ഈ പണം പൂർണ്ണവും ഫലപ്രദവുമായി ചിലവഴിക്കണമെന്നത് ഇതിലേറ്റവും പ്രധാനമാണ്. ഇതിൽ ഏറ്റവും പ്രധാനം സമയബന്ധിതമായി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കലാണ്. ഇപ്പോൾ 38 കോടി രൂപ പട്ടിക ജാതി വിദ്യാർത്ഥികൾക്കും മറ്റു ദുർബല വിഭാഗങ്ങൾക്കും കൊടുത്തു തീർക്കാനുണ്ട്. ഇത് അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രത്യേക ഘടക പദ്ധതിയുടെയും ഉപ പദ്ധതിയുടെയും നടത്തിപ്പിൽ പട്ടിക വിഭാഗങ്ങളെ കൂടുതൽ സജീവമായി പങ്കാളികളാക്കി ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടത് പ്രധാനമാണ്. വനവാസികളായ 18000 പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി ഈ വർഷം ആരംഭിക്കുകയാണ്. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇവർക്കാവശ്യമായ പാർപ്പിട സൗകര്യങ്ങളും മറ്റും മാത്രമല്ല കൃഷിക്കായുള്ള സഹായവും ഒരു പാക്കേജായി നൽകുന്നതാണ്. ഇത് നിലവിലുള്ള സ്കീമുകളെ സംയോജിപ്പിച്ച് നടപ്പാക്കുന്നതാണ് ഭവന രഹിതരായി പട്ടികജാതിക്കാർക്ക് മുഴുവൻ വീട് നൽകുന്നതിനും ഭൂമിയില്ലാത്തവർക്ക്

ഭൂമിയും പാർപ്പിടവും നൽകുന്നതിനും സമയബന്ധിത പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

128. കേരളത്തിലെ ജനാധിപത്യ മനസാക്ഷിയെയാകെ ഞെട്ടിപ്പിച്ച സംഭവമായിരുന്നു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ രജനിയുടെ ആത്മഹത്യ. ഹോസ്റ്റൽ വാസത്തിന് ഗ്രാന്റ് തികയാതെയും മറ്റു വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയത്ത് ലഭിക്കാത്തതിന്റെയും ഫലമായി ഇതുപോലെ ഒരു കുട്ടിയും മരിക്കാനിട വരരുത്. പ്രൊഫഷണൽ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കുന്നതിനു നിലവിലുള്ള സ്കീം പര്യാപ്തമല്ല. ഇത്തരമൊരു സ്കീം തയ്യാറാക്കുന്നതിലേക്ക് 5 കോടി രൂപ വകയിരുത്തുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പുതിയ പ്രൊഫഷണൽ ബിരുദധാരികളെ മത്സര പരീക്ഷകൾ ജയിച്ച് ജോലിയിൽ കയറുന്നതിന് പ്രാപ്തരാക്കാനുതകുന്ന ഹ്രസ്വകാല കോഴ്സുകൾ കോഴിക്കോട് ഐ.ഐ.എം.-ന്റെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് നടത്തിവരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

129. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് 500 രൂപയിൽ നിന്നും 700 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. കുഴൽമന്ദത്തും തൃശ്ശൂരും പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ തുടങ്ങുന്നതാണ്. ഹോസ്റ്റലുകൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നയിടങ്ങളിൽ ഡിപ്പാർട്ട്മെന്റ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഇൻഡസ്ട്രിയൽ ഐ.ടി.സി കളിലെയും സൗകര്യങ്ങൾ വിപുലീകരിക്കും.

130. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണമാണ് ഈവർഷം മുൻഗണന നൽകുന്ന മറ്റൊരു

പ്രവർത്തനം സ്വയം തൊഴിൽ സംഘങ്ങൾക്കുള്ള സഹായധനം ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്

വനിതാക്ഷേമം

131. വികസന പ്രക്രിയയിൽ സ്ത്രീകളുടെ ശാക്തീകരണമാണ് കേരളം അഭിമുഖീകരിക്കുന്ന മറ്റൊരു സുപ്രധാന വെല്ലുവിളി. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിലെ സ്ത്രീകളുടെ സ്ഥിതി താരതമ്യേന മെച്ചമാണെങ്കിലും സ്ത്രീയുടെ പദവിയുടെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനം പോലെ തന്നെയാണ്. സ്ത്രീ പദവിയുടെ സാമൂഹ്യ രാഷ്ട്രീയ മാനങ്ങൾ ഒട്ടും കുറച്ചു കാണാതെ തന്നെ സാമ്പത്തികാടിത്തറയുമായുള്ള ഇതിന്റെ ബന്ധം മനസ്സിലാക്കേണ്ടതുണ്ട്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി ഉയർത്തുന്നതിന് വികസന നയങ്ങളിലൂടെ ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. ഏതു വികസന പരിപാടി ആവിഷ്ക്കരിച്ചു നടപ്പാക്കുമ്പോഴും അതിൽ സ്ത്രീക്ക് നൽകുന്ന പരിഗണന എന്തെന്നും അത് സ്ത്രീ പദവിയെ എങ്ങനെ സ്വാധീനിക്കുമെന്നും പരിശോധിക്കേണ്ടതുണ്ട്. ഇത്തരമൊരു പരിശോധന സർക്കാർ ബജറ്റിനെ കുറിച്ച് തുടർച്ചയായി നടത്തുകയാണെങ്കിൽ അത് വികസന പ്രവർത്തനങ്ങളിൽ കൂടുതൽ സ്ത്രീ പരിഗണന ഭാവിയിൽ ഉറപ്പുവരുത്തുന്നതിനു ഉപകരിക്കും. ഇത്തരമൊരു അവലോകനം സർക്കാരിന്റെ പുറത്തുനിന്നുള്ള ഒരു ഏജൻസി നടത്തുന്നതാണ് കൂടുതൽ സ്വീകാര്യവും വസ്തുനിഷ്ഠവുമാവുക. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ രൂപീകരിക്കുന്ന അധികാര വികേന്ദ്രീകരണ ഗവേഷണ യൂണിറ്റിനെ ജെൻഡർ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള ചുമതല ഏൽപ്പിക്കുന്നതാണ്. വർഷം തോറും ജെൻഡർ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്.

132. വനിതാ കമ്മീഷൻ റിപ്പോർട്ട് സുഗമമാക്കുന്നതിന് ആവശ്യമായ പണം ലഭ്യമാക്കും. വനിതാ കമ്മീഷന് കീഴിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലത്തിൽ വനിതാ ജാഗ്രതാ സമിതികൾ സ്ഥാപിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ വിവിധ പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ് ഇതുപോലെ തന്നെ സ്ത്രീ

പദവി പഠന പരിപാടി കുടുംബശ്രീ വഴി ഏറ്റെടുക്കുന്നതിനു വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുകയും കുടുംബശ്രീ മിഷൻ വഴി പ്രത്യേക ധനസഹായം നൽകുകയും ചെയ്യും.

133. നമ്മുടെ സംസ്ഥാനത്ത് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ സാർവ്വത്രികമാണെങ്കിലും ഇവയിൽ സ്ത്രീ പങ്കാളിത്തം പ്രായേണ ഇല്ലെന്ന് തന്നെ പറയാം. വ്യായാമത്തിനും കായിക പരിശീലനത്തിനുമുള്ള സ്ത്രീകളുടെ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേക ധനസഹായം സ്പോർട്സ് കൗൺസിൽ വഴി നൽകുന്നതാണ്. ഇതിനു വേണ്ടി 1 കോടി രൂപ നീക്കി വയ്ക്കുന്നു.

134. കേന്ദ്രസഹായത്തോടെ 3258 പുതിയ അംഗനവാടികൾ ഈ വർഷം ആരംഭിക്കുന്നതാണ്. അംഗനവാടികളുടെ പോഷകാഹാരഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അംഗനവാടി പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ വഴി സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. ഈ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ 'സമ്പൂർണ്ണ പോഷകാഹാര കേരളം' എന്ന ലക്ഷ്യം മുൻനിർത്തി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതാണ് ഇതിനു വേണ്ടി അധിക പദ്ധതി സഹായത്തിനു ശ്രമിക്കുന്നതാണ്.

135. അംഗനവാടിയിലെ ടീച്ചർമാർക്ക് 100 രൂപയും ഹെൽപ്പർമാർക്ക് 50 രൂപയും അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട അധിക ചുമതല നിർവ്വഹിക്കുന്നതിന് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അനുവദിക്കുകയുണ്ടായി. കേന്ദ്രാവിഷ്കൃത സ്കീമായ അംഗനവാടി ജീവനക്കാരെ മുഴുവൻ അർഹമായ പ്രതിഫലം നൽകുന്നതിനുള്ള ചുമതല ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് കഴിയില്ല. എന്നിരുന്നാൽ തന്നെയും ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാരിന്റേതായ ചെറിയൊരു ധനസഹായം നൽകുന്നതിന്

തീരുമാനിക്കും. അംഗനവാടി ടീച്ചർമാർക്ക് 150 രൂപയും ഹെൽപ്പർമാർക്ക് 75 രൂപയും കൂടുതലായി അനുവദിക്കുകയാണ്. ഇതിനായി 7.5 കോടി രൂപ വകയിരുത്തുന്നു

## വനം - പരിസ്ഥിതി

136. വനത്തിന്റെ പാരിസ്ഥിതികവും സാമ്പത്തികവും സാംസ്കാരികവുമായ പ്രാധാന്യം ഉൾക്കൊണ്ട് കൊണ്ട് പുതുതായി ആവിഷ്കരിക്കുന്ന വനനയം നടപ്പാക്കുന്നതിനാവശ്യമായ പണം കണ്ടെത്തുന്നതാണ്. കയ്യേറ്റമുക്തമായ പുറം പാളി വനപ്രദേശങ്ങൾ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തും. ഇതിനായി ദേശീയ തൊഴിൽ ഉറപ്പു പദ്ധതി പ്രയോജനപ്പെടുത്തുന്നതിനു പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതാണ്.

137 തെറ്റായ വികസന നയങ്ങളുടെ ഏറ്റവും വലിയ പ്രത്യാഘാതം ഏറ്റിട്ടുള്ള പ്രദേശമാണ് കുട്ടനാട് 'റാംസർ' പ്രദേശങ്ങളിലൊന്നായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വേമ്പനാട്ടു കായലിന്റെ കുട്ടനാട് പ്രദേശത്തിന് ഊന്നൽ നൽകിക്കൊണ്ട് ഒരു പരിസ്ഥിതി പുനസ്ഥാപന പ്രോജക്ടിന് രൂപം നൽകുന്നതാണ് ഇതിന് തുടക്കം എന്ന നിലയിൽ തണ്ണീർമുക്കം ബണ്ടിന്റെ മധ്യഭാഗത്തും ഷട്ടറുകൾ സ്ഥാപിക്കുന്നതാണ്. നബാർഡിൽ നിന്നും ഇതിനുള്ള ധനസഹായം പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാർ വിഹിതമായി 5 കോടി രൂപ അനുവദിക്കുന്നു. കുട്ടനാട് വേമ്പനാട്ടുകായലിന്റെ മലിനീകരണം തടയുന്നതിനുള്ള നടപടിയുടെ ഭാഗമായി മലിനീകരണ തോത് ശാസ്ത്രീയമായി മോണിട്ടർ ചെയ്യുന്നതിനതിലേയ്ക്കായി 10 ലക്ഷം രൂപ ഞാൻ അനുവദിക്കുന്നു. 'ഇന്റഗ്രേറ്റഡ് കുട്ടനാട് വികസന പരിപാടി' ആന്ധ്രാപ്രദേശിന് ലഭിച്ചതുപോലെ. ഒരു പ്രത്യേക അമ്പ്രല്ലാ പ്രോജക്ടായി അനുവദിപ്പിച്ച് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നതാണ്

138. ഇന്ന് ഏറ്റവും ശ്രദ്ധ ആകർഷിച്ച പാരിസ്ഥിതിക ദുരന്തങ്ങളിലൊന്നാണ് കാസർകോട്ടെ എൻഡോസൾഫാൻ ദുരന്തം. ഇതിന് ഇരയായിട്ടുള്ളവർക്ക് പുനരധിവാസത്തിന് കാസർകോട് ജില്ലാപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പ്രത്യേക പദ്ധതിക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നു.

<u>റവന്യൂ</u>

139. ദുരിതാശ്വാസ ഫണ്ടിന്റെയും റിവർ മാനേജ്മെന്റ് ഫണ്ടിന്റെയും ദുരുപയോഗമൊന്ന് വകമാറ്റി ചെലവഴിക്കലായിരുന്നു. ഗണ്യമായ പങ്ക് റോഡ് നിർമ്മാണത്തിനു വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത് ഈ കോൺട്രാക്ടർമാർക്ക് വലിയൊരു തുക കുടിശ്ശികയായി അവശേഷിക്കുകയാണ് ചെയ്തിട്ടുള്ള പ്രവർത്തികൾ പരിശോധിച്ചാൽ ദുരിതാശ്വാസമോ റിവർ മാനേജ്മെന്റോ ആയി ഇവയ്ക്ക് പറയത്തക്ക ബന്ധമൊന്നുമില്ല എന്നും വ്യക്തമാണ് ഇത് സംബന്ധിച്ച വിശദമായ ഒരു വിലയിരുത്തൽ റിപ്പോർട്ട് റവന്യൂ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കുന്നുണ്ട്.

140. ഭൂകളിൽ സൃഷ്ടിച്ച സ്ഥിതി വിശേഷത്തിന് പല കാരണങ്ങൾ ഉണ്ടാകാമെങ്കിലും ഒരു മുഖ്യ കാരണം പ്രകൃതി ദുരന്തമാനേജ്മെന്റിനുള്ള വൈദഗ്ദ്ധ്യമില്ലായ്മയാണ് ഇതിനായി റവന്യൂ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനെ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതാണ്. പ്രകൃതി ദുരന്ത നിവാരണ-രക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ചിട്ടുള്ള പരിശീലനം നൽകുക. പരിപാടികൾ തയ്യാറാക്കി ധനസഹായ ഏജൻസികൾക്ക് സമർപ്പിക്കുക, ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക തുടങ്ങിയവയായിരിക്കും സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ

141. വില്ലേജ് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ അടുത്ത വർഷത്തോടെ പൂർത്തിയാക്കുന്നതിന് സമയ ബന്ധിത പരിപാടി തയ്യാറാക്കും. കുടിയേറ്റ കർഷകരുടെ ജോയിന്റ് സർവ്വേ പൂർത്തിയാക്കി 1 ജനുവരി, 1978 ന് മുൻപ് കൃഷി ആരംഭിച്ചവർക്ക് പട്ടയം

നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും. പുതിയ മിനി സിവിൽ സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.

## പിന്നാക്കപ്രദേശം-പ്രത്യേക പദ്ധതികൾ

142 മലപ്പുറം ജില്ലയിലെ ഭൗതിക സാംസ്കാരിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകും. ഹജ്ജ് തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കരിപ്പൂർ വിമാനത്താവള പരിസരത്ത് ഹജ്ജ് ഹൗസ് പണിയുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുകയാണ്. ഇതിനുള്ള നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് പണം ഒരർത്ഥത്തിലും തടസ്സമാവില്ല. മോയിൻകുട്ടി വൈദ്യർ സ്മാരകം കേന്ദ്രമാക്കി മാപ്പിള കലകളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക കേന്ദ്രം തുടങ്ങുന്നതാണ്. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുകയാണ്. തിരുനാവായ കേന്ദ്രമാക്കി മലപ്പുറം ജില്ലയിൽ ഒരു ടൂറിസം മേഖല തുറക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തും. പെരിന്തൽമണ്ണ മലബാറിലെ മെഡിക്കൽ സിറ്റിയായി അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. ഈ കാഴ്ചപ്പാടോടെ നഗരത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും. ഇതിന്റെ ഭാഗമായി ബൈപാസ് റോഡു നിർമ്മാണം ഈ വർഷം തുടക്കം കുറിക്കുകയാണ്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുകയാണ്. പൊന്നാനിയെയും തിരൂരിനെയും ബന്ധിപ്പിക്കുന്നതിനുള്ള ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി ബി.ഒ.ടി. അടിസ്ഥാനത്തിൽ ഈ വർഷം ആരംഭിക്കുന്നതാണ് ഇതിലേയ്ക്ക് തുടക്കമെന്ന നിലയിൽ 3 കോടി രൂപ വകയിരുത്തുന്നു.

143. കാസർകോട് ജില്ലയിലെ പടന്നക്കാട് കാർഷികകോളേജിന്റെ കെട്ടിടങ്ങൾ പണിതീർക്കുന്നതിലേയ്ക്ക് 40 ലക്ഷം രൂപ തന്നെ അനുവദിക്കുന്നു.

144 ഇടുക്കി ജില്ലയിലെ തേയില, ഏലം തോട്ടംതൊഴിലാളികൾക്ക് വേണ്ടി പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ 3 കോടി രൂപ ചെലവുള്ള ഒരു പദ്ധതി നടപ്പാക്കുന്നതാണ്

സഹകരണം

145 രൂക്ഷമായ കാർഷിക പ്രതിസന്ധി കേരളത്തിലെ സാമ്പത്തിക സഹകരണ മേഖലയെ പിടിച്ചു കുലുക്കിയിരിക്കുകയാണ് അഖിലേന്ത്യാ തലത്തിലാണെങ്കിൽ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്ത ഒട്ടേറെ കാര്യങ്ങൾ അടങ്ങുന്ന വൈദ്യനാഥൻ കമ്മിറ്റി പാക്കേജ് അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ ഒട്ടേറെ വെല്ലുവിളികൾ നിലനിൽക്കുന്ന ഈ കാലയളവിൽ വിഭവ സമാഹരണത്തിനും വായ്പാവിതരണത്തിനും വികസന നിർവ്വഹണത്തിനും എങ്ങനെ സഹകരണ മേഖലയെ ശക്തമായ ഒരു ഏജൻസിയായി പുനസംഘടിപ്പിക്കാം എന്നതിന് ഉത്തരം കാണാനാണ് സഹകരണ വകുപ്പ് ശ്രമിക്കുക

146. കേരളത്തിലെ കൃഷിക്കാർക്ക് കടാശ്വാസം നൽകുന്നതിനു സഹകരണ മേഖല മുന്നിൽ നിന്ന് പ്രവർത്തിക്കുകയുണ്ടായി. വിള തകർച്ച തുടരുന്ന കാർഷിക മേഖലയിൽ ഇനിയും ഈ നടപടികൾ തുടരേണ്ടതാണ്. ഇതു കൂടി കണക്കിലെടുത്ത് ദീർഘ വീക്ഷണത്തോടെയുള്ള നിർദ്ദേശങ്ങൾ കടാശ്വാസകമ്മീഷൻ രൂപപ്പെടുത്തുമെന്നു കരുതുന്നു.

147. കടാശ്വാസം പോലെ തന്നെ പ്രധാനമാണ് കൃഷിക്കാർക്ക് ആവശ്യത്തിന് പുതിയ വായ്പകൾ ലഭ്യമാക്കുക എന്നുള്ളത്. 7 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന സ്കീമാണ് നബാർഡിനുള്ളത്. എന്നാൽ 4 ശതമാനം പലിശയാണ് ദേശീയ കർഷക കമ്മീഷൻ അഥവാ സ്വാമിനാഥൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനുള്ള സാധ്യതകൾ സർക്കാർ ആരായുന്നതാണ്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് ഇൻസെന്റീവ് എന്നുള്ള നിലയ്ക്കായിരിക്കും സർക്കാരിന്റെ സഹായം നൽകുക. വിശദമായ സ്കീം തയ്യാറാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് ഇതിനായി ഇന്നു നിലവിലുള്ള അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് ഇൻപുട്ട് സബ്സിഡി സ്കീം ഫലപ്രദമല്ല. ഇതിന് പകരമായിട്ടായിരിക്കും പുതിയ സ്കീം നിലവിൽ വരിക

## പ്രവാസികൾ

148. കേരളീയ പ്രവാസി കാര്യ വകുപ്പ് മറുനാടുകളിൽ ജോലിക്ക് പോകുന്നവരുടെ കഴിവുകൾ തെളിയിച്ചെടുക്കുന്നതിനും ജോലി സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനത്തിനുമായി കൊച്ചിയിൽ ഒരു ഫിനിഷിംഗ് സ്കൂളുകൾ തുടങ്ങിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെ കൂടിക്കൊണ്ടിരിക്കുന്നതിനാൽ തിരുവനന്തപുരത്തും കോഴിക്കോട്ടും കൂടി ഫിനിഷിംഗ് സ്കൂൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. വിദേശ മലയാളികളെ കുറിച്ചുള്ള ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനു സർവ്വെ അനുമതിയെയ്ക്ക് 'ഞാൻ' കിട്ടുന്നില്ല. 'പോലീസ്' സേനയുടെ നവീകരണത്തിന്റെ കേന്ദ്ര സഹായ മാനദണ്ഡങ്ങളിൽ മാറ്റം വന്നതുകൊണ്ട് കേരളത്തിന്റെ വിഹിതത്തിൽ വന്നിരിക്കുന്ന ഇടിവ് പരിഹരിക്കുന്നതിനു പരിശ്രമിക്കുന്നതാണ്. സൈബർ കുറ്റങ്ങൾ പ്രതിരോധിക്കുന്നതിനു ഒരു ഹൈ ടെക് പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതാണ്. തൃശ്ശൂരിൽ പുതിയ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി തുടങ്ങുന്നതാണ്. കേന്ദ്ര സഹായത്തോടുകൂടി ജയിലുകളിലെ ആധുനികവത്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

150. ഫയർ ഫോഴ്സിന്റെ പുതിയ ഡിവിഷണൽ ഓഫീസുകൾ കോട്ടയത്തും പാലക്കാട്ടും തുറക്കുന്നതാണ്.

**ഭരണപരിഷ്കാരം**

151. മൊത്തം 709 കോടി രൂപ ചെലവ് വരുന്ന സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് 2007 മാർച്ചിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നത് ഇ-ഗവർണൻസിന്റെ പുരോഗതിയിൽ ഒരു നാഴികക്കല്ലായിരിക്കും. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വരെയുള്ള എല്ലാ സർക്കാർ ഓഫീസുകൾക്കും ഹൈസ്പീഡ് ബ്രോഡ് ബാൻഡ് കണക്ടിവിറ്റി ഇതോടെ ലഭ്യമാകും. ഈ വർഷം അവസാനത്തോടെ 3000 അക്ഷയ ഐ.ടി സെന്ററുകളും പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. ജീവനക്കാരുടെ പരിശീലനത്തിന് കൂടുതൽ പണം ലഭ്യമാകും.

## *ഭാഗം - 3*

152. ഇനി നമുക്ക് വിഭവ സമാഹരണത്തിലേയ്ക്ക് വരാം.

153. സർ, ഈ സർക്കാർ പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കില്ല. ബഹുജന സഹകരണത്തോടെ ആവശ്യമായ വിഭവസമാഹരണം നടത്തും. വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ ഗൗരവമായി വിലയിരുത്തി പരമാവധി പരിശ്രമം നടത്തും.

154. കേരളം മൂല്യവര്‍ദ്ധിത നികുതി സമ്പ്രദായം നടപ്പാക്കിയതിന്റെ രണ്ടാം വര്‍ഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞവര്‍ഷം കേന്ദ്രസര്‍ക്കാരിന്റെ ഉറപ്പുകള്‍ക്കിടയിലും കുറഞ്ഞ സമയം തയ്യാറെടുപ്പുകള്‍ മാത്രമേ മൂല്യവര്‍ദ്ധിത നികുതിയിലേയ്ക്ക് മാറുന്നതിനു കഴിഞ്ഞുള്ളൂ. എന്നാല്‍ സംസ്ഥാന സര്‍ക്കാര്‍ ആവശ്യപ്പെട്ട 707 കോടി രൂപയ്ക്ക് പകരം 692.70 കോടി രൂപ മാത്രമേ നഷ്ടപരിഹാരമായി ലഭിച്ചിട്ടുള്ളൂ. എന്നുമാത്രമല്ല ചില സംസ്ഥാനങ്ങള്‍ക്ക് ഉന്നതാധികാര സമിതി നിശ്ചയിച്ച നിരക്കില്‍ നിന്നും വ്യതിയാനം വരുത്തിയിട്ടുള്ളതുപോലെ കേരളത്തിന് നഷ്ടപരിഹാരത്തുക അനുവദിക്കപ്പെട്ടിട്ടില്ല. മൂല്യ വര്‍ദ്ധിത നികുതി നിയമം നടപ്പാക്കിയതുമൂലമുള്ള വരുമാനക്കുറവിന്റെ 75% മാത്രമേ ഈ വര്‍ഷം നഷ്ടപരിഹാരമായി ലഭിക്കുകയുള്ളൂ. ഈ സാഹചര്യത്തില്‍ കൂടുതല്‍ കാര്യക്ഷമതയിലൂടെ മൂല്യ വര്‍ദ്ധിത നികുതി സമ്പ്രദായം സുദൃഢമാക്കിക്കൊണ്ട് നഷ്ടപരിഹാര തുകയുടെ കുറവ് പരിഹരിക്കുകയും നല്ലൊരു വരുമാനവര്‍ദ്ധനവ് ഉറപ്പുവരുത്താന്‍ നമുക്ക് കഴിയണം.

155. പലതരം വെല്ലുവിളികള്‍ നേരിടേണ്ടതുണ്ട്. കേന്ദ്രസര്‍ക്കാര്‍ 15.04.06 മുതല്‍ ഗാര്‍ഹിക ഉപഭോക്താക്കള്‍ക്കുള്ള എല്‍.പി.ജി. പാചകവാതക സിലിണ്ടറുകളുടെ നികുതി നിരക്ക് 12.5 ശതമാനത്തില്‍ നിന്നും 4 ശതമാനമായി കുറച്ചു. ഇതുമൂലം സംസ്ഥാനത്തിന് കഴിഞ്ഞ വര്‍ഷം ഉണ്ടായിരുന്നതില്‍ 57 കോടി രൂപ നികുതി നഷ്ടമാകും എന്ന് കണക്കാക്കുന്നു. എന്നാല്‍ കേന്ദ്രസര്‍ക്കാര്‍ ഏകപക്ഷീയമായി നിശ്ചയിച്ചതിന്റെ ഫലമായി ഭീമമായ നഷ്ടം സര്‍ക്കാരിന് ഉണ്ടായിട്ടുണ്ട്. രാജ്യത്ത് ഡീസലിന്റെയും പെട്രോളിന്റെയും മണ്ണെണ്ണയുടെയും വില ഉയര്‍ന്നതോടെ അന്തര്‍സംസ്ഥാന വില്‍പന ബ്രാഞ്ച് ട്രാന്‍സ്ഫറായി മാറുകയാണ്. നമ്മുടെ നികുതി പുനഃസംഘടനയില്‍ പ്രതീക്ഷിക്കപ്പെട്ടിരുന്ന ഒരു വര്‍ഷത്തില്‍ പ്രതീക്ഷിക്കുന്ന നികുതി വരുമാനത്തില്‍ 130 കോടി രൂപയുടെ നഷ്ടം ഉണ്ടാകുവാന്‍ സാധ്യതയുണ്ട്. ഇതിനുപുറമേ പ്രവേശനനികുതി നിയമത്തെ സംബന്ധിച്ച്

സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്. സർക്കാരിന് അനുകൂലമായ വിധിയുണ്ടായില്ലെങ്കിൽ ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് 200 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടാകുവാൻ സാധ്യതയുണ്ട്.

156. എന്നെ വളരെ അധികം ആശങ്കപ്പെടുത്തുന്ന മറ്റൊരു പ്രതിഭാസം വ്യാപകമായ നികുതിവെട്ടിപ്പാണ്. കേരളം നികുതി അഭ്യന്തര ഉല്പാദനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ ആണെങ്കിലും വിദേശ പണ വരുമാനവും കൂടി കണക്കിലെടുത്തുകൊണ്ട് സംസ്ഥാന വരുമാനം കണക്കാക്കിയാൽ ഈ അനുപാതം ശരാശരി ദേശീയ നിലയെക്കാൾ കുറവാണെന്ന് കാണാം. പ്രധാന ചരക്കുകളുടെ വിറ്റുവരവ് തുകയുമായി തുലനം ചെയ്യുമ്പോൾ നികുതി വരുമാനം അതാതു മേഖലയിൽ നിന്ന് കിട്ടാവുന്ന നികുതിയെക്കാൾ വളരെ കുറവാണെന്നുംകാണാം. ഞെട്ടിക്കുന്ന ഒരു ഉദാഹരണം പറയട്ടെ. സ്വർണ്ണത്തിന്റെ വാർഷികവിറ്റുവരവ് എടുത്ത് പരിശോധിച്ചാൽ ഇതിൽ നിലനിൽക്കുന്ന നികുതി വെട്ടിപ്പിന്റെ വ്യാപ്തി വ്യക്തമാകും. കേരളത്തിൽ ഏകദേശം പതിനായിരം കോടിയ്ക്കെങ്കിലുമുള്ള സ്വർണ്ണ വില്പനയുണ്ട് എന്നാൽ കഴിഞ്ഞ വർഷം ഇതിൽ നിന്നും ആകെ കിട്ടിയ നികുതി 21 കോടി രൂപമാത്രമാണ് സാധാരണഗതിയിൽ നിയമമനുസരിച്ച് ജീവിക്കുന്നവർപോലും തങ്ങൾ വാങ്ങിക്കുന്ന സാധനങ്ങൾക്ക് ബില്ലു വാങ്ങാതിരിക്കുന്നതിൽ ധാർമികമായി തെറ്റു കാണുന്നില്ല. ഇതാണ് കേരളത്തിലെ ഇന്നത്തെ അന്തരീക്ഷം. അതുകൊണ്ടുതന്നെ ചില കച്ചവടക്കാരുടെ ഭാഗത്തുനിന്നും നികുതി നിയമങ്ങൾ നടപ്പാക്കുന്നതിനെ സംഘടിതമായി നിയമം എതിർക്കുന്നതിനുള്ള പ്രവണതയും കണ്ടുവരുന്നുണ്ട് ഒരുപക്ഷെ അവർക്ക് നികുതി പിരിവിലേർപ്പെട്ടിരിക്കുന്ന ചില ജീവനക്കാരുടെ അഴിമതിയും ജീർണ്ണതയെയും കുറിച്ച് പരാതിയുണ്ടാകാം. ഇതു സ്ഥിതിഗതികളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

157 നമ്മുടെ നികുതി പിരിവ് അതിന്റെ സാധ്യത വച്ചു നോക്കിയാൽ വളരെ കുറവാണെന്നതിന് സംശയമില്ല എന്നാൽ നിലവിൽ ഉള്ള നികുതി പിരിവിനുള്ള നടപടി യാന്ത്രികമായി കൂടുതൽ

കർക്കശമാക്കിയാലും പിരിവിൽ പ്രതീക്ഷിതഫലം ഉണ്ടാകണമെന്നില്ല. നികുതിദായകരുടെ മനോഭാവത്തിൽ മാറ്റം ഉണ്ടാകണം. ഇതിന് രാഷ്ട്രീയ ഇച്ഛാശക്തിയും പൊതുജന പങ്കാളിത്തവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇതു തന്നെയാണ് ഞങ്ങൾ ചെയ്യുവാനുദ്ദേശിക്കുന്നത്. ഇതിനായി നികുതി ഭരണപരിഷ്കാരങ്ങളും നടപടി ക്രമങ്ങളിൽ മാറ്റങ്ങളും വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും പ്രോത്സാഹനങ്ങളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇവയുടെ ഫലമായി നികുതി അച്ചടക്കം വർദ്ധിക്കുകയും നികുതി പിരിവ് ഊർജ്ജിതമാവുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

158 സർ, വെനിസ്വേലയിലെ ഏതാണ്ട് 5 വർഷത്തിനുമുൻപ് നികുതി പിരിവിനായുള്ള ഊർജ്ജിത ഇടപെടൽ വിജയം കൈവരിച്ചതും അവിടുത്തെ നികുതി ആഭ്യന്തര വരുമാനത്തിലെ ഗണ്യമായ വർദ്ധന 5 വർഷം കൊണ്ട് കൈവരിക്കാനായതും എനിക്ക് പ്രചോദനം നൽകുന്നുണ്ട്. സംസ്ഥാനത്തെ മാത്രം ബാധിക്കുന്നവിധം നിയമങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനും ഞാൻ ആഗ്രഹിക്കുന്നു

## നികുതിദായകരുടെ പങ്കാളിത്തം

159 മൂല്യവർദ്ധിത നികുതി ഒരു ബഹുതല നികുതി സമ്പ്രദായമാണ്. അതിന്റെ ഒരു പ്രധാനപ്പെട്ട സവിശേഷത വ്യാപാരികൾ വിൽപനയുടെ ഓരോ ഘട്ടത്തിലും ബില്ല് എഴുതുക വഴി ഓരോ ഘട്ടത്തിലെയും മൂല്യ വർദ്ധനയുടെ മേൽ നികുതി ഈടാക്കുന്നതിനു കഴിയുന്നു എന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ വ്യാപാരികളിൽ വളരെ കുറച്ചുപേർ മാത്രമേ ബില്ല് കൃത്യമായി എഴുതുന്നുള്ളൂ. ഈ പ്രവണത അവസാനിപ്പിച്ചേ പറ്റൂ. വിൽപനയുടെ ഓരോ ഘട്ടത്തിലും ബില്ല് എഴുതേണ്ടതിന്റെയും വാങ്ങേണ്ടതിന്റെയും ആവശ്യകതയും ധാർമികതയും സംബന്ധിച്ച് വ്യാപാരികളെയും ഒപ്പം ഉപഭോക്താക്കളെയും ബോധവത്കരിക്കേണ്ടതുണ്ട്

160 വാറ്റ് വിജയകരമായി നടപ്പിലാക്കണമെങ്കിൽ വില്പനയുടെ
ഓരോ ഘട്ടത്തിലും ബില്ലെഴുതേണ്ടതും ആയത് നികുതി
വിധേയമാക്കുകയും വേണം. കച്ചവടക്കാരിൽ നിന്നും ബില്ല് നിർബ
ന്ധമായും വാങ്ങുക വഴി ഇക്കാര്യത്തിൽ ഉപഭോക്താക്കൾക്ക് സുപ്രധാന
പങ്ക് വഹിക്കുവാൻ കഴിയും. ബില്ല് വാങ്ങുന്നതും സൂക്ഷിക്കുന്നതും
വഴി നികുതി ഈടാക്കുന്നതിനു മാത്രമല്ല കച്ചവടക്കാരുടെയും
ഉൽപ്പാദകരുടെയും ഉത്തരവാദിത്തവും വാറണ്ടിയും സാധനങ്ങളുടെ
ഗുണനിലവാരവും ഉറപ്പുവരുത്തുവാനും സഹായകരമാകും.

161 പല ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ചൈനയിലും
ബില്ലുകൾ വാങ്ങുവാൻ ഉപഭോക്താക്കളെ
പ്രോത്സാഹിപ്പിക്കുന്നതിനായി ലോട്ടറി സമ്പ്രദായം വിജയകരമായി
നടപ്പിലാക്കിവരുന്നു ഈ സമ്പ്രദായം ഇവിടെയും
പരീക്ഷിക്കാവുന്നതാണ്. ആയിരം രൂപയ്ക്കോ അതിൽ കൂടുതലോ
വിലയുള്ള സാധനങ്ങൾ ബില്ല് പ്രകാരം വാങ്ങുമ്പോൾ ഓരോ ആയിരം
രൂപയ്ക്കും വാങ്ങുന്ന ആളിന് ആയിരത്തിന് ഒന്ന് എന്ന നിരക്കിൽ
ലോട്ടറി ടിക്കറ്റ് ലഭിക്കുന്നതും മൂന്നുമാസത്തിലൊരിക്കൽ ജില്ലാതലത്തിൽ
നറുക്കെടുപ്പ് നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നതുമാണ്
ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു ഇതുസംബന്ധമായ
വിശദാംശങ്ങൾ താമസിയാതെ പ്രഖ്യാപിക്കും

162. വിജയകരമായ അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ട ഫണ്ട് ലഭിച്ചതോടെ
അതിർത്തി പ്രാദേശിക റോഡുകളുടെ പണി അതിർത്തിപ്രദേശങ്ങളിൽ
ഒട്ടേറെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ
അതിർത്തിപ്രദേശങ്ങളിൽ ഇത്തരത്തിലുള്ള റോഡുകൾ
നികുതിവെട്ടിപ്പിനുള്ള പഴുതുകളായി ഉപയോഗിച്ചുവരുന്നു
ഇപ്രകാരമുള്ള എല്ലാറോഡുകളിലും ചെക്കുപോസ്റ്റുകൾ
സ്ഥാപിക്കുകയെന്നത് അപ്രായോഗികമാണ്. അന്തർസംസ്ഥാന
കള്ളക്കടത്ത് തടയുന്നതിന് സംസ്ഥാന അതിർത്തിപ്രദേശങ്ങളിലെ
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം സുപ്രധാനമാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാട്ടി നൽകുന്ന കള്ളക്കടത്തു വാഹനങ്ങളിൽ നിന്നും അനധികൃത ഗോഡൗണുകളിൽ നിന്നും ലഭിക്കുന്ന അധിക നികുതി വരുമാനത്തിന്റെ 10% അപ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമെന്നനിലയിൽ നൽകുന്നതാണ് ഇതിന്റെ വിശദാംശങ്ങൾ പിന്നാലെ പ്രഖ്യാപിക്കുന്നതായിരിക്കും.

വ്യാപാരികളോട് സൗഹാർദ്ദപൂർവ്വമായ സമീപനം

163 നിയമാനുസൃതമായി നികുതിയടയ്ക്കുന്ന വ്യാപാരികളെ കൃത്യമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 'ഗ്രീൻകാർഡ്' നൽകി അംഗീകരിക്കുകയും ചെക്ക് പോസ്റ്റുകളിൽ അവരുടെ ചരക്കുവാഹന പരിശോധന ത്വരിതഗതിയിൽ തീർപ്പാക്കുകയും വാണിജ്യ നികുതി ഓഫീസുകളിൽ പ്രത്യേക പരിഗണന നൽകുകയും ചെയ്യും.

164. വ്യാപാരി സമൂഹത്തിന്റെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ പരാതിപരിഹാര സമിതികൾ രൂപീകരിക്കുന്നതാണ് പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിലും സമിതി ഉണ്ടായിരിക്കുന്നതാണ്

165. സ്വമേധയാ നികുതി നിയമങ്ങൾ പാലിക്കുന്നതിനും നികുതി കൃത്യമായി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനും വ്യാപാരി വ്യവസായികൾക്കു പ്രോത്സാഹനം നൽകുന്നതിലേയ്ക്കായി അധികമായി സമാഹരിക്കുന്ന വാറ്റ് നികുതിയുടെ ഒരു വിഹിതം വ്യാപാരികളുടെ ക്ഷേമത്തിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു നടപ്പുസാമ്പത്തികവർഷം മൂല്യവർദ്ധിത നികുതിയിനത്തിൽ 4000 കോടി രൂപ പിരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് ഇതിൽ കൂടുതലായി പിരിഞ്ഞുകിട്ടുന്ന തുകയുടെ 1% വ്യാപാരി ക്ഷേമനിധിയിലേയ്ക്ക് നൽകുന്നതാണ്.

166 കേരള മൂല്യവർദ്ധിത നികുതി നിയമ പ്രകാരം വ്യാപാരികൾക്ക് തിരികെ ലഭിക്കുവാനുള്ള തുക ടി വ്യാപാരിയുടെ

മൂല്യവർദ്ധിത നികുതി നിയമ പ്രകാരം അടയ്ക്കേണ്ട നികുതിയിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽപ്പെടുത്തുന്നതാണ്.

167. അനുമാന നികുതി അടയ്ക്കുന്ന ചെറുകിട വ്യാപാരികൾ അവരുടെ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിൽ അധികരിക്കുന്നുണ്ടെങ്കിൽ മാത്രമേ നികുതി വിധേയമാവുകയുള്ളൂ എന്നു വ്യവസ്ഥ ചെയ്യുകയാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന അവ്യക്തതയെ ദൂരീകരിക്കുന്നു.

168. സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്ന വ്യാപാരിയുടെ വാർഷിക വിറ്റുവരവ് പത്ത് ലക്ഷത്തിൽ കുറവാണെങ്കിൽ അയാൾ നികുതി വിധേയനല്ല എന്ന വസ്തുതയും വ്യക്തമാക്കുന്നു.

169. സർ, എന്റെ മുൻഗാമി പ്രഖ്യാപിച്ച 1.4.2005 ലുള്ള മുന്നിരിപ്പ് ചരക്കിലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.1.2006 വരെ ദീർഘിപ്പിച്ച നടപടിയ്ക്കും മൂല്യ വർദ്ധിത നിയമ പ്രകാരം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ട തീയതി 15.2.2006 വരെ ദീർഘിപ്പിച്ച നടപടിയ്ക്കും നിയമ പ്രാബല്യം നൽകുന്നതിനുള്ള ഭേദഗതികൾ വരുത്തും. പ്രസ്തുത കാലയളവിൽ ടി കാര്യങ്ങൾക്ക് പിഴ ഈടാക്കുന്നതല്ല.

170. കരാറുകാർക്ക് ചില കരാർ പണികൾക്ക് കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനും മറ്റ് ചില കരാർ പണികൾക്ക് മൂല്യ വർദ്ധിത നിയമ പ്രകാരമുള്ള നികുതി അടയ്ക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. മൂല്യ വർദ്ധിത നികുതി അടയ്ക്കുന്ന കരാറുകാർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം നൽകാൻ വ്യവസ്ഥ ചെയ്യുന്നു.

171. സർക്കാരിനും സ്വയം ഭരണ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള കരാർ പണിയുടെ ഉറവിട സ്ഥാനത്തു തന്നെ നികുതി പിടിക്കുന്നതു കൊണ്ടു കരാറുകാർക്ക് പ്രത്യേക പരിഗണന നൽകണമെന്ന ആവശ്യത്തെ ഞാൻ അംഗീകരിക്കുന്നു. അവർക്ക് സി.എസ്.റ്റി

രജിസ്ട്രേഷൻ ഇല്ലാത്ത പക്ഷം അവരുടെ നികുതി ബാധ്യത 3 ശതമാനമായി കോമ്പൗണ്ട് ചെയ്യുകയാണെങ്കിൽ അവർ ഏറ്റെടുക്കുന്ന ഓരോ കരാർ പണിക്കും വാണിജ്യ നികുതി വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിൽ നിന്നും, വേറെ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്

172 01.04.2005 ൽ നിലവിലിരിപ്പ് സ്റ്റോക്കായി കൈവശമുള്ള ഔഷധങ്ങൾക്കും മരുന്നുകൾക്കും ആയത് കേരളത്തിനകത്തെ രജിസ്റ്റർ ചെയ്ത വ്യാപാരിയിൽ നിന്നും വാങ്ങിയതാണെങ്കിൽ അതിന്റെ തുടർ വില്പനയ്ക്ക് മൂല്യ വർദ്ധിത നികുതി നിയമപ്രകാരമുള്ള നികുതിയ്ക്ക് ഒഴിവു നൽകാനും ആയതിനു ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകാതിരിക്കാനും ഉദ്ദേശിക്കുന്നു.

173. സെയിൽസ്മാൻ പെർമിറ്റ് പുതുക്കാൻ അപേക്ഷിച്ചിട്ടുള്ള എല്ലാ രജിസ്റ്റേർഡ് വ്യാപാരികൾക്കും ആയത് പുതുക്കുന്നതിനുള്ള സമയം അടുത്ത വർഷം ഏപ്രിൽ 15 വരെ നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു.

174. കേരള മൂല്യ വർദ്ധിത നികുതി നിയമ പ്രകാരം ചുമത്തുന്ന പിഴകൾക്കെതിരെ നിലവിലുള്ള റിവിഷനുകൾ അപ്പീലുകളായി കേട്ട് തീരുമാനം എടുക്കാൻ വാണിജ്യ നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്)നെ ചുമതലപ്പെടുത്തുവാനും അത്തരം ഉത്തരവുകൾക്കെതിരെ സ്വമേധയാ റിവിഷൻ എടുക്കാനുമുള്ള അധികാരം വാണിജ്യ നികുതി കമ്മീഷണർക്കു നൽകുവാനും ഉദ്ദേശിക്കുന്നു

175 സർ, ചെക്ക് പോസ്റ്റുകളിലെ പീഡനങ്ങളെ പറ്റിയുള്ള പരാതികൾ സർവ്വ സാധാരണമാണ് ആയതിനു കുറെയൊക്കെ പരിഹാരമായി കച്ചവടക്കാർക്ക് പ്രവേശന നികുതി മുൻകൂറായി അവർക്ക് രജിസ്ട്രേഷനുള്ള ഓഫീസിൽ തന്നെ അടയ്ക്കുവാൻ ഉള്ള സൗകര്യം നൽകാൻ ഉദ്ദേശിക്കുന്നു

**പഴുതുകൾ അടയ്ക്കൽ**

176. വളരെക്കാലമായി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കള്ളക്കടത്തിന്റെ ഒരു കാരണം പൊതുവിൽ റെയിൽവെ അധികൃതർ ശരിയായ രേഖകളിലാണോ ഉറപ്പുവരുത്തുന്നതിനോ നികുതി കൊടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനോ നിർബന്ധിക്കാറില്ല എന്നതാണ്. റെയിൽവെ വഴി കടത്തിക്കൊണ്ടുവരുന്ന ചരക്കുകൾ ഫലപ്രദമായി പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള വ്യവസ്ഥകൾ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതാണ്.

177. ചെക്കുപോസ്റ്റുകളിലെ അഴിമതി ഉന്മൂലനം ചെയ്യുന്നതിന് പുതിയ പരിഗണന നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2006 സെപ്റ്റംബർ മാസം മുതൽ വാളയാർ ചെക്കുപോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്കാനർ സ്ഥാപിക്കുവാനും പരീക്ഷണം വിജയകരമാണെന്ന് ബോധ്യപ്പെട്ടാൽ സ്കാനറുകൾ എല്ലാ പ്രധാന ചെക്കുപോസ്റ്റുകളിലും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

178 നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള സിമന്റ്, തടി, കോഴി, പ്ലൈവുഡ്, ഗ്ലാസ്, റബ്ബർ ഉൽപന്നങ്ങൾ എന്നിവ പ്രഖ്യാപിത ചരക്കുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

179 സോഫ്റ്റ് വുഡിന്റെ നികുതി 4 ശതമാനമായി നിജപ്പെടുത്തിയിരുന്നത് മറ്റിനം തടികൾ സോഫ്റ്റ് വുഡിന്റെ മറവിൽ ദുരുപയോഗം ചെയ്യുന്നതിന് ഇടയാക്കിയിരുന്നു. ഈ ദുരുപയോഗം തടയുന്നതിന് സോഫ്റ്റ് വുഡിന്റെ നികുതി 4 ശതമാനമെന്നുള്ളത് റബർ തടിക്ക് മാത്രമായി പാക്കിംഗ് കേസ്, തീപ്പെട്ടി (സ്പ്ലിന്റ്സ് ആന്റ് വിനീയേഴ്സ്) എന്നിവയുടെ നിർമ്മാണത്തിന് മാത്രമായി നിജപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

180. കാർഷികാദായ നികുതി നിയമ പ്രകാരമുള്ള നികുതി ദായകൻ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുമ്പോൾ നിലവിലിരിപ്പ് ചരക്കിന് നികുതിയടക്കാതെ രക്ഷപ്പെടുന്ന അവസ്ഥയുണ്ട് ഇതൊഴിവാക്കുന്നതിനു കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുന്ന സമയത്ത് നികുതി ദായകന്റെ കൈവശമുള്ള നിലവിലിരിപ്പ് ചരക്കിനു നികുതി ചുമത്തുന്നതിനു വേണ്ട ഭേദഗതി നിയമത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു

കരുതൽ നടപടികൾ

181 കേരള പേപ്പർ ലോട്ടറി നിയമ പ്രകാരമുള്ള രജിസ്ട്രേഷനും ഫീസ് അടച്ച തെളിവുമില്ലാതെ ലോട്ടറി ടിക്കറ്റുകൾ കൊണ്ടു പോകുന്നതു നിയമ പ്രകാരം കുറ്റകരമാക്കാനും അത്തരം കുറ്റത്തിനു 5 വർഷം വരെ തടവു ശിക്ഷ നൽകുവാനുമുള്ള വകുപ്പുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. സബ് ഇൻസ്പെക്ടർ റാങ്കിനോ അതിനു മുകളിലുള്ളതോ ആയ പോലീസ് ഉദ്യോഗസ്ഥർക്ക് മേൽ പ്രകാരമുള്ള കുറ്റത്തിന് ക്രിമിനൽ നടപടികൾ സ്വീകരിയ്ക്കാനുള്ള അധികാരം നൽകുവാനുദ്ദേശിക്കുന്നു.

182. നമ്മുടെ നികുതി നിയമം പ്രായോഗികമായിരിക്കണം. നൂറു രൂപയിൽ താഴെയുള്ള വിൽപനയ്ക്ക് ബില്ല് നിർബന്ധമാക്കുകയില്ല. എന്നാൽ, നൂറു രൂപയ്ക്ക് മുകളിലുള്ള എല്ലാ വിൽപനകൾക്കും ബില്ല് കർശനമാക്കുകയും ഇതിന് വീഴ്ചവരുത്തുന്ന പക്ഷം ഈടാക്കേണ്ടിയിരുന്ന നികുതിയുടെ രണ്ടിരട്ടിയോ, ആയിരം രൂപയോ ഇതിലേതാണോ കൂടുതൽ ആ തുക പിഴയായി ഈടാക്കുന്നതാണ്.

183. സർ, ബഹുജനങ്ങളുടെ അറിയാനുള്ള അവകാശത്തെ മുൻനിർത്തി സംസ്ഥാനത്തിന്റെ ധനസ്ഥിതിയും നികുതി വ്യവസ്ഥയും സംബന്ധിതമായി കൂടുതൽ സുതാര്യമാക്കും. വ്യാപാരികളുടെ നികുതിയടവിന്റെയും കുടിശ്ശികയുടെയും വ്യക്തമായ ചിത്രം വെബ് സൈറ്റുവഴി പൊതുജനങ്ങളെ അറിയിക്കുന്നതിന് ആവശ്യമായ ഭേദഗതി കൊണ്ടുവരും.

184. വ്യാപാരികൾക്ക് കൊടുക്കുന്ന ബിസിനസ്സ് ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന പ്രകാരം നൽകുന്നതിലേയ്ക്കായി ബാങ്കുകളോടും മറ്റു ധനകാര്യ സ്ഥാപനങ്ങളോടും ആവശ്യപ്പെടുന്നതിനുവേണ്ട നിയമഭേദഗതികൾ വരുത്തുന്നതാണ്.

185. സർ, ഗണ്യമായ ബിസിനസ്സ് നടത്തുന്ന പല സ്ഥാപനങ്ങളും മൂല്യവർദ്ധിത നികുതി നിയമ പ്രകാരം രജിസ്ട്രേഷൻ എടുക്കാതെയും കണക്കെഴുതി സൂക്ഷിക്കാതെയും നികുതി വെട്ടിപ്പ് നടത്തുന്നുണ്ട്. അത്തരക്കാരെ നിർബന്ധിതമായി രജിസ്ട്രേഷൻ ചെയ്യിപ്പിക്കുന്നതിനും നികുതി അടപ്പിക്കുന്നതിനും കണക്കെഴുതി സൂക്ഷിക്കുന്നതിനും വാണിജ്യനികുതി ഉദ്യോഗസ്ഥർക്ക് അധികാരം നൽകും.

186. സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയിൽ വമ്പിച്ച ഉണർവ് ഉണ്ടായിട്ടുണ്ട്. ദൗർഭാഗ്യവശാൽ സ്വകാര്യമേഖലയിലെ കരാർ കാരും കരാർ ദാതാക്കളും ശരിയായ കണക്കുകൾ സൂക്ഷിക്കാത്തത് മൂലം ഗണ്യമായ വരുമാന നഷ്ടം ഉണ്ടാവുകയും ഈ മേഖലയിൽ ഉണ്ടായ അഭിവൃദ്ധിക്ക് അനുസൃതമായ രീതിയിലുള്ള വരുമാനം സമാഹരിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു. അതുകൊണ്ട് ഈ മേഖലയിലെ നികുതി ചോർച്ച തടയുന്നതിന് ഒരു കോടി രൂപയോ അതിലധികമോ ഉൾപ്പെടുന്ന കരാറുകളെ സംബന്ധിച്ച് കരാർ ദാതാക്കൾ നിർബന്ധമായും കണക്കുസൂക്ഷിക്കുന്നതിനു വ്യവസ്ഥ ചെയ്യും.

187. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം പെരുപ്പിച്ച ക്ലെയിമുകൾക്കും തന്മൂലമുണ്ടാകുന്ന വരുമാനക്കുറവിനും ഇടയാക്കുന്നതിനാൽ ഈ മേഖലയിൽ ഉയർന്നുവരുന്ന പുത്തൻ പ്രവണതകളെ സൂക്ഷ്മമായ നിരീക്ഷണത്തിനും തദനുസൃതമായ നടപടികൾക്കും വിധേയമാക്കും.

188. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികൾക്ക് അനുവദിക്കുന്നത് ഉപഭോക്താക്കൾക്ക് നികുതിക്കുമേൽ നികുതി ഈടാക്കുന്നത്

ഒഴിവാക്കാനാണ് എന്നാൽ ഔഷധങ്ങൾ, സിമന്റ്, മറ്റ് ഉപഭോക്തൃവസ്തുക്കൾ തുടങ്ങിയവയുടെ വ്യാപാരം നടത്തുന്നവർ ഈ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറുന്നില്ല എന്ന് ആക്ഷേപം ഈ സഭയിൽ പലപ്പോഴായി ഉന്നയിക്കപ്പെട്ടിട്ടുണ്ട് ഒരു പ്രമുഖ ഉപഭോക്തൃഉൽപ്പന്ന ബഹുരാഷ്ട്ര കമ്പനി തങ്ങളുടെ ഉൽപന്നങ്ങളുടെ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയതിനാൽ ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമായില്ലെന്ന് വ്യാപാരി സംഘടനകൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട് ഇങ്ങനെ ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികളെ അനർഹമായ ലാഭം നൽകുന്നു ആയതിനാൽ മുൻ ഘട്ടങ്ങളിൽ കൊടുത്ത നികുതി കൂടി ഉൾപ്പെടുത്തി വിൽപന വില നിശ്ചയിക്കുന്ന വ്യാപാരികൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിഷേധിക്കുന്നതിനുള്ള നടപടി വ്യവസ്ഥ ചെയ്യും.

189. ഡിസ്കൗണ്ട് കഴിച്ചുള്ള വിലയ്ക്ക് മൂല്യവർദ്ധിത നികുതി ചുമത്തുന്നതിനും ഡിസ്കൗണ്ട് അനുവദിച്ച തുകയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കാതിരിക്കുന്നതിനും നിബന്ധന ഏർപ്പെടുത്തി മൊത്തം വിൽപന വിലയ്ക്ക് മൂല്യവർദ്ധിത നികുതി ചുമത്തിയശേഷം ഡിസ്കൗണ്ട് എടുക്കുന്ന തെറ്റായ സമ്പ്രദായം അവസാനിപ്പിക്കും. ഇത്തരത്തിൽ അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം അവസാനിപ്പിച്ച് സിമന്റ്, മറ്റു ഗാർഹികോപകരണങ്ങൾ തുടങ്ങിയവ കച്ചവടം ചെയ്യുന്ന വ്യാപാരികളെ വിപരീത നികുതി അടയ്ക്കുന്നതിന് വിധേയമാക്കും.

190. അന്തർസംസ്ഥാന വിൽപ്പന അല്ലാത്ത കയറ്റുമതിക്ക് ഇൻപുട്ട് ടാക്സോ പ്രവേശന നികുതിയോ, വാങ്ങൽ നികുതിയോ മുഴുവനായും തിരികെ നൽകേണ്ടുന്ന സാഹചര്യം ഒഴിവാക്കും. വ്യാപാരികളുടെ ഇതുസംബന്ധിച്ച അവകാശം നാലുശതമാനത്തിൽ കവിയാത്തമാത്രമായി പരിമിതപ്പെടുത്തും.

191. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ട എയർ കണ്ടീഷണർ, കാർ തുടങ്ങിയ മൂലധന വസ്തുക്കൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

നിശ്ചയിക്കുന്നതിനുള്ള സുവ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നു.

192. കേരള പൊതുവില്പന നികുതി നിയമത്തിൽ നിഷ്കർഷിച്ചിരുന്നതുപോലെ നികുതി വെട്ടിപ്പിന് സാധ്യത കൂടുതലുള്ള മെറ്റലിനെയും പോലെയുള്ള ചരക്കുകൾക്ക് മുൻകൂർ നികുതി ഈടാക്കുന്നതിനുള്ള വ്യവസ്ഥ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

193. സർ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ സാധാരണക്കാരിൽ നിന്നും അമിത പലിശ ഈടാക്കുന്നതും അവരെ ചൂഷണം ചെയ്യുന്നതും തടയാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട് അതിനു നിയമ നിർമ്മാണവും നടത്തിയിട്ടുണ്ട്. എന്നാൽ സാധാരണ നിക്ഷേപകർ അവരുടെ കഠിനാധ്വാനത്തിലൂടെ നേടിയ പണം ഇത്തരം സ്ഥാപനങ്ങളിൽ ഇപ്പോഴും വലിയതോതിൽ നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അത്തരം നിക്ഷേപകർക്ക് സംരക്ഷണം നൽകുന്നതിന്റെ ഭാഗമായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു.

വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

194. നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകും. 50 ലക്ഷമോ അതിലധികമോ തുക നികുതി നിർണ്ണയം വഴി ഈടാക്കുന്ന കേസുകളിൽ അപ്രകാരമുള്ള നികുതി വെട്ടിപ്പ് കണ്ടുപിടിച്ച ഉദ്യോഗസ്ഥന് ഒരു വാർഷിക ഇൻക്രിമെന്റ് മുൻകൂറായി നൽകുന്നതാണ്. നികുതി പിരിവിന് ഓഫീസുകൾക്ക് ലക്ഷ്യം നിശ്ചയിക്കുന്നതും ലക്ഷ്യം അധികരിച്ച് പിരിവ് വരുത്തുന്ന ഓഫീസുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഗ്രാന്റ് നൽകുന്നതുമാണ്.

195. കേരള പൊതു വില്പന നികുതി നിയമ പ്രകാരം 31 3.2002 വരെയുള്ള കാലയളവിൽ തീർപ്പാക്കേണ്ട അസസ്മെന്റുകളുടെ കാലാവധി 31.3.2007 വരെ ദീർഘിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

അതുപോലെ തന്നെ 31.3.2006 ൽ തീർപ്പാക്കാനുള്ള റിമാന്റും മോഡിഫൈഡുമായ അസസ്മെന്റിന്റെ കാലാവധിയും 31.3.2007 വരെ നീട്ടാനുദ്ദേശിക്കുന്നു.

196. ഇത്തരം കാലാവധി നീട്ടൽ അനന്തമായി തുടരാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കേരള പൊതു വിൽപ്പന നികുതി നിയമ പ്രകാരം തീർപ്പാക്കുവാനുള്ള അസസ്മെന്റുകൾ ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ തീർത്താൽ മാത്രമേ മൂല്യ വർദ്ധിത നികുതി നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ വാണിജ്യ നികുതി വകുപ്പിന് പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ വർഷം വകുപ്പ് 17(4) പ്രകാരമുള്ള ഏകദേശം 34000 അസസ്മെന്റുകൾ തീർപ്പാക്കുകയുണ്ടായി. ആയതിൽ നിന്നും ഒരു പൈസ പോലും അധിക വിഭവ സമാഹരണമുണ്ടായില്ല. ആയതിനാൽ ഞാൻ ചില തീരുമാനങ്ങളെടുക്കുവാൻ ഉദ്ദേശിക്കുന്നു. പൊതു വിൽപ്പന നികുതി നിയമം വകുപ്പ് 17(4) പ്രകാരം തീർപ്പാക്കാനുള്ള 94000 അസസ്മെന്റുകളിൽ കുറ്റങ്ങൾ കണ്ടെത്താത്ത അസസ്മെന്റുകളെ സ്വയം തീർന്നതായി പ്രഖ്യാപിക്കാൻ മേൽപ്പടി നിയമത്തിൽ ഒരു വകുപ്പു കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോഴും ഏതെങ്കിലും വിധത്തിലുള്ള നികുതി ചോർച്ച ഉണ്ടാകാതിരിക്കുവാൻ അസസ്മെന്റ് പുനഃപരിശോധിക്കുന്ന ഉൾപ്പെടെയുള്ള ആവശ്യമായ മുൻകരുതലുകളും നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്

197. വിൽപ്പന നികുതിയും അനുബന്ധ നികുതികളും പ്രകാരം കിട്ടേണ്ട 800 കോടി രൂപയോളം നികുതി കുടിശ്ശിക വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിലെ സ്റ്റേ ഉത്തരവുകൾ പ്രകാരം പിരിച്ചെടുക്കാൻ കഴിയാത്ത നിലയാണ് ഉള്ളത്. ഇതു തരണം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ആശയവിനിമയം നടത്തി ഇത്തരം കേസുകൾ മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ പ്രത്യേക ബെഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യമേഖലയിലെ ഭീമമായ കുടിശിക കേസുകൾ

പരിശോധിച്ച് സമയബന്ധിതമായി പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നികുതി നിരക്കിൽ വ്യതിയാനം

198. സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം നികുതി നിരക്കുകളിൽ ഏർപ്പെടുത്തിയ കുറവാണ് മൂല്യവർദ്ധിത നികുതി പ്രകാരമുള്ള വരുമാനത്തിൽ ഇടിവുണ്ടാകാനുള്ള കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളം ഇന്നും ചിലയിനം ചരക്കുകൾക്ക് കൂടിയ നികുതി നിരക്ക് അംഗീകരിച്ചിട്ടുള്ളതാണ് അത്തരത്തിലുള്ള ചരക്കുകളുടെ നികുതി നിരക്ക് കുറയ്ക്കേണ്ടതില്ല. മൂല്യവർദ്ധിത നികുതി നിയമ പ്രകാരം 34 ഇനം ചരക്കുകളുടെ നികുതി നിരക്ക് വർദ്ധിപ്പിക്കുകയും 170 ഇനം ചരക്കുകളുടെ നികുതി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. സി.റ്റി.എസ്സി ന്റെ ഒരു പഠനറിപ്പോർട്ട് പ്രകാരം കേരള പൊതുവിൽപന നികുതി നിയമ പ്രകാരം ശരാശരി നികുതി നിരക്ക് 17.39 ശതമാനമായിരുന്നു. ആകയാൽ ഉന്നതാധികാരസമിതി നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് തറ നിരക്കായി കണക്കാക്കി സംസ്ഥാനങ്ങൾക്ക് പ്രാദേശിക പരിഗണനയെ അടിസ്ഥാനമാക്കി ഉയർന്ന നികുതി നിരക്ക് ഏർപ്പെടുത്തുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം ഉന്നതാധികാര സമിതിയിൽ നിലപാട് എടുത്തിരുന്നുണ്ട് ഇപ്രകാരമുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നിർത്തുന്നതിന് സഹായകരമാകും. ഇതിന് ഉതകുന്നരീതിയിൽ കെ.വി. എറ്റി. ആക്ടിലെ 93 വകുപ്പിൽ വേണ്ട ഭേദഗതി വരുത്തുന്നതാണ്.

199. ആയതിനാൽ 20 ശതമാനം നികുതി നിരക്ക് ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ പട്ടിക നിയമത്തിൽ ഈ വർഷം ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഈ പട്ടികയിൽ താഴെപ്പറയുന്ന ചരക്കുകൾ ഉൾപ്പെടുത്തുന്നതാണ്. ഡിഷ്‌വാഷേഴ്സ്, മൈക്രോവേവ് ഉൾപ്പെടെയുള്ള എല്ലാ ഓവനുകളും, റെഫ്രിജറേറ്ററുകൾ, വാക്വം ക്ലീനർ, വാഷിംഗ് മെഷീൻ, എല്ലാത്തരം വാൾഫ്ളോർ ടൈൽസ്, മാർബ

ൾ, ഗ്രാനൈറ്റ് സ്ലാബുകൾ, ടൈയിൽസ്, ലാക്വേഴ്സ് പോളിഷസ്, ഇനാമൽസ്, സാനിട്ടറി ഉപകരണങ്ങൾ, സി.പി. ഫിറ്റിംഗ്സ് ഉൾപ്പെടെയുള്ള സാനിട്ടറി ഫിറ്റിംഗ്സ്, ബ്രഷ്, ബോൺവിറ്റ, കോംപ്ലാൻ, ഹോർലിക്സ് മുതലായ ഹെൽത്ത് ഡ്രിങ്ക്സ്, മിനറൽ വാട്ടർ, പെപ്സി, കൊക്കകോള പോലുള്ള സോഫ്റ്റ് ഡ്രിങ്ക്സ് മുതലായ പാനീയങ്ങൾ.

200 ഉന്നതാധികാര സമിതിയുടെ തീരുമാന പ്രകാരം സംസ്ഥാനങ്ങൾക്ക് തുണിത്തരങ്ങൾ, പഞ്ചസാര, പുകയില, പുകയില ഉൽപന്നങ്ങൾ തുടങ്ങിയവയിൻമേലുള്ള നികുതി 01 04 2007 മുതൽ മാത്രമേ ഈടാക്കുവാൻ കഴിയുകയുള്ളൂ. ഇതിനു വിരുദ്ധമായി സംസ്ഥാനങ്ങൾ നികുതി ചുമത്തിയിട്ടുണ്ടെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട അഡീഷണൽ എക്സൈസ് ഡ്യൂട്ടി വിഹിതമായ ഒരുശതമാനം എടുത്തുകളയുമെന്ന് കേന്ദ്രസർക്കാർ വെളിപ്പെടുത്തിയ സാഹചര്യത്തിൽ 01.04.2007 വരെ സിൽക്ക് സാരിയുടെയും എംബ്രോയിഡറി തുണിത്തരങ്ങളിൻമേലും ഇപ്പോൾ ഈടാക്കി വരുന്ന നികുതി നിർത്തിവയ്ക്കുവാൻ ഉദ്ദേശിക്കുന്നു

201 കേരള പൊതു വിൽപന നികുതി നിയമ പ്രകാരം 4 ശതമാനമായിരുന്ന സ്വർണ്ണാഭരണങ്ങളുടെ നികുതി മൂല്യവർദ്ധിത നികുതി നിയമ പ്രകാരം ഒരു ശതമാനമാക്കിയെങ്കിലും വിറ്റുവരവു തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. തത്ഫലമായി ഈ ഇനത്തിൽ 2004-05 വർഷത്തിൽ 51.46 കോടി രൂപ വരുമാനമുണ്ടായിരുന്ന സ്ഥാനത്ത് 2005-06 ൽ 21.26 കോടി രൂപയായി കുറയുകയുണ്ടായി ഈ സാഹചര്യത്തിൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് ഒരുശതമാനത്തിൽ നിന്നും നാലുശതമാനമായി ഉയർത്തുവാനും അവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവാനുള്ള അവകാശം കൊടുക്കുവാനും ഉദ്ദേശിക്കുന്നു എന്നിരുന്നാലും സ്വർണ്ണവ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായ പ്രകാരം നികുതിയടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. സ്വർണ്ണ വ്യാപാരികൾ തൊട്ടുമുൻപുള്ള മൂന്നുവർഷത്തെ കേരള പൊതു വിൽപന നികുതി നിയമപ്രകാരമോ, മൂല്യവർദ്ധിത

നികുതി നിയമ പ്രകാരമോ അടച്ച ഏറ്റവും ഉയർന്ന നികുതി തുകയുടെ 200 ശതമാനം കോമ്പൗണ്ട് ചെയ്യുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നു. കോമ്പൗണ്ടിംഗ് നിരക്ക് സ്വീകരിക്കുന്ന വ്യാപാരികൾക്ക് തുടർന്നു നികുതി പിരിക്കാൻ അനുവാദമുണ്ടായിരിക്കും. കേരളത്തിലെ എല്ലാ പ്രധാന സ്വർണ്ണ വ്യാപാരികളും കോമ്പൗണ്ടിംഗ് സംവിധാനം സ്വീകരിക്കുന്ന പക്ഷം 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ സ്വർണ്ണത്തിന്റെ റെക്കോർഡ് വിലയും വ്യാപാരികൾ നൽകുന്ന പരസ്യങ്ങളും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ? സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് നടത്തിയ ഒരു പഠനത്തിൽ സ്വർണ്ണത്തിന്റെ വാർഷിക വിറ്റുവരവ് 10000 കോടി രൂപയാണെന്ന് കണ്ടെത്തുകയുണ്ടായി. ഇപ്രകാരം തുക കണക്കാക്കിയാൽ മുകളിൽ പറഞ്ഞ തുക 10000 കോടി രൂപയുടെ ഒരു ശതമാനം മാത്രമേ ആകുന്നുള്ളൂ എന്നു കാണാം.

202. കൂടാതെ മൂല്യവർദ്ധിത നികുതി നിയമ പ്രകാരമുള്ള ബില്ലുകളും കണക്കുകളും സൂക്ഷിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് കോമ്പൗണ്ട് ചെയ്യാത്ത പ്രമുഖ സ്വർണ്ണാഭരണസ്ഥാപനങ്ങളിൽ ആവശ്യമുണ്ടെങ്കിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനും ഉദ്ദേശിക്കുന്നു

203. പശ, ഇൻസെക്റ്റ് റിപ്പലന്റ്, ഗ്ലാസ് ഫൈബറും അവയുടെ ഉത്പന്നങ്ങളും എന്നിവയ്ക്ക് 12.5 ശതമാനം നികുതിയും ഫിഷ്നെറ്റ് ഒഴികെയുള്ള പ്ലാസ്റ്റിക് നെറ്റുകൾക്ക് 4 ശതമാനം നികുതിയും ചുമത്തുവാൻ ഉദ്ദേശിക്കുന്നു.

204. താഴെ പറയുന്ന സാധനങ്ങളുടെ നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറയ്ക്കുന്നതാണ്.

1. ശ്രവണ സഹായി
2. ഡയാലിസിസ് ഉപകരണങ്ങൾ
3. ബ്ലഡ് ട്യൂബിംഗ്
4. ഐ.വി.ഫ്ലൂയിഡ്സ്

### 5. പെരിറ്റോണിയൽ ഡയാലിസിസിന് ഉപയോഗിക്കുന്ന സൂചികൾ

205 നീണ്ടകാലത്തെ വിലത്തകർച്ചയ്ക്കുശേഷം റബറിന് ഇപ്പോൾ നല്ല വില ലഭിക്കുന്നുണ്ട്. 12.65 ശതമാനം നികുതി മുൻപ് ഈടാക്കിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 4 ശതമാനമേ നികുതിയുള്ളൂ. 298 കോടി നികുതിവരുമാനം ലഭിച്ച സ്ഥാനത്ത് 182 കോടി രൂപയായി കുറഞ്ഞു. റബറിനുമേലുള്ള നികുതി വർദ്ധിപ്പിക്കുവാൻ ഉദ്ദേശമില്ല. എന്നാൽ 3 മാസക്കാലം തുടർച്ചയായി 100 രൂപയിൽ കൂടുതൽ വില നിന്നാൽ റബ്ബറിന് ഏക്കറേജ് അടിസ്ഥാനത്തിൽ വാർഷിക സെസ് ഏർപ്പെടുത്തണം എന്ന് നിർദ്ദേശിക്കുകയാണ്. ഇങ്ങനെ സമാഹരിക്കുന്ന തുക പൂർണ്ണമായും വിലസ്ഥിരതാ ഫണ്ടിലേക്കായി വകയിരുത്തുന്നതാണ്. ഇതു സംബന്ധിച്ച് കർഷകസംഘടനകളുമായി ചർച്ച ചെയ്തു പ്രത്യേക സ്കീമിന് രൂപം നൽകുന്നതാണ്.

**ആഡംബര നികുതികൾ**

206. കേരളത്തിന്റെ വിനോദ സഞ്ചാര മേഖല വികസനത്തിന്റെ ഒരു കുതിച്ചു ചാട്ടത്തിലാണ്. എന്നാൽ തദനുസൃതമായ ആഡംബര നികുതി വർദ്ധനവ് ഈ അവസരത്തിൽ നിർഭാഗ്യവശാൽ ദൃശ്യമല്ല. ഈ സാഹചര്യത്തിൽ ആഡംബര നികുതി വരുമാനം വർദ്ധിപ്പിയ്ക്കാനും ബന്ധപ്പെട്ട ഓഫീസുകളിലെ ഇതിന്റെ നടപടി ക്രമങ്ങൾ ലഘൂകരിയ്ക്കുവാനും ആഡംബര നികുതി നിയമത്തിൽ ഒരു സമഗ്രമായി ഉടച്ചു വാർക്കൽ നടത്താൻ ഞാനുദ്ദേശിയ്ക്കുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ എന്നിവയിൽ നിന്നും ലഭിയ്ക്കുന്ന മൊത്ത വരുമാനത്തിൽ നിന്നും പാചകം ചെയ്ത ആഹാരത്തിന്റെയും മദ്യത്തിന്റെയും മാത്രം വരുമാനം കുറച്ച് ബാക്കി വരുമാനത്തിൽ ആഡംബര നികുതി ചുമത്താൻ ഉദ്ദേശിക്കുന്നു. 5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കാനും ഞാൻ ഉദ്ദേശിയ്ക്കുന്നു. നികുതി ഘടന

യുക്തിസഹമാക്കുന്നതിന്റെ ഭാഗമായി ആഡംബര നികുതി എല്ലാവർക്കും 15 ശതമാനമായി നിജപ്പെടുത്താൻ ഉദ്ദേശിയ്ക്കുന്നു. ക്ലബ്ബുകളിലെ അംഗങ്ങൾക്ക് 100 രൂപ വീതം വാർഷിക നികുതി ചുമത്താനും ഉദ്ദേശിയ്ക്കുന്നു. ആഡംബരനികുതി ഏകീകരിക്കുന്നതിന്റെ ഭാഗമായി മേൽപ്പടി നിയമം കർശനമായി നടപ്പാക്കുന്നതിനും നികുതി പിരിക്കുന്നതിനും വേണ്ട യുക്തി സഹമായ നടപടികൾ സ്വീകരിക്കുന്നതാണ്.

207. ആഡംബര നികുതി നിയമ പ്രകാരം 2001-02 ൽ തീർപ്പാക്കേണ്ട എല്ലാ അസസ്മെന്റുകളുടെയും കാലാവധി 31.3.2007 വരെ നീട്ടാൻ ഉദ്ദേശിക്കുന്നു.

208 ഹോട്ടലുകൾക്ക് ആഡംബര നികുതി കോമ്പൗണ്ടിംഗ് നിരക്കിലടക്കാനുള്ള വ്യവസ്ഥ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഞാൻ ഈ സൗകര്യം ഹൗസ് ബോട്ടുകൾക്കും താഴെ പറയുന്ന നിരക്കിൽ ബാധകമാക്കാനുദ്ദേശിക്കുന്നു.

| ഇനം | | വാർഷിക കോമ്പൗണ്ടിംഗ് നികുതി |
|---|---|---|
| ഒരു മുറി | - | 20000 രൂപ |
| രണ്ടു മുറികളും അതിൽ കൂടുതലും | - | 30000 രൂപ |
| ശീതീകരിച്ച ഒരു മുറി | - | 35000 രൂപ |
| ശീതീകരിച്ച രണ്ടു മുറികളും അതിൽ കൂടുതലും | - | 50000 രൂപ |

209. പദ്ധതി ചിലവിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പശ്ചിമ ബംഗാളിലും കർണ്ണാടകയിലും നിലവിലുള്ളതുപോലെ കേബിൾ ടി.വി. നടത്തിപ്പുകാരുടെ വരുമാനത്തിനു 5 ശതമാനം ആഡംബര നികുതി ചുമത്താൻ ഉദ്ദേശിക്കുന്നു.

210. മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇരട്ട നക്ഷത്ര ഹോട്ടൽ വരെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യത്തിന്റെ വാങ്ങിയ വിലയുടെ 140 ശതമാനവും മറ്റ് പ്രദേശങ്ങളിൽ 135 ശതമാനവും അടിസ്ഥാനമാക്കി 10 ശതമാനം വിറ്റു വരവ് നികുതി അടച്ച്

കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുവാൻ അവസരം ഉണ്ടായിരുന്നു എന്നാൽ ഈ സമ്പ്രദായം റവന്യൂ വരുമാനത്തിൽ കുറവു വരുത്തുവാൻ ഇടയാക്കിയതുകൊണ്ട് ഒരു നിബന്ധന കൂടി ചേർത്ത് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് നിലവിലുള്ള നിരക്കനുസരിച്ചോ, കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കൊടുത്തതോ കൊടുക്കുവാൻ ബാധ്യതപ്പെട്ടതോ ആയ നികുതിയുടെ 125 ശതമാനം എന്നിവയിൽ ഏതാണോ കൂടുതൽ അതടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

211. ഹോട്ടലുകാർക്ക് പാകം ചെയ്ത ഭക്ഷണപദാർത്ഥങ്ങളുടെ ആദ്യ വിൽപ്പനക്കാർ ആയതു മൂലം അവർ വിൽക്കുന്ന ഇതര സാധനങ്ങൾക്ക് രണ്ടാം വിൽപ്പനക്കാരോ തുടർന്നുള്ള വിൽപ്പനക്കാരോ ആണെങ്കിലും അനുമാന നികുതി തിരഞ്ഞെടുക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഈ വ്യവസ്ഥ ഇത്തരം കച്ചവടക്കാരുടെ നികുതി നിർണ്ണയം വളരെ സങ്കീർണ്ണമാക്കുന്നു. ഇത് പരിഹരിക്കുവാൻ ബാർ ഹോട്ടലുകളും
നക്ഷത്ര ഹോട്ടലുകളും ഒഴികെയുള്ളവർക്ക് അവർ വിൽക്കുന്ന ഇതര സാധനങ്ങൾക്കും കോമ്പൗണ്ടിംഗ് നിരക്കിൽ നികുതി അടയ്ക്കുവാൻ അനുവദിക്കുന്നതാണ്

212 ഇരട്ട നക്ഷത്ര പദവി വരെയുള്ള ഹോട്ടലുകാർക്ക് പാകം ചെയ്ത ആഹാര പദാർത്ഥങ്ങൾക്ക് അവരുടെ മൊത്ത വിൽപ്പനയുടെ 15 ശതമാനം കോമ്പൗണ്ട് ചെയ്യുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. എന്നാൽ പല ബാർ ഹോട്ടലുകൾക്കും ഇതിലും കൂടുതൽ നികുതിവിധേയമായ വിറ്റുവരവ് റിട്ടേണുകളിൽ വെളിപ്പെടുത്തിയതിനാൽ വരുമാന നഷ്ടം ഒഴിവാക്കാൻ നിലവിലുള്ള കോമ്പൗണ്ടിംഗ് നിരക്കിലോ അല്ലെങ്കിൽ കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ ഏറ്റവും കൂടുതൽ വിൽപ്പന നടന്ന കാലയളവിൽ അടച്ചതോ അടയ്ക്കാൻ ബാധ്യതപ്പെട്ടതോ ആയ നികുതിയുടെ 125 ശതമാനം ഇവയിൽ കൂടുതൽ ഏതോ അതടച്ച് കോമ്പൗണ്ട് ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു.

213. സർ, ഭൂമിക്ക് ന്യായ വില നിശ്ചയിച്ചു വിജ്ഞാപനം പുറപ്പെടുവിക്കുന്നതു കഴിഞ്ഞ കുറെ കാലമായി സർക്കാരിന്റെ പരിഗണനയിലാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങൾ ഇത്തരം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും ആയത് സ്റ്റാമ്പ് ഡ്യൂട്ടി വരുമാന വർദ്ധനവിന് ഇടയാക്കിയിട്ടുമുണ്ട്. ഇതിനു പുറമെ ഓരോ പ്രത്യേക സ്ഥലത്തിന്റെയും വില മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതിനാൽ വിലയെപ്പറ്റി സാധാരണ ജനങ്ങൾക്കുള്ള അവ്യക്തത മാറി കിട്ടുകയും സ്റ്റാമ്പ് ഡ്യൂട്ടിയെ പറ്റിയുള്ള കാര്യങ്ങൾക്ക് സുതാര്യത ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അടുത്ത കാലത്തായി സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പിനായി വില തീരെ കുറച്ചു കാണിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പത്ത് ലക്ഷത്തോളം കേസുകൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി നിയമം നടപ്പിലാക്കുന്നതിന് സഹായകരമായി ഭൂമിയുടെ ന്യായ വില നിശ്ചയിക്കുന്ന സമ്പ്രദായം ഉടനടി കൊണ്ടുവരേണ്ടതാവശ്യമാണ്. അതിനാൽ സമയബന്ധിതമായി ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്ന സമ്പ്രദായം നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിനുശേഷം സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്ന കാര്യം ഞാൻ പരിഗണിക്കുന്നതാണ്..

നികുതിയേതര വരുമാനം

214. സംസ്ഥാന ബജറ്റിലെ നികുതി വരുമാനത്തെ ഒന്നിച്ച് ബാധിക്കുകയില്ലെങ്കിലും മുനിസിപ്പാലിറ്റി ആക്ടിൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരവും രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതി സമയ ബന്ധിതമായി പരിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നകാര്യത്തിന് ഞാൻ പ്രത്യേക ഊന്നൽ നൽകുകയാണ്. ഇത്തരത്തിലുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം ഗണ്യമായി വർദ്ധിപ്പിക്കും.

215. ഇതുവരെയായി സർക്കാർ ഭൂമി വ്യക്തികൾ നാമമാത്രമായ പാട്ട വാടകപ്രകാരം ക്ലബ്ബുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ

[illegible]ത്തിലാണ് ഇത്തരത്തിലുള്ള പല പാട്ടക്കാരും പാട്ടവ്യവസ്ഥകൾ ലംഘിച്ച് സ്ഥലം കീഴ്പാട്ടത്തിനും മറ്റ് ആവശ്യങ്ങൾക്കും മറ്റുള്ളവർക്ക് നൽകിവരുന്നുണ്ട് മാത്രമല്ല, നാമമാത്രമായ പാട്ട തുകയും ദീർഘമായ കുടിശികയായി കിടപ്പുണ്ട്. ഇത്തരത്തിലുള്ള പാട്ട കേസ്സുകൾ എല്ലാം നിയമപരമായി പരിശോധിച്ച് കുടിശിക പിരിച്ചെടുക്കുന്നതും പാട്ട നിരക്ക് അനുയോജ്യമായി പുതുക്കി നിശ്ചയിക്കുന്നതുമാണ്.

ലളിതമായ നടപടിക്രമങ്ങൾ

216. ഉൽപാദകരല്ലാത്ത വ്യാപാരികളുടെ ഡെലിവറി വാൻ പോലെയുള്ള വസ്തുക്കൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുവാനും നിലവിലുള്ള അവ്യക്തത ദൂരീകരിക്കുന്നതിന് സുവ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.

217. ഡ്യൂട്ടി എൻടൈറ്റിൽമെന്റ് പാസ്ബുക്ക് സ്കീമിനും അതിനു സമാനമായി സാധനങ്ങൾ വാങ്ങുന്നതിനുള്ള ലൈസൻസുകൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനും റീഫണ്ടിനുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്.

218. വ്യാപാരികളിൽ നിന്നും ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന ഈടു തുക ചില അവസരങ്ങളിൽ തിരികെ നൽകേണ്ടിവരുന്നു. അപ്രകാരം തുക തിരികെ നൽകേണ്ടതിന് നിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതാണ്.

219. ഏതെങ്കിലും കുറ്റത്തിന് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിയശേഷം നികുതി നിർണ്ണയം നടത്തുന്നതിനുള്ള നിയമ തടസ്സം നീക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതാണ്.

220. മൂല്യ വർദ്ധിത നികുതി നിയമത്തിലെ ഒന്ന്, മൂന്ന് പട്ടികകളിൽ വിജ്ഞാപനം വഴി വരുത്തിയ മാറ്റങ്ങൾ 1.4.2005 മുതൽ പ്രാബല്യത്തിൽ

വരുത്തിയതിനാൽ അവയ്ക്കു നിയമ സാധുത നൽകുവാനായി വേണ്ടപ്പെട്ട ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

221 ഉപയോഗിച്ച മോട്ടോർ വാഹനങ്ങളുടെ നിർവ്വചനത്തിൽ കുറഞ്ഞത് 15 മാസമെങ്കിലും ഉപയോഗിച്ച വാഹനങ്ങളെ ഉൾപ്പെടുത്തി ഇതു സംബന്ധിച്ച അവ്യക്തത നീക്കാൻ ഉദ്ദേശിക്കുന്നു.

222. ആദ്യമായി കേരളത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആദ്യ വാങ്ങലിൽ മേൽ നികുതി നൽകിയതിന്റെ തെളിവായി സ്വീകരിച്ച് അത്തരം വാഹനങ്ങളുടെ വാങ്ങിയ വിലയിൽ ഇളവു നൽകുവാൻ ഞാൻ ഉദ്ദേശിക്കുന്നു. എന്നാൽ അത്തരം വാഹനങ്ങളുടെ വാങ്ങൽ വില ക്രോസ്ചെയ്ത ചെക്ക്മൂലമോ ഡ്രാഫ്റ്റ് മൂലമോ നൽകേണ്ടതും പഴയവാഹനങ്ങൾക്ക് പകരമായി പുതുവാഹനങ്ങൾ വാങ്ങുകയാണെങ്കിൽ പുതുവാഹനത്തിന്റെ വിൽപ്പന ബില്ലിലെ വിലയിൽ പഴയവാഹനത്തിന്റെ വിലകുറച്ച് കാണിക്കേണ്ടതുമാണ്.

223. കേരള പൊതു വിൽപ്പന നികുതി, മൂല്യ വർദ്ധിത നികുതി, ആഡംബര നികുതി എന്നീ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി മുൻകാല പ്രാബല്യത്തോടു കൂടി ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം ഗവൺമെന്റിനു നൽകുവാൻ ഉദ്ദേശിക്കുന്നു

224 കേന്ദ്ര വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 14ൽ ഉൾപ്പെട്ട എല്ലാ ഇരുമ്പുരുക്ക് സാധനങ്ങളെയും കേരള പ്രവേശന നികുതി നിയമത്തിന്റെ പട്ടികയിൽ 9-ാം ഇനമായി ഉൾപ്പെടുത്തുന്നതിനു വേണ്ടി യുക്തമായ ഭേദഗതികൾ വരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. മൂല്യ വർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നതു മൂലം കേരള പൊതു വിൽപ്പന നികുതി നിയമം പട്ടിക 2 ഒഴിവാക്കിയതു കൊണ്ടാണ് ഇത്തരം ഭേദഗതി ആവശ്യമായി വന്നത്

പ്രോത്സാഹനങ്ങളും ഇളവുകളും

225. പുതിയ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ വ്യവസായ സംരംഭങ്ങൾക്ക് അവരുടെ മൂലധന വസ്തുക്കളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള 36 തവണ എന്നുള്ള വ്യവസ്ഥ 12 മാസമായി ചുരുക്കുന്നതാണ്

226 സർ, കുടുംബശ്രീ യൂണിറ്റുകളെ സ്വയം പര്യാപ്തമായ പ്രസ്ഥാനങ്ങളായി കെട്ടിപ്പടുക്കേണ്ട ആവശ്യമുണ്ട് അവരുടെ ഉൽപന്നങ്ങൾ മാർക്കറ്റിൽ വിൽക്കാൻകഴിഞ്ഞാൽ മാത്രമേ ഇതു സാദ്ധ്യമാകുകയുള്ളൂ കുടുംബശ്രീയുടെ ബ്രാന്റ് രൂപപ്പെടുത്തി പരസ്യങ്ങളിലൂടെ ജനസമ്മതയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നു ആയതിലേയ്ക്ക് കുടുംബശ്രീ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അവരുടെ ഉൽപന്നങ്ങളായ കൈകൊണ്ടു നിർമ്മിതമായ സോപ്പ്, സ്ക്വാഷ്, അച്ചാറുകൾ എന്നി നിർണ്ണയിക്കപ്പെടുന്ന പട്ടികയിലെ ഉൽപ്പന്നങ്ങൾ [illegible] ബ്രാന്റിൽ വിൽക്കുകയാണെങ്കിൽ അവയെ നികുതിയിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. മൈക്രോ എന്റർപ്രൈസസ്സിന്റെ നിലനിൽപ്പ് തന്നെ അസാധ്യമാകുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. മൈക്രോ എന്റർപ്രൈസസ്സ് ഉൽപ്പന്നങ്ങൾക്ക് പ്രത്യേക ബ്രാന്റ് വികസിപ്പിച്ചെടുക്കുന്നത് ഈ മേഖലക്ക് നേരിട്ടുള്ള പ്രോത്സാഹനമായിരിക്കുന്നതാണ്

227 സ്പെഷ്യൽ എക്കണോമിക് സോണിലെ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുള്ള നികുതിയിളവ് അവിടത്തെ ഡെവലപ്പേഴ്സിനും ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നു.

228. സർ, പൊതുമേഖലാ സ്ഥാപനങ്ങളെ എല്ലാ കാലത്തും നമ്മൾ പിന്തുണച്ചിട്ടുണ്ട്. എഫ്.എ.സി.ടി. യെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി അവരുടെ ദീർഘകാലമായ ആവശ്യം പരിഗണിച്ച് നാഫ്തയുടെ നികുതി നിരക്ക് നിലവിലുള്ള 12.5 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നു

229 അന്താരാഷ്ട്ര നാവിക പാതയിലുള്ള കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കുവാനുള്ള ഒരു അതുല്യമായ വ്യാപാരത്തിനുള്ള അവസരം ഇപ്പോൾ കൊച്ചിയിൽ നിലവിലുണ്ട്. കൊച്ചി തുറമുഖത്ത് നിന്നും പതിനൊന്ന് നോട്ടിക്കൽ മൈൽ മാത്രം അകലെയാണ് കപ്പൽപാത അതുകൊണ്ട് കൊച്ചിയിൽ നിന്നും നിറക്കുന്ന ഇന്ധനത്തിന് ആകർഷകമായി ഒരു നികുതി ഘടന നിലവിലുണ്ടായാൽ വിദേശ കപ്പലുകൾ കൊച്ചിയിൽ നിന്നും ഇന്ധനം നിറയ്ക്കുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തും. ഇതു പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശത്തേയ്ക്കു പോകുന്ന കപ്പലുകളിൽ നിറക്കുന്ന ഇന്ധനത്തെ നികുതിയിൽ നിന്നും ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഇതിന് ഒരു ശതമാനം ചാർജ്ജ് വസൂൽചെയ്യാൻ ഉദ്ദേശിക്കുന്നു.

230. നമ്മുടെ സമുദ്ര മത്സ്യ സമ്പത്തും മത്സ്യ തൊഴിലാളികളെയും സംരക്ഷിക്കേണ്ടതിനാൽ വിദേശ മത്സ്യ ബന്ധനയാനങ്ങൾക്കു മേൽപ്പറഞ്ഞ ആനുകൂല്യം ബാധകമല്ല. ഈ സൗകര്യം ട്രോളർ ഉടമകൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നില്ലെന്ന് ഞാൻ വ്യക്തമാക്കുന്നു. സർ, നമ്മുടെ തീരക്കടലിൽ അനിയന്ത്രിതമായി മത്സ്യബന്ധനം നടത്തുന്നതിനുള്ള ഏതൊരു നീക്കത്തെയും ഞങ്ങൾ ശക്തമായി എതിർക്കുന്നു ഭൂരിഭാഗം മത്സ്യതൊഴിലാളികൾക്കും സൗജന്യനിരക്കിലുള്ള മണ്ണെണ്ണപോലും നിഷേധിക്കുമ്പോൾ തീരക്കടൽ മത്സ്യബന്ധനം നടത്തുന്ന വിദേശ ട്രോളറുകൾക്ക് നികുതിയില്ലാതെ ഇന്ധനം നൽകുന്നത് അംഗീകരിക്കാനാവില്ല.

231. വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കും പ്ലാസ്റ്റിക്ക് പി വി സി എന്നീ തരം പൈപ്പിനും അതിന്റെ ഫിറ്റിംഗ്സിനും പ്രവേശന നികുതി ഏർപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു

232 സംസ്ഥാനസർക്കാരിന്റെ ആവശ്യത്തിനായി കൊണ്ടുവരുന്ന കടലാസിനെയും സംസ്ഥാനത്തിനകത്ത് സ്വന്തം ആവശ്യത്തിന് വേണ്ടി പൊതു മേഖല വിമാന കമ്പനികൾ കൊണ്ടു വരുന്ന സാമഗ്രികളെയും പ്രവേശനനികുതിയിൽ നിന്നും ഒഴിവാക്കാനുദ്ദേശിക്കുന്നു. കേരള സംസ്ഥാനത്തിനകത്ത് താത്ക്കാലിക ആവശ്യത്തിനു അന്യ

സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് ഒരു മാസത്തിനകം തിരിച്ചു കൊണ്ടുപോകുന്ന സാധനങ്ങൾക്ക് ഈടാക്കിയ പ്രവേശന നികുതി കമ്മീഷണറുടെ അനുവാദത്തോടുകൂടി റീഫണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്നു.

233. സർ, നമ്മുടെ തോട്ടം മേഖലയുടെ സ്ഥിതി വളരെ പരിതാപകരമാണ്. കാപ്പി, തേയില, കുരുമുളക്, ഏലം മേഖലയിലെ കമ്പനികളൊഴികെയുള്ളവർക്ക് ആശ്വാസമേകുന്നതിനു വേണ്ടി അവരെ ഒരു വർഷത്തേക്കു കാർഷിക ആദായ നികുതിയിൽ നിന്നും ഒഴിവാക്കാനുദ്ദേശിക്കുന്നു.

234. സർ, നമ്മുടെ കേര കർഷകർ ഇന്നു ഒരു പ്രതിസന്ധിയിലാണ്. വില തകർച്ച കാരണം നട്ടം തിരിയുന്ന കേര കർഷകരെ സഹായിക്കുന്നതിലേയ്ക്കായി നാളികേരത്തിനെ ഒരു വർഷത്തേയ്ക്ക് മൂല്യ വർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കാനുദ്ദേശിക്കുന്നു.

235. മിലിറ്ററി കാന്റീനുകൾക്ക് അവയുടെ ക്രയവിക്രയങ്ങൾക്ക് കേരള മൂല്യ വർദ്ധിത നികുതി നിയമ പ്രകാരമുള്ള നികുതിനിരക്കിൽ കുറവു നൽകാൻ മേൽപ്പടി നിയമത്തിൽ വ്യക്തമായ ഭേദഗതി കൊണ്ടുവരുന്നതാണ്.

## ഭാഗം – 4

236. സർ, 2006 ഫെബ്രുവരിയിൽ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ 2006-07 സാമ്പത്തിക വർഷത്തിൽ 4731.71 കോടി രൂപയുടെ റവന്യൂ കമ്മിയും 6834.55 കോടി രൂപയുടെ ധനക്കമ്മിയും ഉണ്ടാകുമെന്നാണ് സൂചിപ്പിച്ചിരുന്നത്. എന്നാൽ ഇത് ഒഴിവാക്കാനാവാത്ത പല ബാധ്യതകളും കണക്കിലെടുക്കാതെയുള്ള ഒരു അയഥാർത്ഥ ചിത്രം മാത്രമാണ് നൽകുന്നത്. ഇത്തരം അധിക ബാധ്യതകളും കൂടി കണക്കിലെടുക്കുമ്പോൾ 2006 - 07 ലെ റവന്യൂ ചെലവ് ഗണ്യമായി

വർദ്ധിക്കുമെന്ന കാര്യം എവർക്കും വ്യക്തമാണ്. ശക്തമായ നടപടികളിലൂടെ റവന്യൂ വരുമാനം ഒരളവു വരെ വർദ്ധിപ്പിക്കാനാവുമെന്ന പ്രതീക്ഷ പുലർത്തുമ്പോഴും റവന്യൂ വരുമാനവും റവന്യൂ ചെലവും തമ്മിലുള്ള അന്തരം പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധിച്ചതായിരിക്കുമെന്ന വസ്തുത അവശേഷിക്കുന്നു. ഇത് സ്വാഭാവികമായും വിഭവ ലഭ്യതയിലെ കുറവു നികത്താനായി കടമെടുപ്പിനെ ആശ്രയിക്കാൻ സർക്കാരിനെ നിർബന്ധിതമാക്കും. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചു കൊണ്ട് കടമെടുപ്പിന്റെ ആഘാതം പരമാവധി കുറയ്ക്കുന്നതിനുള്ള ഒരു തന്ത്രമാണ് സർക്കാർ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നത്.

237. 2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ സംഗ്രഹം ഇനി പറയുന്ന പ്രകാരമാണ്.

| ഇനം | പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് 2006-07 (രൂപ കോടിയിൽ) |
|---|---|
| റവന്യൂ വരവ് | 19140.04 |
| റവന്യൂ ചെലവ് | 24554.82 |
| റവന്യൂ കമ്മി | (-) 5414.78 |
| മൂലധന ചെലവ് | 1398.95 |
| വായ്പകളും മുൻകൂറുകളും (അറ്റം) | (-) 720.81 |
| പൊതു കടം (അറ്റം) | 5678.69 |
| പൊതു കണക്ക് (അറ്റം) | 1743.89 |
| ആകെ കമ്മി | (-) 111.96 |
| മുൻ വർഷ കമ്മി | (-)481.32 |
| പ്രഖ്യാപിച്ച പുതിയ ചെലവുകൾ | 228.28 |
| പ്രഖ്യാപിച്ച അധിക വിഭവസമാഹരണം | 105.00 |
| വർഷാന്ത്യ കമ്മി | (-) 716.56 |

## ഉപസംഹാരം

238. സഖാവ് വി എസ് അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഥമ ബജറ്റ് ഞാൻ അവതരിപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാനം രൂപീകൃതമായതിന്റെ കനക ജൂബിലി വർഷമാണിത്. കേരളത്തിന്റെ വികസനത്തിന് പുതിയൊരു ജനാധിപത്യദിശാബോധം നൽകിക്കൊണ്ട് ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നു. കേരളത്തിന്റെ പ്രഥമ ധനകാര്യ മന്ത്രിയായിരുന്ന ശ്രീ സി അച്യുതമേനോൻ പ്രഥമ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ഇന്നും സാധുവാണ് "റവന്യൂ കമ്മി തുടർന്നു നിൽക്കുന്ന പ്രശ്നം നമ്മുടെ ഗൗരവപൂർവ്വമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു വിഷയമാണ് സംസ്ഥാന ബജറ്റുകളിൽ കൊല്ലം തോറും കൂടികൂടി വരുന്ന കമ്മിയുണ്ടാകുന്നത് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ ഉലയ്ക്കുന്ന ഒരു ഭീഷണിയാണെന്ന വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ അതുകൊണ്ടാണ്. പുതിയ നികുതി നിർദ്ദേശങ്ങൾ ഈ ഗവൺമെന്റ് ധൈര്യപൂർവ്വം കൊണ്ടുവന്നത് മറ്റ് മിക്ക സ്റ്റേറ്റുകളും കമ്മി ബജറ്റ് അവതരിപ്പിച്ച ഒരു സന്ദർഭത്തിലാണ് ഈ ഗവൺമെന്റ് ഇപ്രകാരം നടപടി എടുത്തത് എന്നോർക്കണം. . . . . കൂടുതൽ നികുതികൾക്കുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുമ്പോൾ ആ നികുതികൾ സമൂഹത്തിന്റെ ഒരു ഭാഗത്തിന്മേൽ വളരെ കനത്ത ഭാരമേൽപ്പിക്കാതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പൊതുജനങ്ങൾ ഈ ഭാരം സന്തോഷത്തോടെ സഹിക്കുമെന്ന് ഗവൺമെന്റ് ആശിക്കുന്നു. കാരണം തങ്ങളുടെ സംഭാവന സമൂഹത്തിനൊട്ടാകെ ഗുണകരമായിട്ടുള്ള പദ്ധതികൾക്കാണ് വിനിയോഗിക്കപ്പെടുന്നതെന്ന് അവർക്കറിയാം"

239. പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാരിനെ സഹായിക്കുന്നതിന് സത്യബ്രതസെൻ. അശോക്മിത്ര. ഇക്ബാൽ ഗുലാത്തി തുടങ്ങിയ ഒട്ടേറെ ഉത്പതിഷ്ണുക്കളായ പണ്ഡിതന്മാർ കേരളത്തിലേക്ക് വന്നിരുന്നു. ചെറുപ്പക്കാരനായ പ്രൊഫ. ഗുലാത്തി അന്നത്തെ

ഇക്കണോമിക് വീക്കിലിയിൽ ബജറ്റിനെ തുടർന്നെഴുതിയ കയർ കർട്ടന് പിന്നിൽ എന്ന ലേഖന പരമ്പരയിൽ പുതിയ ബജറ്റിനെ ശ്ലാഘിച്ചുകൊണ്ട് 3 കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. കേരളത്തിന്റെ സങ്കീർണ്ണമായ വികസന പ്രശ്നങ്ങളോട് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള സമീപനം, കേന്ദ്രസർക്കാരിൽ നിന്നു പ്രത്യേക പരിഗണനയ്ക്ക് വേണ്ടിയുള്ള അവകാശവാദം, അതോടൊപ്പം തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി. ഇത് തന്നെയാണ് ഈ 50 ാം വാർഷികവേളയിലെയും ബജറ്റിന്റെ സമീപനം.

240. എന്നാൽ ഒന്നാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്സിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് അടിവരയിട്ടു പറഞ്ഞതുപോലെ കേരളം ഇന്നു നേരിടുന്ന വെല്ലുവിളികൾ വ്യത്യസ്തമാണ്. ഈ ആഗോളവത്കരണ കാലഘട്ടത്തിൽ ഈ വെല്ലുവിളികളെ നേരിട്ടുകൊണ്ട് സംസ്ഥാനത്തെ വികസന പ്രക്രിയയെ മുന്നോട്ടു നയിക്കുന്നതിന് ഒരു പുതിയ അജണ്ട കൂടിയേ തീരൂ. ഇതു സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു സർക്കാരാണ് അധികാരത്തിൽ വന്നിട്ടുള്ളത്. ആ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിനുള്ള ആദ്യ കാൽവെപ്പാണ് 2006-07 ലെ പുതുക്കിയ ബജറ്റ്

241. സർ, 2006-07 ലെ പുതുക്കിയ ബജറ്റ് ഞാൻ സഭയുടെ മുന്നിൽ സമർപ്പിക്കുന്നു. അടുത്ത 3 മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് ഞാൻ അവതരിപ്പിക്കുന്നു. അവയ്ക്ക് ഈ സഭയുടെ നിർലോഭമായ പിന്തുണയും അംഗീകാരവും ഞാൻ അഭ്യർത്ഥിക്കുന്നു

**ജയ്ഹിന്ദ്**